# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വർക്കല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: **lfadtvm@yahoo.in**

ഫോൺ : **0471-2331231**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ എം.എൽ./241/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/03/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വർക്കല മുനിസിപ്പാലിറ്റി

സർ,

വിഷയം : വർക്കല മുൻസിപ്പാലിറ്റിയുടെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം./എം.എൽ./241/2025 തീയ്യതി: 27/03/2025

## തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 92 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ.ജി. | ജോയിന്റ് ഡയറക്ടർ | 16-01-2025 | 29-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2025 | 29-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സാബു ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ബിന്ദു ഒ., ഓഡിറ്റ് ഓഫീസർ

ശ്രീ പ്രദീപ് കുമാർ ആർ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സജേഷ് ആർ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശരത് ജെ.ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജിജോ ജെ.നായർ, ഓഡിറ്റർ
ശ്രീ.അജിത്ത് ആർ.കെ.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എം.ലാജി | ചെയർമാൻ | 01-04-2023 | 31-03-2024 |
| ശ്രീ.ഡി.വി.സനൽകുമാർ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മൻമദൻ.പി.സി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.സന്തോഷ് കുമാർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.മനോജ്.എം. | ഹെൽത്ത് ഓഫീസർ | 01-04-2023 | 24-07-2023 |
| ശ്രീ.പ്രകാശ്.എസ്. | ഹെൽത്ത് ഓഫീസർ | 25-07-2023 | 31-03-2024 |
| ശ്രീമതി രേഖ.കെ.എം. | പ്രോജക്ട് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.രാധാകൃഷ്ണൻ.എസ്. | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ബൈജു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി റിജി.ജി.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.അനിൽ.വി. | മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി | 01-04-2023 | 31-03-2024 |
| ഡോ.രാജശ്രീ.ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീ.ഷൈൻ.എസ്.എസ് | ഹെഡ്മാസ്റ്റർ, GLPBS കുരയ്ക്കണ്ണി | 01-04-2023 | 31-03-2024 |
| ശ്രീമതി സിന്ധു.ആർ. | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | 01-04-2023 | 23-10-2023 |
| ശ്രീമതി നിഷ.എ.സലിം | ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്, ഡയറി | 24-10-2023 | 31-03-2024 |
| ശ്രീമതി ഇന്ദു ഗോപൻ | എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | 01-04-2023 | 28-04-2023 |
| ശ്രീ.ബിനു.എസ്.പി. | എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | 29-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.സ്റ്റാൻലി.ജി.എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി കൃഷ്ണകുമാരി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കെ-സ്മാർട്ട് – ആപ്ലിക്കേഷൻ – പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B-1 ഷെഡ്യൂൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-7 |
| 9 | വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-9 |
| 11 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | നഗരസഭയുടെ തനത്ഫണ്ടിന്റെ റീകൺസിലീയേഷൻ കൃത്യമായ രീതിയിൽ നടന്നിട്ടില്ല | 1-1-11 |
| 13 | ആസ്തിയിലധികരിച്ച് ഡിപ്രീസിയേഷൻ നൽകിയിരിക്കുന്നു | 1-1-12 |
| 14 | സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | Capital Work In Progress ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-15 |
| 17 | Equity Shares തുകയായ 20,00,000/- രൂപയുടെ ആധികാരികത ഉറപ്പിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല | 1-1-16 |
| 18 | Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-17 |
| 19 | വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ | 1-1-18 |
| 20 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 21 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 22 | സാമ്പത്തിക നില | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികൾ | 1-6 |
| 27 | ക്യാഷ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉടമകളുടെ വസ്തു നികുതി ഒഴിവാക്കി നൽകിയതിൽ അപാകത | 1-11-1 |
| 32 | പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികതി ഒഴിവാക്കി നൽകൽ - നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ല | 1-11-2 |
| 33 | പാർപ്പിടങ്ങൾക്ക് തെറ്റായ നികുതിയിളവ് രേഖപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കി | 1-11-3 |
| 34 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-11-4 |
| 35 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയത്തിൽ അപാകത | 1-11-5 |
| 36 | വിമുക്ത ഭടന്മാർക്ക് വസ്തുനികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇളവ് നൽകി | 1-11-6 |
| 37 | റിസോർട്ടുകളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു | 1-11-7 |
| 38 | വസ്തുനികുതി പുനർനിർണയം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നികുതി പിരിവ് നടപ്പാക്കുന്നു | 1-11-8 |
| 39 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-11 |
| 40 | നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിശോധിക്കാതെ അധിക നിർമ്മാണത്തിന് അനുമതി | 1-12-1 |
| 41 | പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-12-2 |
| 42 | കെട്ടിടത്തിന്റെ മുകളിൽ അനധികൃത നിർമ്മാണം നടത്തി ട്യൂഷൻ സെന്റർ പ്രവർത്തനം - തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-12-3 |
| 43 | പൊതുമരാമത്ത് റോഡിനോട് ചേർന്ന് അനധികൃത നിർമ്മാണം - പരിശോധനകൾ കാര്യക്ഷമമല്ല | 1-12-4 |
| 44 | നഗരസഭയുടെ അനുമതി കൂടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - നികുതി ഈടാക്കുന്നതിലും അപാകം | 1-12-5 |

| | | |
|---|---|---|
| 45 | സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗിന്റെയും അസംബ്ലി ഹാളിന്റെയും നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-12-6 |
| 46 | വർക്കല തീരദേശത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ - സർക്കാർ ഭൂമിയിലെ ഒഴിപ്പിക്കൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-12-7 |
| 47 | കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ സൂക്ഷിപ്പിലും തുടർനടപടികളിലും അപാകം | 1-12-8 |
| 48 | കെട്ടിട നിർമ്മാണ പെർമിറ്റ്, അനധികൃത നിർമ്മാണം - അപാകങ്ങൾ | 1-12 |
| 49 | തൊഴിൽ നികുതി - വിവിധ അപാകങ്ങൾ | 1-13 |
| 50 | സ്ലോട്ടർ ഹൗസിന്റെ ലേലം - നിബന്ധനകൾ പാലിക്കാതെ ലേലം അംഗീകരിച്ചു നൽകി - 82,474/- രൂപയുടെ നഷ്ടം | 1-14 |
| 51 | കടമുറികളിൽ നിന്നും ബങ്കുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല | 1-15 |
| 52 | പാപനാശം ബീച്ചിലെ അഡ്വെഞ്ചർ ടൂറിസം - സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 53 | മൈതാനം പാർക്ക് വാടക – തുക പിരിച്ചെടുക്കുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും അപാകം | 1-17 |
| 54 | ഭക്ഷണ ശാലകളിലെ ആരോഗ്യവിഭാഗത്തിന്റെ പരിശോധന – തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-18 |
| 55 | നിരോധിത പ്ലാസ്റ്റിക് ഉപയോഗം - ചട്ട ലംഘനം നടത്തിയവരിൽ നിന്നും പിഴത്തുക ഈടാക്കിയിട്ടില്ല | 1-19 |
| 56 | IFTE & OS ലൈസൻസ് - വിവിധ അപാകങ്ങൾ | 1-20 |
| 57 | Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നൽകിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 58 | ഹോം സ്റ്റേ, ടെമ്പററി ഷെഡ് ലൈസൻസ് നൽകൽ - വിവിധ അപാകങ്ങൾ | 1-22 |
| 59 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ | 1-23 |
| 60 | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് റിപ്പയറിംഗിന് നൽകിയ ട്രാക്ടർ ഉപയോഗ രഹിതമായ അവസ്ഥയിൽ ലേലം ചെയ്തു | 1-24 |
| 61 | ലൈബ്രറി പ്രവർത്തനം - തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 62 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നു | 1-26 |
| 63 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം | 1-27 |
| 64 | നികുതി പിരിവ് കാര്യക്ഷമമല്ലത്തതിനാൽ വികസന ഫണ്ട് സർക്കാർ കുറവ് ചെയ്തു – വിവിധ കുടിശ്ശിക തുകകൾ കാലഹരണപ്പെടുന്നു | 1-28 |
| 65 | തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല | 1-29 |
| 66 | ടെണ്ടർ ഫോറം വില – നഗരസഭാ സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ | 1-30 |

| | | |
|---|---|---|
| | ചെയ്തിട്ടില്ല | |
| 67 | ഇൻഷ്വറൻസ് പോളിസി രേഖകൾ ഹാജരാക്കിയില്ല - 6,109/- രൂപ പിഴ ഈടാക്കേണ്ടതാണ് | 1-31 |
| 68 | ഹരിത കർമ്മസേന പ്രവർത്തനം - അവലോകനം | 1-32 |
| 69 | പത്ര പരസ്യം - പത്ര സ്ഥാപനങ്ങൾക്ക് നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ് | 1-33 |
| 70 | കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ചെലവ് തുക നൽകിയതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-34 |
| 71 | വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം അപാകങ്ങൾ | 1-35 |
| 72 | ആസ്തി സംരക്ഷണം- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ് | 1-36 |
| 73 | ആസ്തി സംരക്ഷണം - കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-37 |
| 74 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - പദ്ധതിയിലെ അപാകങ്ങൾ | 1-38 |
| 75 | മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര വാഹനവും ഐസ് ബോക്സും നൽകൽ - പദ്ധതികളിലെ അപാകങ്ങൾ | 1-39 |
| 76 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല – 24,23,419/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-40 |
| 77 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് - പ്രവർത്തന വിവരങ്ങൾ ലഭ്യമല്ല | 1-41 |
| 78 | പദ്ധതി രൂപീകരണം, നിർവ്വഹണം - പ്രോജക്ടിലെ അപാകതകൾ | 1-42 |
| 79 | വീടുകളിൽ പൈപ്പ് കണക്ഷൻ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു - 5,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-43 |
| 80 | പി.എം.എ.വൈ-ലൈഫ് - ചെലവ് വിവരം വ്യക്തമല്ല - 10,64,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-44 |
| 81 | ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ വാങ്ങലും സ്ഥാപിക്കലും - തുടർ നടപടി അനിവാര്യം | 1-45 |
| 82 | നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,608/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-46 |
| 83 | കറവപ്പശു വളർത്തൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-47 |
| 84 | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചു | 1-48 |
| 85 | കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-49 |
| 86 | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ പദ്ധതി - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 1-50 |
| 87 | വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം പദ്ധതി | 1-51 |

| | | |
|---|---|---|
| | 2020-21 - നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | |
| 88 | ഭവന പുനരുദ്ധാരണം - ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല | 1-52 |
| 89 | പഠനമുറി നിർമ്മാണം - ധനസഹായം കൈപറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 1-53 |
| 90 | സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - അനുബന്ധ രേഖകളുടെ അഭാവത്തിൽ 4,79,892/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-54 |
| 91 | കോൺക്രീറ്റ് പ്രവൃത്തി - പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല | 1-55 |
| 92 | റ്റി.എസ്. കനാൽ റോഡ് ഡ്രെയിൻ നിർമ്മാണം - പദ്ധതി ഭാഗികമായി നിർവ്വഹിച്ച ശേഷം ഉപേക്ഷിച്ചു | 1-56 |
| 93 | നഗരസഭ ടൗൺ ഹാൾ നവീകരണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല | 1-57 |
| 94 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - പ്രോജക്ട് പ്രകാരം തനത് ഫണ്ട് വിനിയോഗിച്ചില്ല | 1-58 |
| 95 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-59 |
| 96 | അങ്കവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതമായ തുക പൂർണ്ണമായും ചിലവഴിച്ചില്ല | 1-60 |
| 97 | സ്നേഹസ്പർശം സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ | 1-61 |
| 98 | കൃഷി ഓഫീസർ നിർവ്വഹണ നടത്തിയ പദ്ധതിയിലെ അപാകം | 1-62 |
| 99 | ഹരിത ഭവനം പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകങ്ങൾ | 1-63 |
| 100 | വീട് വാസയോഗ്യമാക്കൽ പദ്ധതി അപാകം സംബന്ധിച്ച് - | 1-64 |
| 101 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - വിവിധ അപാകങ്ങൾ | 1-65 |
| 102 | ടേക്ക്-എ-ബ്രേക്ക് – വിശ്രമകേന്ദ്രം പ്രവർത്തിക്കുന്നില്ല - തുടർ നടപടി അനിവാര്യം | 1-66 |
| | ഭാഗം **2** | |
| 1 | സ്ലോട്ടർ ഹൗസിന്റെ ലേലം - നിബന്ധനകൾ പാലിക്കാതെ ലേലം അംഗീകരിച്ചു നൽകി- 82,474/- രൂപയുടെ നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടക ഇനത്തിൽ അധികമായി നൽകിയ 16,608/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വർക്കല നോർത്ത് ക്ലിഫ് നടപ്പാതയോട് ചേർന്നുള്ള ഹെലിപാഡ് മുതൽ തിരുവമ്പാടി വരെയുള്ള നിർമ്മാണങ്ങളുടെ വിവരങ്ങൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 കെ-സ്മാർട്ട് – ആപ്ലിക്കേഷൻ – പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും

നഗരപാലികാ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ നിന്നും 01.01.2024 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കെ-സ്മാർട്ട് എന്ന പുതിയ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിലേക്കുള്ള പരിവർത്തനത്തിലെ പൊരുത്തക്കേടുകൾ മൂലം 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ, ആസ്തി / ബാധ്യതാ നിർണ്ണയങ്ങളിൽ ഉൾപ്പെടെ നിരവധി അവ്യക്തതകളും അപാകങ്ങളും നിലനിൽക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അപാകങ്ങളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

1) ഹെഡ്-വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ല-
ഹെഡ്-വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ഓരോ വരുമാന ശീർഷകത്തിലും ഡിമാൻഡ് തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ സാധ്യമല്ല.

2) സാംഖ്യയിൽ അനുവദിച്ചിരുന്ന ചില അക്കൗണ്ട് ഹെഡുകൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. സാംഖ്യയിൽ അനുവദിച്ചിരുന്ന ചില വരുമാനവും ചെലവുകളും സംബന്ധിച്ച ചില ഹെഡുകൾ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തപ്പെടാത്തത് കാരണം അതത് ശീർഷകങ്ങളിലെ വരവ്-ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല.

3) കെ-സ്മാർട്ടിൽ നിന്ന് 01/01/2024 – 31/03/2024 കാലയളവിലെ ഡാറ്റ സാംഖ്യയിലേക്ക് പോർട്ട് ചെയ്തെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
2023-24 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക തയ്യാറാക്കുന്നതിനായി കെ-സ്മാർട്ടിൽ നിന്ന് സാംഖ്യയിലേക്ക് ഡാറ്റ പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അതിനാൽ പോർട്ട് ചെയ്യപ്പെട്ട ഡാറ്റ പൂർണ്ണമാണോ, യഥാർത്ഥമാണോ എന്ന് വിലയിരുത്താൻ കഴിയുന്നില്ല.

4) കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തു നികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇപോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇപോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക്ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. വർക്കല മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2024 തീയതിയിലെ 1/1 തീരുമാനം പ്രകാരം അംഗീകരിച്ച് 24.09.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ

ഉത്തരവാദിത്തം.

2. സി. & എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വർക്കല നഗരസഭയുടെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-1-3 തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B-1 ഷെഡ്യൂൾ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല

മുനിസിപ്പൽ ജനറൽ ഫണ്ടിന്റെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും Schedule B-1 (ഡീറ്റെയ്ൽഡ് ഷെഡ്യൂൾ) പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | General Fund | | Excess Of Income Over Expenditure | | Total Municipal General Fund | |
|---|---|---|---|---|---|---|
| | ബാലൻസ് ഷീറ്റ് പ്രകാരം | **B-1** ഡീറ്റെയ്ൽഡ് ഷെഡ്യൂൾ പ്രകാരം | ബാലൻസ് ഷീറ്റ് പ്രകാരം | **B-1** ഡിറ്റെയ്ൽഡ് ഷെഡ്യൂൾ പ്രകാരം | ബാലൻസ് ഷീറ്റ് പ്രകാരം | **B-1** ഡിറ്റെയ്ൽഡ് ഷെഡ്യൂൾ പ്രകാരം |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| **2022-23** നീക്കിയിരിപ്പ് | -79658059.40 | 10437565.51 | 42193156 | 47902468.91 | 37464903.40 | 37902468.91 |
| **2023-24** നീക്കിയിരിപ്പ് | -37464903.40 | 10437565.51 | 15516030 | 32386438.91 | -21948873.40 | 21948873.40 |

സാംഖ്യ സോഫ്റ്റ്‌വെയറിന്റെ അപാകത മൂലമാണ് പ്രസ്തുത വ്യത്യാസം ഉണ്ടായിരിക്കുന്നതെന്നും ടി അപാകം ഐ.കെ.എം.-നെ അറിയിച്ചിട്ടുള്ളതാണെന്നും ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കാൻ ഐ.കെ.എം.-ന് കത്ത് നൽകാവുന്നതാണ്.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 15(2) പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. അക്രൂവൽ ബേസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റമാണ് മുൻസിപ്പാലിറ്റികളിൽ തുടർന്ന് വരുന്നതെന്നും ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ മാത്രമാണ് ആ വർഷത്തെ ഡിമാന്റ് കൊടുക്കാറുള്ളതെന്നും ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. മറുപടി പ്രകാരം നഗരസഭ ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ മാത്രമാണ് ഡിമാൻഡ് രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ, 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടം 15(2) പ്രകാരം, എല്ലാ മാസവും ഡിമാൻഡിന്റെ സമഗ്ര അവലോകനം തയ്യാറാക്കി ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. അതിനാൽ, പ്രതിമാസ ഡിമാൻഡ് രജിസ്റ്റർ, ജേണൽ എൻട്രികൾ, ലെഡ്ജർ എന്നിവ പരിശോധിച്ച് അതിന് അനുസൃതമായി വരും വർഷങ്ങളിൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണം: 2023 മാർച്ചിലെ ടെലിഫോൺ ചാർജ്ജ്, ഇന്ധനചെലവ്, വൈദ്യുതി) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. കിട്ടാക്കടങ്ങൾക്കാണ് (BAD DEBTS) സാധാരണയായി പ്രൊവിഷൻ കൊടുക്കുന്നത് എന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം നഗരസഭ അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് പാലിക്കേണ്ടതുണ്ട്. ആയതിനാൽ, സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബി-9 ഷെഡ്യൂളിൽ Provision നൽകേണ്ടതാണ്. കിട്ടാക്കടങ്ങൾ മാത്രമല്ല, സാമ്പത്തിക ബാധ്യതകളായ മറ്റ് ചെലവുകളും Provision ആയി രേഖപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ആവശ്യമായ ക്രമീകരണങ്ങൾ വരും വർഷങ്ങളിൽ വരുത്തേണ്ടതാണ്.

## 1-1-6 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2023-24 വർഷാന്ത്യത്തിൽ നഗരസഭയിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തന്നെയാണ് തൻവർഷവും നിലനിൽക്കുന്നത്. രജിസ്റ്ററിൽ സാധാരണയായി ഇനങ്ങളുടെ എണ്ണം മാത്രം രേഖപ്പെടുത്തുന്നതിനാൽ മൂല്യനിർണയം നടത്തുന്നത് പ്രയാസമാണെന്നും, വരും വർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റ്

അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. വരും സാമ്പത്തികവർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-1 ഷെഡ്യൂളിൽ Profession Tax ഇനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് 140400199 - Other Fees ഹെഡ്കോഡിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക (രൂ.) |
|---|---|---|
| 1 | 123380900279/13.04.2023 | 727 |
| 2 | 123380900283/25.09.2023 | 398 |

പ്രസ്തുത തുകയെക്കുറിച്ച് വ്യക്തത ഇല്ലാത്തതിനാലാണ് Other Fee ശീർഷകത്തിൽ ഉൾപ്പെടുത്തിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. രസീത് വിശദാംശങ്ങൾ പരിശോധിച്ച്, പ്രൊഫഷൻ ടാക്സിന്റെ ഏത് ശീർഷകത്തിലാണ് പ്രസ്തുത വരുമാനം വരുന്നതെന്ന് കണ്ടെത്തി ആ ശീർഷകത്തിലേക്ക് തുക മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക RP40(b), B17 എന്നീ ഷെഡ്യൂളുകൾ പ്രകാരം ചുവടെ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് (B17, RP40(b) പ്രകാരം) |
|---|---|
| Canara Bank ICDS(18201) | 897334 |
| Indian Overseas Bank ICDS A/C | 0 |
| Indian Bank – Covid 78654* | 33805 |

* പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ 27/04/2023 വരെയുള്ള സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമായിട്ടുള്ളത് ഇത് പ്രകാരം നീക്കിയിരിപ്പ് 33868.65/- രൂപ ആണ്.

പാസ്സ്ബുക്കുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽസൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ നൽകിയിരിക്കുന്ന തുകകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

| അക്കൗണ്ട് | ചെക്ക് നം./തീയതി | തുക (രൂ.) |
|---|---|---|
| Canara Bank(Own Fund) | 171246, 06/06/2023 | 330000/- |
| Indian Overseas Bank(Own Fund) | 410902, 02/09/2023 | 17080/- |

Canara Bank (Own Fund) 171246 നമ്പർ ചെക്ക് റിട്ടേൺ ആയതായും, കാനറാബാങ്കിന്റെ 410902 നമ്പർ ചെക്ക് തെറ്റായി ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ റീകൺസിലേഷൻ പത്രികയിൽ ഉൾപ്പെട്ടതായി തിരിച്ചറിയുകയും, ഈ തെറ്റുകൾ പരിഹരിച്ചിട്ടുണ്ടെന്നും പുതിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം. 17ന്റെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. പുതിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. റിട്ടേൺ ആയ ചെക്കിന്റെ അക്കൗണ്ടിംഗ് ഇടപാട് ശരിയായി ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-1-10 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

**A.** IOB PF അക്കൗണ്ട് നം. 032101000031246-ന്റെ പാസ്സ്ബുക്ക് പ്രകാരമുള്ള 31.03.2024ലെ നീക്കിയിരിപ്പ് 8,799.15 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്സ്ബുക്ക് ബാലൻസ് 8,653.0 രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എടുത്ത് തന്നതിലുള്ള അപാകമാണെന്ന് മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം. 17). ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**B.** IOB (AMRATHAM GAMAYA) അക്കൗണ്ട് നം. 032101000030686-ന്റെ പാസ്സ്ബുക്ക് പ്രകാരമുള്ള 31.03.2024ലെ നീക്കിയിരിപ്പ് 1,29,943.50 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്സ്ബുക്ക് ബാലൻസ് 18,78,943.10 രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അക്കൗണ്ട് ഒരു ഓട്ടോസ്വീപ്പ് അക്കൗണ്ടാണെന്നും ഇടവേളകളിലായി ഒരു നിശ്ചിത തുക ബാങ്ക് ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റിലേക്ക് മാറ്റിക്കൊണ്ടിരിക്കുമെന്നും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ പലതവണ ആവശ്യപ്പെട്ടെങ്കിലും ബാങ്കിൽ നിന്ന് FFD-യ്ക്ക് Seperate സ്റ്റേറ്റ്മെന്റ് തന്നിട്ടില്ലെന്നും അറിയിച്ചു. ആയതിനാൽ മുൻവർഷത്തെ ബാലൻസ് തുകയിൽ നിന്നും Interest ആയി ലഭിച്ച തുകകൾ കൂട്ടി ബാങ്ക് ചാർജ്ജസ് കുറച്ച് കിട്ടിയ തുകയാണ് ക്ലോസിംഗ് ബാലൻസ് ആയി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. അക്കൗണ്ട് ഓട്ടോ-സ്വീപ്പ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്നതിനാൽ, FFD സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് മുമ്പ് മുൻകൂട്ടി ബാങ്കിൽ നിന്ന് സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. ഭാവിയിൽ ഓട്ടോ-സ്വീപ്പ് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട എല്ലാ ഡെപ്പോസിറ്റുകൾക്കും ആവശ്യമായ രേഖകൾ മുൻകൂട്ടി ബാങ്കിൽ നിന്ന് സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## 1-1-11 നഗരസഭയുടെ തനത്ഫണ്ടിന്റെ റീകൺസിലിയേഷൻ കൃത്യമായ രീതിയിൽ നടന്നിട്ടില്ല

1) നഗരസഭയുടെ തനത്ഫണ്ടിന്റെ (Canara Bank-Ownfund-1988101018200) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ എല്ലാ മാസവും റീകൺസിലിയേഷൻ കൃത്യമായ രീതിയിൽ ചെയ്തതായി കാണുന്നില്ല. Reconciled Balance (Bank Book Balance + Deposits - Cheques Issued) പാസ്സ്ബുക്ക് ബാലൻസിനൊപ്പം Tally ചെയ്യേണ്ടത് ആണ്. എന്നാൽ, പല മാസങ്ങളിലും വലിയ വ്യത്യാസം കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| Month (2023 April To 2024 March) | Closing Balance In Bank Book (Rs.) | Reconciled Balance (Rs.) (A) | Closing Balance In Bank Passbook (Rs.) (B) | Difference (Rs.) (A)-(B) |
|---|---|---|---|---|
| April | 13728213 | 13774839 | 7455869 | 6318970 |
| May | 17744874 | 17791500 | 7251607 | 10539893 |
| June | 18376826 | 18435376 | 3672166 | 14763210 |
| July | 19773808 | 19832358 | 3843686 | 15988672 |
| Aug | 11243803 | 11377353 | 5389955 | 5987398 |
| September | 6167184 | 6324679 | 4306558 | 2018121 |
| October | 1763679 | 1927569 | 4547881 | (2620312) |
| November | 1892650 | 2064280 | 3484549 | (1420269) |
| December | 3488617 | 760063 | 2853493 | (2093430) |
| January | 5514781 | 5578326 | 3162149 | 2416177 |
| February | 9730117 | 9835255 | 8783625 | 1051630 |
| March | 17417928 | 16708888 | 16813632 | (104744) |

*Directly Debited/Credited By Bank റികൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2) തനത്ഫണ്ട് (Canara Bank-Ownfund) പലമാസങ്ങളിലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന പാസ്സ്ബുക്ക് ബാലൻസും യഥാർത്ഥ പാസ്സ്ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മാസം | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന പാസ്സ്ബുക്ക് ബാലൻസ് (രൂ.) | ബാങ്ക് പാസ്സ്ബുക്ക് ബാലൻസ് (രൂ.) |
|---|---|---|
| ജൂലൈ | 3912950 | 3843686 |
| ആഗസ്റ്റ് | 5447887 | 5389955 |
| സെപ്റ്റംബർ | 4364490 | 4306558 |
| ഒക്ടോബർ | 4605812 | 4547881 |
| നവംബർ | 3542481 | 3484549 |
| ജനുവരി | 3143713 | 3162149 |
| ഫെബ്രുവരി | 8788887 | 8783625 |

മേൽസൂചിപ്പിച്ച അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 89/തീ.29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. റീകൺസിലിയേഷൻ കൃത്യമായ രീതിയിൽ നടത്താത്തതിനും റീകൺസിൽ ചെയ്ത തുകയും പാസ്സ്ബുക്ക് ബാലൻസും തമ്മിലുള്ള അന്തരത്തിനും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-12 ആസ്തിയിലധികരിച്ച് ഡിപ്രീസിയേഷൻ നൽകിയിരിക്കുന്നു

ബാലൻസ് ഷീറ്റ് B-11ലെ Other Fixed Assets (410800100-Municipality, 410800200-Transferred Institution)ൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,01,15,203/- (8053872+2061331) രൂപയാണ്. എന്നാൽ പ്രസ്തുത ഹെഡിന്റെ Accumulated Depreciation 28,158,961/- രൂപയാണ്. സാംഖ്യ സോഫ്റ്റ്വെയറിൽ എല്ലാ Head-കൾക്കും Depreciation Head ഇല്ലാത്തതിനാൽ Depreciation Head ഇല്ലാത്ത അസ്സറ്റുകളുടെ Depreciation, Other Fixed Asset ന്റെ Depreciation Head-ൽ ഉൾപ്പെടുത്തിയതിനാലാണ് തുക അധികരിച്ച് വന്നത് എന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റിന്റെ അഭാവത്തിൽ ഏതെല്ലാം ആസ്തികൾക്ക് എത്ര നിരക്കിലാണ് ഡിപ്രീസിയേഷൻ കണക്കാക്കിയതെന്ന് വ്യക്തമല്ല. സോഫ്റ്റ്വെയറിലെ അപാകം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാവുന്നതാണ്. ഡിപ്രീസിയേഷൻ വേർതിരിച്ച് കണക്കാക്കാൻ കഴിയുന്നില്ലെങ്കിൽ, ബാലൻസ് ഷീറ്റിൽ ഇത് സംബന്ധിച്ച് ഒരു Notes To Accounts ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-13 സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

1) പരിശോധനയ്ക്ക് ലഭ്യമാക്കിയ സേവന DBT സ്റ്റേറ്റ്മെന്റിലെ Indira Gandhi National Old Age Pension Scheme-ന്റെ ആകെ തുകയായ 3,99,52,300/- രൂപ വാർഷിക ധനകാര്യ പത്രികയുടെ I-6 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക 160100302-Pension For Agricultural Workers/Labourers എന്ന ഹെഡ്കോഡിലാണ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് (ഓഡിറ്റ് അന്വേഷണം നം. 17). പ്രസ്തുത തുക ജേർണൽ ചെയ്തപ്പോൾ തെറ്റായി പോസ്റ്റ് ചെയ്തതാണെന്നും വരും വർഷങ്ങളിൽ ടി കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

2) സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Agricultural Labour Pension ന്റെ ആകെ തുകയായ 73,600/- രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 17). ടി തുക വാർഷിക ധനകാര്യ പത്രികയിൽ വിട്ടുപോയിട്ടുള്ളതാണെന്നും വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി

ലഭ്യമാക്കി.

3) ഡി.ബി.റ്റി. റിപ്പോർട്ട് പ്രകാരം 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 1,70,000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ I-6 ശീർഷകത്തിൽ (160100306) 17,000/- രൂപയായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

തുക ജേണൽ ചെയ്യുമ്പോൾ തെറ്റായ ശീർഷകത്തിൽ അല്ല എന്ന് ഉറപ്പ് വരുത്തേണ്ടതും എല്ലാ തുകയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-14 Capital Work In Progress ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിലെ Capital Work In Progress-Development Fund (412100100) എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, മുൻസിപ്പൽ എൻജിനീയർ എന്നിവർ നിർവഹണം നടത്തി പാർട്ട് ബിൽ നൽകിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | തുക (രൂ.) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|
| 166/24<br>നഗരസഭ ടൗൺഹാൾ പൂർത്തീകരണം | 395255/- | അസി. എൻജിനീയർ |
| 248/24<br>മൈതാനം കംഫർട്ട് സ്റ്റേഷൻ പുനരുദ്ധാരണം നടത്തി<br>ടേക്ക് എ ബ്രേക്ക് സംവിധാനം ഒരുക്കൽ | 663079/- | അസി. എൻജിനീയർ |
| 288/24<br>റ്റി. എസ്. കനാൽ-റോഡ് ഡ്രെയിൻ നിർമ്മാണം | 1229256/- | മുൻസിപ്പൽ എൻജിനീയർ |

എൻജിനീയറിംഗ് സെക്ഷനിൽ നിന്നും യഥാസമയം പാർട്ട്ബില്ലുകളുടെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ സംഭവിച്ച അപാകതയാണെന്ന് ഓഡിറ്റ് അന്വേഷണം നം. 28ന് മറുപടി ലഭ്യമാക്കി. പ്രസ്തുത തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-15 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1) വാർഷിക ധനകാര്യ പത്രികയിലെ ഡെപ്പോസിറ്റ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ജീവനക്കാർക്ക് അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക ബി-18 പ്രകാരമുള്ള അഡ്വാൻസ് തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ തനത് ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസുകളുടെ വിവരങ്ങൾ മാത്രമാണ് നൽകുന്നതെന്നും നഗരസഭയിൽ നിലവിൽ നിക്ഷേപങ്ങൾ ഒന്നും തന്നെ ഇല്ലെന്നും ഓഡിറ്റ് അന്വേഷണം നം. 28ന് മറുപടി ലഭ്യമാക്കി. അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ അഡ്വാൻസ് തുകകളുടെയും വിവരം നൽകാത്തതിനും ബാലൻസ്ഷീറ്റ് B-7 പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-16 Equity Shares തുകയായ 20,00,000/- രൂപയുടെ ആധികാരികത ഉറപ്പിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രികകളിൽ B-13 ഷെഡ്യൂളിൽ Equity Shares – Special Funds ഇനത്തിൽ നീക്കിയിരിപ്പായി രൂ.20,00,000/- ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ

ലഭ്യമാക്കിയിട്ടില്ല. 2013-14 ഗവൺമെന്റ് ഓർഡർ പ്രകാരം ക്ലീൻ കേരള കമ്പനിയുടെ ഷെയർ വാങ്ങിയ ഇനത്തിലെ തുകയാണ് പ്രസ്തുത ഹെഡ്ഡിൽ നൽകിയിരിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 28ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത ഓഹരിയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-17 Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല

A) ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് (350800100) മാറ്റിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | ക്രമ നം. | ചെക്ക് നം./തീയതി | തുക (രൂ.) |
|---|---|---|---|
| Canara Bank (Own Fund) | 1 | 694132, 19/08/2019 | 141* |
| | 2 | 77937, 07/09/2019 | 771* |
| | 3 | 679520, 21/10/2019 | 1536* |
| | 4 | 215283, 16/03/2020 | 1810* |
| | 5 | 215291, 19/03/2020 | 2494* |
| | 6 | 213482, 20/11/2020 | 1212* |
| | 7 | 216045, 19/01/2021 | 2000* |
| | 8 | 786505, 12/03/2021 | 38136* |
| | 9 | 786412, 23/02/2022 | 5670 |
| | 10 | 785974, 16/05/2022 | 630 |
| | 11 | 786073, 11/07/2022 | 500 |
| | 12 | 410860, 07/03/2023 | 3650 |
| | 13 | 171246, 06/06/2023 | 33000 |
| | 14 | 238918, 13/07/2023 | 495 |
| Indian Overseas Bank (Own Fund) | 1 | 410902, 02/09/2023 | 17080 |
| Indian Overseas Bank (User Fee From Health) | 1 | 315758, 09/06/2023 | 530 |
| | 2 | 315758, 09/06/2023 | 1 |
| Indian Overseas Bank (Pipe Connection Project) | 1 | 054848, 11/11/2013 | 2500* |
| | 2 | 054854, 30/11/2023 | 2500 |
| | 3 | 054855, 10/12/2023 | 2500 |
| ICICI-SBM | 1 | 016118, 02/05/2019 | 350 |
| ICICI Bank Cfc | 1 | ** , 13/07/2023 | 31323 |
| Bank Of Baroda (SUCHITWA MISSION) | 1 | 0013, 29/04/2023 | 5268 |
| Indian Overseas Bank ICDS | 1 | 714820, *** | 3191 |
| Canara Bank ICDS | 1 | 737980, 06/11/2023 | 39586 |

*മൂന്ന് വർഷകാലാവധി കഴിഞ്ഞ ചെക്കുകൾ.

**ചെക്ക് നമ്പർ റീകൺസിലീയേഷൻ പത്രികയിൽ നൽകിയിട്ടില്ല.

***ചെക്ക് തീയതി റീകൺസിലീയേഷൻ പത്രികയിൽ നൽകിയിട്ടില്ല.

അടുത്ത സാമ്പത്തിക വർഷത്തിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 17ന് മറുപടി ലഭ്യമാക്കി.3 മാസകാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽചെക്ക് ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതും 3 വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ അതത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

B) ഹെഡ് കോഡ് 350800100 - LIABILITY IN RESPECT OF STALE CHEQUES ഹെഡിലെ 2023-24 സാമ്പത്തിക വർഷത്തിലെ മുന്നിരിപ്പായ രൂ.53,645/- (15 മാർച്ച് 2021 മുതലുള്ള തുക) മൂന്ന് വർഷ കാലവധി

കഴിഞ്ഞിട്ടും അതത് ഫണ്ടിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല. തുക വരവ് വെയ്ക്കുന്നതിനായി കൗൺസിൽകൂടി തീരുമാനം എടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 17) മറുപടി ലഭ്യമാക്കി. തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-18 വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ

1) 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2023-24ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | ഹെഡ്കോഡ് | ഇനം | നീക്കിയിരിപ്പ് തുക (രൂ.) |
|---|---|---|---|
| 1 | 350200216 | Recoveries Payable – Kerala Construction Workers Welfare Fund – Special Funds | 6458 |
| 2 | 350209900 | Recoveries Payable – Other Recoveries | 33500 |

350200216 ശീർഷകത്തിലെ തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയാണെന്നും 350209900 ശീർഷകത്തിലെ തുക തൻവർഷം അടവാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം. 28ന് മറുപടി ലഭ്യമാക്കി. തുക അടവാക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതും Other Recoveries ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2) **2022-23** - B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് (രൂ.) |
|---|---|---|
| 340100201 | Contractors' Security Deposit-Municipal Fund | 12810 |
| 340100205 | Suppliers' Security Deposit-Municipal Fund | 17175 |
| 340100303 | Contractors' Retention Money-Special Funds | 256440 |
| 340100304 | Contractors' Retention Money-Scheme Expenditure | 258380 |
| 340100305 | Suppliers' Retention Money-Municipal Fund | 14200 |
| 340109900 | Other Deposits Received From Suppliers/ Contractors | 5753 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റുകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയുമിരുന്നാൽ ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ബി-7 ഷെഡ്യൂളിൽ അവശേഷിച്ചിരിക്കുന്ന തുകകൾ കാലനിർണയം കണക്കാക്കി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേക്ഷണം നം. 17ന് മറുപടി ലഭ്യമാക്കി. മുതൽക്കൂട്ടാവുന്ന തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) സുലേഖ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബി-യ്ക്ക് സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ പ്രോജക്ടിന്റെ ഭാഗമായി 3,51,936/- രൂപ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. നൽകിയ തുകയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ബി-18 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-1 ബജറ്റ് - അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 293(5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനെയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കായുള്ള ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ

പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അനുവാദത്തിനുവേണ്ടി കൗൺസിലിന് മുൻപാകെ വയ്ക്കേണ്ടതാകുന്നു.

വകുപ്പ് 293(6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു എന്നിരിക്കെ 2023-2024 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ പുതുക്കിയ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക (രൂ.) | റിവൈസ്ഡ് ബജറ്റ് പ്രകാരം വകയിരുത്തിയത് (രൂ.) |
|---|---|---|---|---|
| 1 | 2102001 | Travelling Allowance | 63,220 | 55,000 |
| 2 | 2201202 | Postage Expenses | 34,121 | 30,000 |
| 3 | 2202001 | Books And Periodicals | 30,935 | 15,000 |
| 4 | 2202101 | Printing And Stationery | 7,64,451 | 7,00,000 |
| 5 | 2203001 | Travelling Expense Of Chairperson, Deputy Chairperson, Chairman, All Councillors | 33,140 | 30,000 |
| 6 | 2206001 | Newspaper Avertisement Charges | 3,02,648 | 3,00,000 |
| 7 | 2208099 | Miscellaneous Administration Expenses | 6,15,789 | 5,75,000 |

പ്രസ്തുത ഓഡിറ്റ് അന്വേഷണം നം. 26ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

നഗരസഭയുടെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 30/03/2023 | 08/02/2024 |
| കൗൺസിൽ തീരുമാനം | 7 | 1/1 |
| മുന്നിരിപ്പ് | രൂ.92304042/- | രൂ.159294982/- |
| പ്രതീക്ഷിത വരവ് | രൂ.608312798/- | രൂ.571211229/- |
| ആകെ | രൂ.700616840/- | രൂ.730506211/- |
| പ്രതീക്ഷിത ചെലവ് | രൂ.646047898/- | രൂ.593658386/- |
| നീക്കിയിരിപ്പ് | രൂ.54568942/- | രൂ.136847825/- |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | രൂ.70278374 |
| വരവ് | രൂ.306335889 |
| ആകെ | രൂ.376614263 |
| ചെലവ് | രൂ.273858448 |
| നീക്കിയിരിപ്പ് | രൂ.102755815 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) നഗരസഭയിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പല മേഖലകളിലും പകുതിയിൽ താഴെ ചെലവ് മാത്രമാണ് വന്നിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ്% |
|---|---|---|---|---|
| പൊതുവിഭാഗം | സേവനം | 176814335* | 77174761 | 43.65 |
| | പശ്ചാത്തലം | 73912786 | 25872730 | 35 |
| പട്ടികജാതി വിഭാഗം | സേവനം | 39797200 | 16121501 | 40.51 |

* G.O. Project-കളുടെ തുക കൂടി ഉൾപ്പെടുത്തിയിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം. 25).

ഇപ്രകാരം പല മേഖലകളിലും പകുതിയിൽ താഴെ ചെലവ് വരാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

2) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ.) |
|---|---|---|
| 320200110 | Grants/Funds For Pandemic/Epidemic Control | 2464653 |
| 320200209 | Funds For Transferred Institutions-Education-Capital | 500000 |

പ്രസ്തുത തുകകൾ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യിട്ടില്ലാത്തതിന് വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം. 25ന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക (രൂ.) | ചെലവ് തുക (രൂ.) (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക (രൂ.) | ചെലവ് ശതമാനം (%) | അനുവദിക്കുന്ന ക്യാരി ഓവർ തുക (രൂ.) | ലാപ്സായ തുക (രൂ.) |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 20642650 | 9308698 | 11333952 | 45.09 | 4128530 | 7205422 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 19162600 | 11052019 | 8110581 | 57.67 | 3832520 | 4278061 |

2023-24 സാമ്പത്തിക വർഷത്തിൽ തുക ലാപ്സായതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 25), തുക ലാപ്സായതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 60094840 | 60094840 | 49730870 | 10363970 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 17234000 | 17234000 | 15953789 | 1280211 |
| വികസനഫണ്ട് (CFC Tied) | 0 | 34252360 | 34252360 | 21098692 | 13153668 |
| വികസനഫണ്ട് (CFC Untied) | 0 | 22833972 | 22833972 | 18823169 | 4010803 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 19162600 | 19162600 | 11052019 | 8110581 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 20642650 | 20642650 | 9308698 | 11333952 |
| CSS | 0 | 0 | 0 | 1681216 | (1681216) |
| SSS | 0 | 0 | 0 | 0 | 0 |

1) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ (സി.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

2) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്റ്റ് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

**I) 2023- 24** വർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികള ്ടെ വിവരം ചുവടെ ചേർക്കുന്നു **.**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (രൂ.) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 570000 | 569957 | 99.99 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 700000 | 202500 | 28.93 |
| കൃഷി ഫീൽഡ് ഓഫീസർ | 6 | 6 | 0 | 3878490 | 2965488 | 76.46 |
| സെക്രട്ടറി | 39 | 32 | 7 | 94951332 | 33020637 | 34.78 |
| എച്ച്.എം. | 14 | 10 | 4 | 5003591 | 2833433 | 56.63 |
| വെറ്റിനറി സർജൻ | 6 | 6 | 0 | 2228500 | 2228500 | 100 |
| ഡെപ്യൂട്ടി ഡയറക്ടർ – ക്ഷീര | 3 | 3 | 0 | 1300000 | 1296184 | 99.71 |

| | | | | | | |
|---|---|---|---|---|---|---|
| വികസനം | | | | | | |
| പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 8 | 7 | 1 | 15300000 | 6189206 | 40.45 |
| പട്ടികജാതി വികസന ഓഫീസർ | 14 | 13 | 1 | 20682200 | 12810702 | 61.94 |
| ഹെൽത്ത് ഓഫീസർ | 32 | 23 | 9 | 30947311 | 14988273 | 48.43 |
| മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 14 | 12 | 2 | 14830675 | 9824299 | 66.24 |
| മുനിസിപ്പൽ എഞ്ചിനീയർ | 8 | 3 | 5 | 33685689 | 5255217 | 15.6 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 12 | 1 | 6192880 | 5654757 | 91.31 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 141 | 57 | 84 | 105653001 | 32083726 | 30.37 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 0 | 1009704 | 655060 | 64.88 |

**II) 2023-24** വർഷം വിവിധ പദ്ധതികൾക്കായി വിനിയോഗിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

| ഫണ്ട് | വകയിരുത്തിയ തുക (രൂ.) | ചെലവ് തുക (രൂ.) | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 78432697 | 49730870 | 63.41 |
| എസ്.സി.പി. | 29977200 | 15953789 | 53.22 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 87498518 | 39921861 | 45.63 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 38725750 | 1681216 | 4.34 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 7357255 | 0 | 0 |
| തനത് ഫണ്ട് | 540000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 34084671 | 9308698 | 27.31 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 31403263 | 11052019 | 35.19 |
| മറ്റുള്ളവ | 5343410 | 711632 | 13.32 |

**III)** പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നം. 86/2022/തസ്വഭവ., തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച് ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ 2023-24 വർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കിയിട്ടില്ല.

2) ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി) 1 മുതൽ 17 വരെ പ്രതിപാദിക്കുന്ന പദ്ധതി രൂപീകരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നിർവഹിച്ചിട്ടില്ല.

3) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം മോണിറ്ററിംഗ് നടത്തിയതായി മിനിറ്റ്സിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തുന്നില്ല.

4) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ് സഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ പ്രസ്തുത വ്യവസ്ഥകൾ നഗരസഭയിൽ പാലിച്ചിട്ടില്ല. കൂടാതെ ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം വാർഡ് സഭയിൽ കണക്കുകളും അവതരിപ്പിച്ചിട്ടില്ല. കൂടാതെ നഗരസഭയിൽ വിവിധ വാർഡുകളിൽ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭ കൂടിയിട്ടുമില്ല.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരം).

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 3600 | 5 |
| കർഷക തൊഴിലാളി പെൻഷൻ | 73600* | 7 |
| വിധവ പെൻഷൻ | 21109700 | 2078 |
| വാർദ്ധക്യകാല പെൻഷൻ | 39952300* | 3866 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 170000** | 18 |
| വികലാംഗ പെൻഷൻ | 5315000 | 491 |

*സേവന DBT സ്റ്റേറ്റ്മെന്റിലെ വാർദ്ധക്യകാല പെൻഷന്റെ ആകെ തുകയായ 3,99,52,300/- രൂപ വാർഷിക ധനകാര്യ പത്രികയുടെ I-6 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക 160100302-Pension For Agricultural Workers/Labourers എന്ന ഹെഡ്കോഡിലാണ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കർഷക തൊഴിലാളി പെൻഷന്റെ ആകെ തുകയായ 73,600/- രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
**സേവന DBT സ്റ്റേറ്റ്മെന്റിലെ 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന്റെ ആകെ തുകയായ രൂ.1,70,000/- വാർഷിക ധനകാര്യപത്രികയുടെ I-6 ശീർഷകത്തിൽ 160100306-Pension For Unmarried Women Aged Above 50 എന്ന ഹെഡ്കോഡിൽ രൂ.17,000/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2025, 03.45 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,473/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും വിവിധ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) പ്രോജക്ട് ഫയലുകൾക്കൊപ്പം അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കുന്ന വിഷയത്തിൽ മോണിറ്ററിംഗ് സമിതികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

3) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 42, 45 വകുപ്പുകളിൽ നിഷ്കർഷിക്കും പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭ ചേരണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. 2023-24 സാമ്പത്തിക വർഷം നഗരസഭയിൽ രണ്ടു പ്രാവശ്യമാണ് വാർഡ് സഭ കൂടിയിട്ടുള്ളത്. കൂടാതെ, വാർഡു സഭാ മിനിട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിഷയത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

4) രജിസ്റ്ററുകളുടെ പരിപാലനം കൃത്യമായി നിർവ്വഹിക്കേണ്ടതുണ്ട്.

ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ വിവിധ നികുതി, നികുതിയേതര ഇനങ്ങളുടെ ഡിമാൻഡ് രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പി.എം.എ.വൈ.-ലൈഫ് ഗുണഭോക്താക്കളുടെ വിവരം ഉൾക്കൊള്ളുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തൽ കൃത്യമായി വരുത്തുന്നതിനും കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

5) വിവിധ വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ക്രമ പ്രകാരമല്ല. ഇനം അടിസ്ഥാനമാക്കി വാങ്ങലുകളുടെ പൂർണ്ണ വിവരം ഉൾക്കൊള്ളിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2023-24 വർഷത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച് 163 പ്രവൃത്തികൾ ഉൾപ്പെടുത്തി 122550 മനുഷ്യദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ 46497 മനുഷ്യദിനങ്ങൾ മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നം. 66/28.01.2025-ന്റെ മറുപടി)

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യ ദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യ ദിനങ്ങൾ |
|---|---|---|---|---|---|
| മാലിന്യ നിർമ്മാർജനവും സംസ്കരണവും | 34 | 23200 | 34 | 100% | 17993 |
| കാർഷികോല്പാദനം വർദ്ധിപ്പിക്കൽ | 28 | 30300 | 18 | 64.28% | 10904 |
| വെള്ളപ്പൊക്ക നിയന്ത്രണം | 39 | 15150 | 05 | 23% | 1483 |
| ഭൂ വികസനം | 22 | 11850 | 06 | 27% | 1640 |
| പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 35 | 13750 | 16 | 45.71% | 4303 |
| ഇ.എം.എസ് ഭവന പദ്ധതി | 04 | 18300 | 01 | 25 | 7788 |
| മൃഗ സംരക്ഷണവും പരിപാലനവും | 01 | 10000 | 01 | 100 | 2386 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2022 | 2017-18 മുതൽ 2021-22 വരെ | 31.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.10.2024 മുതൽ 24.10.2024 വരെ | 2016-17 മുതൽ 2022-23 വരെ | 24.10.2024 |

## 1-11-1 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉടമകളുടെ വസ്തു നികുതി ഒഴിവാക്കി നൽകിയതിൽ അപാകത

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 (ഐ) പ്രകാരം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വിവിധ കെട്ടിടങ്ങളെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. നഗരസഭയിലെ ആദ്യ 20 വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 20/118 | സെയ്തു ബദീൻ | പാർപ്പിടം | 83 M2 |
| 2 | 17/241 | അലിഹസ്സൻ | പാർപ്പിടം | 80 M2 |
| 3 | 16/330 | രാജമ്മ | പാർപ്പിടം | 70 M2 |
| 4 | 16/261 | കെ.ജി. പ്രസന്നൻ, ഷീജ | പാർപ്പിടം | 64 M2 |
| 5 | 16/233 | ചന്ദ്രിക അമ്മ | പാർപ്പിടം | 105 M2 |
| 6 | 16/226 | ജുബൈരിയ | പാർപ്പിടം | 70 M2 |
| 7 | 15/207 | സുശീല | പാർപ്പിടം | 63 M2 |
| 8 | 14/272 | ലേഖ | പാർപ്പിടം | 65 M2 |
| 9 | 14/177 | ബേബി | പാർപ്പിടം | 74 M2 |
| 10 | 14/110 | ലീല | പാർപ്പിടം | 74 M2 |
| 11 | 10/21 | എ. കൃഷ്ണൻകുട്ടി | പാർപ്പിടം | 90 M2 |
| 12 | 9/256 | ബഷീർ | പാർപ്പിടം | 80 M2 |
| 13 | 9/217 | നൗഷർഖാൻ & ഷാമിന | പാർപ്പിടം | 110 M2 |
| 14 | 9/32/1 | മുഹമ്മദ് ഇസ്മായിൽ | പാർപ്പിടം | 65 M2 |
| 15 | 6/411 | അവ്വാ ഉമ്മാൾ | പാർപ്പിടം | 90 M2 |
| 16 | 6/79 | ഉണ്ണി, സുലജ | പാർപ്പിടം | 64 M2 |
| 17 | 5/486 | ശകുന്തള | പാർപ്പിടം | 62 M2 |
| 18 | 5/471 | കൃഷ്ണൻ | പാർപ്പിടം | 86 M2 |
| 19 | 5/328 | മുഹമ്മദ്കുഞ്ഞ് | പാർപ്പിടം | 86 M2 |
| 20 | 4/226 | ഓമന | പാർപ്പിടം | 88 M2 |
| 21 | 4/128 | വി. കൃഷ്ണകുറുപ്പ് | പാർപ്പിടം | 72 M2 |
| 22 | 3/223 | രാധാകൃഷ്ണൻ, | പാർപ്പിടം | 100 M2 |
| 23 | 2/180 | ഐഷാബീവി | പാർപ്പിടം | 64 M2 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/20.01.2025ന് ലഭിച്ച മറുപടിയിൽ

കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികതി ഒഴിവാക്കി നൽകൽ - നികുതി പൂർണമായും പിരിച്ചെടുത്തിട്ടില്ല

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ, ഡിമാന്റ് ചെയ്ത കാലയളവിലെ നികുതി പൂർണ്ണമായും പിരിച്ചെടുക്കാതെ അപേക്ഷയുടെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| Sl. No. | Ward No. | Door No. | Sub No. | File/ Application Date | Owner Name | Building Usage | Floor Area ($M^2$) | Demolished Period From | Exempted Tax | Signed Date |
|---|---|---|---|---|---|---|---|---|---|---|
| 1 | 29 | 64 | 1 | R1/R4/ 10950/23, 25/06/2023 | Dileep & Sherly | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 7.92 | 2019 1st Half | 2586 | 27/06/2023 |
| 2 | 26 | 248 | | R1/11986/2021, 17/10/2022 | Rajendra Kosh | പാർപ്പിടാവശ്യം | 1200 | 2013 1st Half | 6702 | 04/07/2023 |
| 3 | 15 | 335 | UA 1 | R1/12070/21, 27/07/2023 | Suni Prasannan | പാർപ്പിടാവശ്യം | 29.6 | 2021 2nd Half | 3056 | 03/08/2023 |
| 4 | 27 | 56 | 2 | R1/5752/23, 13/09/2023 | Jayasree Asokan | പാർപ്പിടാവശ്യം | 234.21 | 2014 2nd Half | 22649 | 14/09/2023 |
| 5 | 33 | 404 | | R1/3551/23, 31/03/2023 | Mohammad Abdul Khadar | പാർപ്പിടാവശ്യം | 60 | 2019 1st Half | 542 | 06/10/2023 |
| 6 | 2 | 31 | 1 | R1/8064/23, 16/08/2023 | Savithri Amma | പാർപ്പിടാവശ്യം | 60 | 2013 1st Half | 627 | 26/12/2023 |
| 7 | 1 | 73 | | R1/13436/22, 03/03/2023 | K. Kunju Lekshmy | പാർപ്പിടാവശ്യം | 56 | 2017 2nd Half | 591 | 26/12/2023 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 23/20.01.2025ന് ലഭിച്ച മറുപടിയിലൂടെ കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-3 പാർപ്പിടങ്ങൾക്ക് തെറ്റായ നികുതിയിളവ് രേഖപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കി

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാസഗൃഹങ്ങൾക്ക് തെറ്റായ നികുതിയിളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ | വാർഡ്/ | ഉടമയുടെ | കെട്ടിടത്തിന്റെ | വിസ്തീർണ്ണം | സഞ്ചയയിൽ നൽകിയ ഇളവ് |
|---|---|---|---|---|---|

| നം. | കെട്ടിട.നം | പേര് | ഉപയോഗക്രമം | | |
|---|---|---|---|---|---|
| 1 | 4/222/1 | എസ്. മഞ്ജു | പാർപ്പിടം | 60 $M^2$ | ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വക കെട്ടിടം (സെ. 235 (എച്ച്) |
| 2 | 6/51 | ബി. സോമൻ | പാർപ്പിടം | 77 $M^2$ | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 235 (എച്ച്) |
| 3 | 24/391 | സുദർശനൻ | പാർപ്പിടം | 500 $M^2$ | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം |
| 4 | 32/390 | കുഞ്ഞുകൃഷ്ണ പിള്ള | പാർപ്പിടം | 108 $M^2$ | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നതും, വിദ്യാഭ്യാസത്തിനും, ലൈബ്രറികൾക്കുമായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ സെക്ഷൻ 235 (ഡി) പ്രകാരമുള്ള ഒഴിവാക്കൽ |
| 5 | 32/371 | ചന്ദ്രശേഖരൻ നായർ | പാർപ്പിടം | 72 $M^2$ | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നതും, വിദ്യാഭ്യാസത്തിനും, ലൈബ്രറികൾക്കുമായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ സെക്ഷൻ 235 (ഡി) പ്രകാരമുള്ള ഒഴിവാക്കൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 53/25.01.2025ന് ലഭ്യമാക്കിയ മറുപടിയിലൂടെ അപാകങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-4 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

**1)** അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന് നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ., തീ.27.04.2015, ജി.ഒ(എം.എസ്)358/15/തസ്വഭവ., തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. നഗരസഭയിൽ ഇപ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ പരിശോധിച്ചതിൽ അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തെയും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ്/കെട്ടിട നം. | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 15/312 | അനിലാൽ | 88 $M^2$ | 1990 ഒന്നാം അർദ്ധവർഷം മുതൽ |

**2)** ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് നൽകി

60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരേ ഉടമസ്ഥന്റെ, നഗരസഭയിൽ സ്ഥിതി ചെയ്യുന്ന, ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 20/82/2 | ഷിജി & ജുമൈല, ഷിജി ലാന്റ് |
| | 20/82/3 | |
| 2 | 28/819/1 | അശ്വതി മണികണ്ഠൻ, കൃഷ്ണകൃപ, ജനാർദ്ധനപുരം |
| | 28/837 | |
| 3 | 3/213/2 | ഭവാനി, കോട്ടയത്തുവിള വീട്, ശിവഗിരി |
| | 14/110/1 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24/20.01.2025ന് ലഭിച്ച മറുപടിയിലൂടെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-5 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയത്തിൽ അപാകത

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക്, നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. നഗരസഭയിലെ 01.04.2016 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം പ്രകാരം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് അടിസ്ഥാന വസ്തുനികുതി 70/- രൂപയും 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി 90/- രൂപയുമാണ് (31.03.2023 വരെ) നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)** നിയമാനുസൃത കെട്ടിടം

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 70/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 5/390 | മാഹീൻ | ഷോപ്പ് | 171 $M^2$ |
| 2 | 14/431 | അനവർ | ഷോപ്പ് | 112.4 $M^2$ |
| 3 | 24/331 | രവീന്ദ്രൻ | ഷോപ്പ് | 135 $M^2$ |
| 4 | 24/332 | രവീന്ദ്രൻ | ഷോപ്പ് | 151.87 $M^2$ |
| 5 | 24/523/1 | ഡോ. വിജയൻ | ഷോപ്പ് | 125.54 $M^2$ |
| 6 | 25/369 | നസീമ | ഷോപ്പ് | 311.3 $M^2$ |

| | | | | |
|---|---|---|---|---|
| 7 | 25/968/2 | കാർത്തിക് | ഷോപ്പ് | 181.4 $M^2$ |
| 8 | 28/506 | അബ്ദുൾ മനാഫ് | റെസ്റ്റോറന്റുകൾ | 248.63 $M^2$ |

**2)** അനധികൃതമായി നിർമ്മിച്ച കെട്ടിടം

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള, താഴെപ്പറയുന്ന, അനധികൃതമായി നിർമ്മിച്ച വാണിജ്യ കെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുളള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 70/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 21/346/UA1 | ബിജു | റസ്റ്റോറന്റ് | 132.12 $M^2$ |
| 2 | 28/23/UA13 | കബീർ | റസ്റ്റോറന്റ് | 103 $M^2$ |
| 3 | 28/99/1-Ua1 | രഞ്ജിത്ത് | റസ്റ്റോറന്റ് | 132.75 $M^2$ |
| 4 | 28/241/Ua7 | ചന്ദ്രകുമാർ | ഷോപ്പ് | 112 $M^2$ |
| 5 | 28/437/ Ua 1 | നസിമുദ്ദീൻ | ഷോപ്പ് | 251.05 $M^2$ |
| 6 | 28/614/Ua3 | സോമൻ | റസ്റ്റോറന്റ് | 489.6 $M^2$ |
| 7 | 28/615/Ua10 | രാജേഷ് | റസ്റ്റോറന്റ് | 255.3 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22/20.01.2025ന് ലഭിച്ച മറുപടിയിലൂടെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-6 വിമുക്ത ഭടന്മാർക്ക് വസ്തുനികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇളവ് നൽകി

**1)** രേഖകൾ ലഭ്യമാക്കിയില്ല

സ.ഉ.(കൈ) നം.140/2023/LSGD., തീയതി 07-07-2023 പ്രകാരം വിമുക്തഭടന്മാർക്ക്/വിമുക്തഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക്, വസ്തുനികുതിയുടെ ഇളവ് ലഭിക്കുന്നതിനായി അഞ്ച് വർഷത്തിലൊരിക്കൽ നഗരസഭയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ കെട്ടിടം, പിന്നീട് കൈമാറ്റം ചെയ്യപ്പെടുകയോ സ്വന്തം താമസാവശ്യത്തിനല്ലാതെ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയോ, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം രണ്ടിരട്ടി പിഴയോടുകൂടി (അറിയിക്കുന്ന സമയം വരെ) നികുതി ഈടാക്കാമെന്നുള്ള വ്യവസ്ഥകളും ഉൾപ്പെട്ട ഒരു സത്യവാങ്മൂലവും ലൈഫ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നഗരസഭയിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വ്യക്തികൾക്ക് മേൽ വ്യവസ്ഥകൾ പാലിക്കാതെ നികുതിയിളവ് നൽകിയിട്ടുണ്ട്. നഗരസഭയിലെ ആദ്യ 10 വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികൾക്ക് ഇളവ് നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് | കെട്ടിട നം. | കെട്ടിട ഉടമ |
|---|---|---|---|
| 1 | 1 | 123/1 | Joy S Nair |
| 2 | 2 | 123 | Lathanair |
| 3 | 4 | 129/1 | R.Krishnan |

| | | | |
|---|---|---|---|
| 4 | 5 | 115 | Subhaseelan |
| 5 | 5 | 4 | Faizi |
| 6 | 5 | 450 | Ashasajeev |
| 7 | 6 | 125 | Sreeja .S.N |
| 8 | 6 | 413 | Muhammad Abthul Latheef |
| 9 | 7 | 233 | K. Thulaseedharan Pilla |
| 10 | 7 | 170 | Suseela |
| 11 | 8 | 65 | Indrasenakurup |
| 12 | 8 | 11 | C.Indira |
| 13 | 8 | 7 | Sobhana |
| 14 | 8 | 306 | Deepa S N |
| 15 | 8 | 337 | Kumarimeena |

**2)** ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് തറവിസ്തീർണം 2000 ചതുരശ്ര അടിയിൽ അധികരിക്കാത്ത ഒരു വീടിന് മാത്രമാണ് ഇളവ് അനുവദിക്കാവുന്നത്. എന്നാൽ താഴെപ്പറയുന്ന വ്യക്തിയുടെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

| പേര്/വിലാസം | വാർഡ്/ കെട്ടിട.നം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|
| രാഹുൽ, കൊടിവെച്ചവിള വീട്, വർക്കല | 28/804 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| | 28/805 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 35/തീ.24.01.2025ന് അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11-7 റിസോർട്ടുകളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. നഗരസഭയിലെ 01.04.2016 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം പ്രകാരം 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 70/- രൂപയും, അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്നിവയ്ക്ക് 50/- രൂപയും റിസോർട്ടുകൾക്ക് 90/- രൂപയുമാണ് (31.03.2023 വരെ) നിലവിലുണ്ടായിരുന്നത്. FTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റിസോർട്ടുകളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് പ്രകാരമുള്ള ഉപയോഗക്രമം | വസ്തുനികുതി നിർണയം പ്രകാരം ഉപയോഗക്രമം | നിർണയിക്കേ ണ്ട അടിസ്ഥാന വസ്തു നികുതി | നിർണയിച്ച അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|
| 1 | 28/13-17 | വി.കൃഷ്ണകുമാർ | റിസോർട്ട് | ഹോട്ടൽ | 90 | 70 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 27/452 | സുനിൽകുമാർ | റിസോർട്ട് &റസ്റ്റോറന്റ് | ലോഡ്ജ് | 90 | 50 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24/20.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഇത്തരത്തിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-8 വസ്തുനികുതി പുനർനിർണയം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നികുതി പിരിവ് നടപ്പാക്കുന്നു

**1)** സർക്കാർ നിർദ്ദേശപ്രകാരമുള്ള വാർഷിക വർദ്ധനവ് നൽകിയില്ല

സ.ഉ.(കൈ).77/2023/തസ്വഭവ., തീ. 22.03.2023 പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം, 2023-2024 മുതൽ ഓരോ അഞ്ചുവർഷവും തൊട്ട് മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ചുശതമാനം വീതം വർദ്ധനവ് വരുത്തി നഗരസഭകളിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. നഗരസഭകളിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് മുൻവർഷത്തെ നികുതിയുടെ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി 2023 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| Ward No | Door No | Owner Name | Building Usage | Area |
|---|---|---|---|---|
| 1 | 17 | Kannan | പാർപ്പിടാവശ്യം | 191 |
| 3 | 58 | A. Sahary | പാർപ്പിടാവശ്യം | 130.71 |
| 6 | 214 | Beena Prathapan | പാർപ്പിടാവശ്യം | 95.28 |
| 8 | 222 | Anil Raj | പാർപ്പിടാവശ്യം | 134.19 |
| 15 | 335 | SuniPrasannan | പാർപ്പിടാവശ്യം | 120.37 |
| 17 | 252/1 | S.D. Thankam | പാർപ്പിടാവശ്യം | 242.41 |
| 24 | 314 | Radha | പാർപ്പിടാവശ്യം | 54.53 |
| 25 | 1046 | Sumathi Amma | പാർപ്പിടാവശ്യം | 30.38 |
| 28 | 367 | Sushin.S | പാർപ്പിടാവശ്യം | 38.21 |
| 33 | 72 | Sadanandan Achari | പാർപ്പിടാവശ്യം | 263.33 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21/20.01.2025ന് ലഭിച്ച മറുപടിയിലൂടെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)** കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി വർദ്ധിപ്പിച്ചില്ല

സ.ഉ(കൈ)നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം നഗരസഭകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023ലെ സ.ഉ.(അച്ചടി)നം. 25/2023/തസ്വഭവ., പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും നഗരസഭ ഭരണസമിതിയുടെ 13.11.2023ലെ 10-ാം നമ്പർ തീരുമാന പ്രകാരം നഗരസഭയ്ക്ക് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (നം. R1/3217/23 തീ. 04.09.2023). എന്നാൽ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ-

| വാർഡ് നം. | ഡോർ നം. | സബ് നം. | വിസ്തീർണം | ഉപയോഗം | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി നിരക്ക് (രൂപ) | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് (രൂപ) |
|---|---|---|---|---|---|---|
| 2 | 269 | 2 | താഴത്തെ നില (58.82ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 3 | 166 | 2 | താഴത്തെ നില (105.9ച മീ), ഒന്നാം നില (22.7ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 3 | 240 | 2 | താഴത്തെ നില (111.93ച മീ), ഒന്നാം നില (14.63ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 4 | 71 | 2 | താഴത്തെ നില (119.46ച മീ), ഒന്നാം നില (76.83ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 3 | 211 | 1 | താഴത്തെ നില (54.27ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 4 | 88 | 5 | താഴത്തെ നില (59.74ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 5 | 294 | 1 | താഴത്തെ നില (61.51ച മീ), ഒന്നാം നില (8.58ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 6 | 153 | 1 | താഴത്തെ നില (57ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 6 | 279 | 6 | താഴത്തെ നില (56.78ച മീ), ഒന്നാം നില | പാർപ്പിടാവശ്യം | 13 | 14 |

| | | | | | | |
|---|---|---|---|---|---|---|
| | | | (16.81ച മീ) | | | |
| 6 | 247 | 1 | താഴത്തെ നില (127.81ച മീ) | പാർപ്പിടാവശ്യം | 13 | 14 |
| 7 | 125 | 1 | താഴത്തെ നില (33.11ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ | 70 | 75 |
| 7 | 215 | 1 | താഴത്തെ നില (57.93ച മീ) | പാർപ്പിടാവശ്യം | 13 | 14 |

മേൽ അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.34/24.01.2025). നഗരസഭയിൽ ഇപ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3)** കെട്ടിടങ്ങളുടെ നികുതി പുനർ നിർണയം - സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല .

സ.ഉ(കൈ)നം. 77/2023/LSGD., തീയതി 22.03.2023 ഉത്തരവ് പ്രകാരം നഗരസഭകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം നഗരസഭയിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023-നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ. സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/ തീ.24.01.2025) വിവര ശേഖരണത്തിനായി ആദ്യഘട്ടത്തിൽ 8 പേരെ നിയമിച്ചതിൽ 4 പേർ ജോലിക്ക് ഹാജരായെന്നും പിന്നീട് ഇവർ ജോലി അവസാനിപ്പിച്ചെന്നും അറിയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് നഗരസഭ വീണ്ടും അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതായാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011-ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ 31.12.2023 വരെയുള്ള വിവരങ്ങളും കെ-സ്മാർട്ടിലെ 01.01.2024 മുതൽ 31.03.2024 വരെയുള്ള വിവരങ്ങളുമാണ് പരിശോധിച്ചിട്ടുള്ളത്. പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, വേക്കൻസി റെമിഷൻ, ടാക്സ് റിവിഷൻ, അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ, വസ്തു നികുതി ഡി.സി.ബി, തുടങ്ങിയ റിപ്പോർട്ടുകൾ കെ-സ്മാർട്ടിൽ ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12-1 നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിശോധിക്കാതെ അധിക നിർമ്മാണത്തിന് അനുമതി

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം, നിലവിലുള്ള കെട്ടിടത്തോടൊപ്പം (Existing

Building) അധിക നിർമ്മാണം നടത്തുന്നതിന് (Extension) പെർമിറ്റ് നൽകിയ ഫയലുകൾ പരിശോധിച്ചതിൽ, അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള Existing Building-കളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണവും IBPMS–ൽ സമർപ്പിച്ച അപേക്ഷ/കെട്ടിട നിർമ്മാണ പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ള Existing Building-ന്റെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | അപേക്ഷകൻ | നിലവിലുള്ള കെട്ടിടത്തിന്റെ നം. **(Existing Building No.)** | സഞ്ചയ പ്രകാരമുള്ള വിസ്തീർണം (ച.മീ) | അപേക്ഷ പ്രകാരമുള്ള വിസ്തീർണം (ച.മീ) | ഉപയോഗ ക്രമം | പെർമിറ്റ് തീയതി |
|---|---|---|---|---|---|---|---|
| 1 | BA/1002/0901/ 2023/SC | സുദർശനൻ ബി. | 22/224 | 70 | 131.15 | പാർപ്പിടം | 26.10.2023 |
| 2 | BA/1002/0986/ 2023/SC | സജിത്ത് | 12/181 | 70 | 93.96 | പാർപ്പിടം | 26.10.2023 |
| 3 | BA/1002/0990/ 2023/SC | സുരേഷ്, മിനി | 30/342 | 72 | 151.1 | പാർപ്പിടം | 26.10.2023 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 83/29.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12-2 പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

നഗരസഭയിലെ 25-ാം വാർഡിൽ പ്രവർത്തിക്കുന്ന മനാഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന്റെ പാർക്കിംഗ് ഏരിയ ഉൾപ്പടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഭാഗം നിലവിൽ ഗോഡൗണായി ഉപയോഗിക്കുന്നതായി നഗരസഭയിൽ പരാതി ലഭിക്കുകയും അതിൻ പ്രകാരം എഞ്ചിനീയറിഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട് (PW2-H3-15696/16). വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | PW2-H3-15696/16 |
| സ്ഥാപനം | മനാഫ് ടെക്സ്റ്റയിൽസ് |
| കെട്ടിട നമ്പർ | 25/369, 370, 371 |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| വിസ്തീർണം | 311.3+191+212.7 $M^2$ |
| അനധികൃത നിർമ്മാണം | Cellar Floor Area - 163.8 ച.മീറ്റർ |

2019ലെ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം തുറസ്സായ സ്ഥലത്തേക്കിറക്കി നിർമ്മാണങ്ങൾ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. കൂടാതെ ചട്ടം 29(2) പ്രകാരം, അതത് സംഗതി പോലെ, വിവിധ ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങൾക്ക് മോട്ടോർ കാറുകളുടെ പാർക്കിംഗിനുള്ള തെരുവ് വിട്ടുള്ള പാർക്കിംഗിനാവശ്യമായ സ്ഥലം പ്ലോട്ടിനകത്ത് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.08.2022ലെ സർക്കുലർ നം. ആർ.ബി-3/178/2020-തസ്വഭവ. പ്രകാരം കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി/നമ്പർ അനുവദിക്കുമ്പോൾ, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 26(1), 29(2) ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും ആയത്, ലംഘിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കുവാനാവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ അനധികൃത നിർമ്മാണം നാളിതുവരെ പൊളിച്ച്

നീക്കിയിട്ടില്ല. കൂടാതെ 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക്, കേരള മുനിസിപ്പാലിറ്റി അക്ട്, 242-ാം വകുപ്പ് പ്രകാരം അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കാവുന്നതും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്ന കാലയളവ് വരെ നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ പ്രസ്തുത നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.56/27.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12-3 കെട്ടിടത്തിന്റെ മുകളിൽ അനധികൃത നിർമ്മാണം നടത്തി ട്യൂഷൻ സെന്റർ പ്രവർത്തനം - തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

| | |
|---|---|
| ഫയൽ നമ്പർ | PW2/13104/23, K Smart - 64665/2024 |
| സ്ഥാപനം | സക്സസ് അക്കാദമി ട്യൂട്ടോറിയൽ |
| ഉടമ | ഷേക്ക് അക്രം |
| കെട്ടിട നമ്പർ | 25/405,402 |
| ഉപയോഗക്രമം | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| വിസ്തീർണം | 15 $M^2$ +232.8 $M^2$ |

വർക്കല മൈതാനം ജംഗ്ഷനിലുള്ള ബ്രദേഴ്സ് ബിൽഡിംഗിന്റെ റൂഫ് ടോപ്പിൽ അനധികൃതമായി ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നതായി 29.11.2023ൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയും 16.50x 6.40 M വിസ്തീർണത്തിൽ ഷീറ്റ് കൊണ്ട് മറച്ച് സക്സസ് അക്കാദമി എന്ന ട്യൂഷൻ സെന്റർ പ്രവർത്തിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ബോർഡും കെട്ടിടത്തിന്റെ മുൻവശത്തായി സ്ഥാപിച്ചിട്ടുള്ളതായി ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. കൂടാതെ 2019ലെ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം തുറസ്സായ സ്ഥലത്തേക്കിറക്കി നിർമ്മാണങ്ങൾ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. നഗരസഭയിൽ പരാതി ലഭിച്ചപ്പോൾ മാത്രമാണ് കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടപ്പാക്കി രജിസ്ട്രേഷനില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ 20 വർഷത്തോളമായി വിവിധ പേരുകളിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതായും 13.05.2024ൽ നഗരസഭയിൽ നടന്ന ഹിയറിംഗിൽ, കെട്ടിട ഉടമ വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക്, കേരള മുനിസിപ്പാലിറ്റി അക്ട്, 242-ാം വകുപ്പ് പ്രകാരം അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കാവുന്നതും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്ന കാലയളവ് വരെ നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ പ്രസ്തുത നടപടികളും നാളിതുവരെ നഗരസഭ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 69/28.01.2025ന് അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12-4 പൊതുമരാമത്ത് റോഡിനോട് ചേർന്ന് അനധികൃത നിർമ്മാണം - പരിശോധനകൾ കാര്യക്ഷമമല്ല

| | |
|---|---|
| ഫയൽ നമ്പർ | PW2/12046/23, K Smart – 1676725/2024,<br>No:1696540-2024 |
| സ്ഥാപനം | U D ടവർ |
| ഉടമ | വിജയൻ & അംബിക വിജയൻ |
| കെട്ടിട നമ്പർ | 25/509 മുതൽ 529 വരെ |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ |
| നഗരസഭ രേഖകൾ പ്രകാരം വിസ്തീർണം | 547.71 $M^2$ |
| അധിക നിർമ്മാണം | 983 $M^2$ |

വർക്കല മൈതാനം ജംഗ്ഷനിലുള്ള യു.ഡി. ടവർ എന്ന കെട്ടിടത്തിൽ ചട്ടവിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി 29.11.2023ൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22.06.2024ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം നിലവിലെ കെട്ടിടത്തിന്റെ Total Bulit Up Are 1530.71 $M^2$ ആണ്. കൂടാതെ കെട്ടിടത്തിന് Front Yard, Side Yard, Rear Yard എന്നിവ നൽകിയിട്ടില്ലായെന്നും മുൻവശം PWD റോഡിന്റെ Foot Path വരെ ഷീറ്റ് ഉപയോഗിച്ച് (5.00 X 3.40 M വിസ്തൃതിയിൽ) ഇറക്കി നിർമ്മിച്ചിട്ടുണ്ടെന്നും, Parking Area നൽകിയിട്ടില്ല എന്നതും ഉൾപ്പടെ വിവിധ അപാകങ്ങൾ പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) അനധികൃത നിർമ്മാണം സംബന്ധിച്ച് നഗരസഭയിൽ പരാതി ലഭിച്ചപ്പോൾ മാത്രമാണ് വർക്കല പട്ടണത്തിലെ പൊതുമരാമത്ത് റോഡിനോട് ചേർന്ന മേൽ കെട്ടിടത്തിലെ അനധികൃത നിർമ്മാണം നഗരസഭ കണ്ടെത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.08.2022ലെ സർക്കുലർ നമ്പർ ആർ.ബി3/178/2020/ തസ്വഭവ. പ്രകാരം കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി/നമ്പർ അനുവദിക്കുമ്പോൾ, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 26(1), 29(2) ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും ആയത്, ലംഘിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കാനാവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണം തടയുന്നതിനായി അവധി ദിവസങ്ങളിൽ ഉൾപ്പടെ പ്രത്യേക സ്ക്വാഡ് പ്രവർത്തനം കർശനമായി നടപ്പാക്കണമെന്നും സ.ഉ(ആർ.ടി)നം.2627/16, തീ.07.09.2016 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തനങ്ങൾ നഗരസഭയിൽ കാര്യക്ഷമമായി നടപ്പാക്കിയിട്ടില്ല.

2) മേൽ കെട്ടിടത്തിന്റെ അധിക നിർമ്മാണത്തിന് U/A നമ്പർ നൽകി നികുതി ഈടാക്കുന്നതിന്, റവന്യൂ വിഭാഗത്തോട് 19.07.2024 ൽ സെക്രട്ടറി നിർദ്ദേശിച്ചിരുന്നു (File No:1696540-2024,1676725/2024). എന്നാൽ നാളിതുവരെ കെട്ടിടത്തിന്റെ നികുതി നിർണയം നടത്തി വസ്തു നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 76/28.01.2025) അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും K-Smartsൽ U/A നികുതി നിർണയത്തിനുള്ള അപ്ഡേഷൻ ലഭിക്കാത്തതിനാലാണ് നികുതി നിർണയിക്കാതിരുന്നതെന്നും ആയത് പരിഹരിച്ച് നികുതി നിർണയം നടത്തുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12-5 നഗരസഭയുടെ അനുമതി കൂടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - നികുതി ഈടാക്കുന്നതിലും അപാകം

**1)** ചട്ടപ്രകാരമുള്ള രേഖകൾ സമർപ്പിക്കാതെയും നികുതി നിർണയിക്കാതെയും ടെലഫോൺ ടവറുകൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നഗരസഭ പരിധിയിൽ 12 ടെലഫോൺ ടവറുകളാണുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ Tarang Sanchar Portal (Tarangsanchar.Gov.In) പരിശോധിച്ചതിൽ വർക്കല നഗരസഭ പരിധിയിൽ 20 ടെലഫോൺ ടവറുകൾ നിലവിലുള്ളതായി പ്രസ്തുത വെബ്സൈറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ അനുമതി കൂടാതെയും, വസ്തുനികുതി ഒടുക്ക് വരുത്താതെയുമാണ് പ്രസ്തുത മൊബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നത്. 2023ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങൾ പ്രകാരം (G.O.(P)No. 9/2023/LSGD., Dt.17.01.2023), ചട്ടത്തിലെ അനുബന്ധം A-5ൽ സൂചിപ്പിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കാതെ നഗരസഭ പരിധിയിൽ ടെലഫോൺ ടവറുകൾ സ്ഥാപിക്കാൻ പാടില്ല. എന്നാൽ ഇപ്രകാരമുള്ള രേഖകൾ നഗരസഭയിൽ സമർപ്പിക്കാതെയാണ് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നത്.

**2)** വിവിധ വർഷങ്ങളിലെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2023-24 വർഷം വരെയുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ഉൾപ്പെടെയുള്ള തുക അടവാക്കുന്നതിൽ കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ മേൽവിലാസം | കുടിശികയുള്ള വർഷം | ലൈബ്രറി സെസ് അടക്കം ആകെ കുടിശിക (രൂ.) |
|---|---|---|---|---|
| 1 | 14/304/1 | Sub Divisional Engineer, Telecom Civil | 2013 1st Half- 2023 2nd Half | 127735/- |
| 2 | 26/194/4 | The Manager, WTTIL, SL Plaza Complex, | 2013 1st Half- 2023 2nd Half | 53267/- |
| 3 | 28/802/ | Dishnet Wireless Ltd(Aircel), Arcade, Geethanjali Bus Stop | 2016 1st Half- 2023 2nd Half | 175953/- |
| 4 | 31/99/1 | Divional Manager, BSNL | 2013 1st Half- 2023 2nd Half | 37735/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24/24.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12-6 സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗിന്റെയും അസംബ്ലി ഹാളിന്റെയും നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| | |
|---|---|
| കെട്ടിട ഉടമ | സ്വാമി സച്ചിദാനന്ദ |
| സർവ്വേ നമ്പർ, | 3335/A |
| റീസർവ്വേ നമ്പർ | 3,4 |
| വിസ്തീർണം | സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗ് - 7927.80 ച.മീ, അസംബ്ലി ഹാൾ/<br>കൺവെൻഷൻ സെന്റർ- 8797.80 ച.മീ |

വർക്കല വില്ലേജിൽ റിസർവ്വെ നമ്പർ 3-ൽ ഉൾപ്പെട്ട ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള 81117 ച.മീ സ്ഥലത്ത് 7927.80 ച.മീ വിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മാണവും അസംബ്ലി ഹാളും ക്രമവത്കരിക്കുന്നതിന് 13.02.2023-ാം തീയതി അപേക്ഷ സമർപ്പിച്ചിരുന്നു. നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28.02.2023ലെ പരിശോധന റിപ്പോർട്ട് പ്രകാരം Future Convention Centre നിർമ്മാണം പൂർത്തീകരിച്ച നിലയിലാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ നിർമ്മാണപ്രവർത്തനങ്ങൾ നാളിതുവരെ ക്രമവത്കരിച്ചിട്ടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ലായെന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ അനധികൃത നിർമ്മാണത്തിന്റെ വസ്തു നികുതി നിർണയിച്ച് തുക ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 45/24.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ ക്രമവത്കരണത്തിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതും വസ്തു നികുതി നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ ലഭ്യമാക്കേണ്ടതുമാണ്.

## 1-12-7 വർക്കല തീരദേശത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ - സർക്കാർ ഭൂമിയിലെ ഒഴിപ്പിക്കൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

"കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ (3) പ്രകാരം കടൽ പുറമ്പോക്ക് Government Property എന്ന നിർവചനത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അൺ സർവ്വേയ്സ്റ്റ് ലാന്റ് ആണെങ്കിൽ "അൺസർവ്വേയ്സ്റ്റ് ലാന്റ്" എന്ന് ഫോറം ബി, സി എന്നിവയിൽ രേഖപ്പെടുത്തി ഒഴിപ്പിക്കൽ നോട്ടീസ് നൽകാവുന്നതാണെന്നും കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും (05.09.2019ലെ ബിh5/23475/17-ാം നമ്പർ കത്ത്) നഗരസഭയോട് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. വർക്കല നോർത്ത് ക്ലിഫ് നടപ്പാതയോട് ചേർന്നുള്ള ഹെലിപാഡ് മുതൽ തിരുവമ്പാടി വരെയുള്ള നിർമ്മാണങ്ങളുടെ വിവരങ്ങൾ 20.12.2024ൽ നഗരസഭ തയ്യാറാക്കിയിട്ടുണ്ട് (File No: 19067-2024). പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള 59 കെട്ടിടങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു (അനുബന്ധം-3).

മേൽ കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57/തീ.27.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകേണ്ടതും ചട്ടം 20(3) പ്രകാരം, കേരള മുനിസിപ്പാലിറ്റി ആക്ട് 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ അനധികൃത നിർമ്മാണത്തിന്റെ വസ്തു നികുതി നിർണയിച്ചതിന്റെയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-12-8 കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ സൂക്ഷിപ്പിലും തുടർനടപടികളിലും അപാകം

**1)** പെർമിറ്റ് രജിസ്റ്റർ പരിപാലനത്തിൽ അപാകം

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണെന്നും 29.01.2020ലെ ആർ.എ-1/444/2019/തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണമാണ്. കൂടാതെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 2019, റൂൾ 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം മുനിസപ്പൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം റൂൾ 14 പ്രകാരം അപേക്ഷകന് കൗൺസിലിന് അപേക്ഷ നല്കാവുന്നതും ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം കൗൺസിലിന് തീരുമാനം എടുക്കാവുന്നതുമാണ്. വിവിധ പെർമിറ്റുകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല. കൂടാതെ അപേക്ഷകർ കൗൺസിലിന് അപേക്ഷ നല്കിയതിന്റെയും കൗൺസിൽ അതിൽ തീരുമാനം എടുത്തതിന്റെയും രേഖകളും പെർമിറ്റ് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 83/29.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2)** പോസ്റ്റ് ഒക്യൂപെൻസി ഓഡിറ്റ് നടപ്പാക്കുന്നില്ല

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI, G2, I

ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. നഗരസഭയിൽ അപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 104 പ്രകാരം പെർമിറ്റ് അപേക്ഷകളുടെ വിവരങ്ങൾ ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 83/29.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ്, അനധികൃത നിർമ്മാണം - അപാകങ്ങൾ

1994ലെ കേരള മുനിസിപ്പിലിറ്റ് ആക്ട്, വകുപ്പ് 20, 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം കെട്ടിട നിർമ്മാണം നടത്തിയ നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13 തൊഴിൽ നികുതി - വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, പ്രകാരം നഗരസഭ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**I)** തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷത്തെ വിവിധ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ-

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ഇന്ത്യൻ മണി വർക്കല | രണ്ടാം അർദ്ധവർഷം |
| 2 | മഹീന്ദ്ര & മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസ് | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, വർക്കല | രണ്ടാം അർദ്ധവർഷം |
| 4 | സപ്ലൈകോ ഡിപ്പോ അസിസ്റ്റന്റ് മാനേജർ | രണ്ടാം അർദ്ധവർഷം |
| 5 | KTDC റസ്റ്റോറന്റ് ബിയർ പാർലർ | രണ്ടാം അർദ്ധവർഷം |
| 6 | സമഗ്ര ശിക്ഷാ അഭിയാൻ | രണ്ടാം അർദ്ധവർഷം |
| 7 | ഗേറ്റ് വേ, വർക്കല | രണ്ടാം അർദ്ധവർഷം |
| 8 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | രണ്ടാം അർദ്ധവർഷം |
| 9 | ഷംസുദ്ദീൻ ബ്രദേഴ്സ് എച്ച്.പി. ഡീലർ | രണ്ടാം അർദ്ധവർഷം |
| 10 | Dcube റിസർച്ച് & ഡവലപ്പ്മെന്റ് സെന്റർ | രണ്ടാം അർദ്ധവർഷം |
| 11 | പി.വി.എം ആയുർവേദിക് സെന്റർ | രണ്ടാം അർദ്ധവർഷം |
| 12 | വിജയ് ഡന്റൽ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 13 | കാരുണ്യ ഫാർമസി, വർക്കല | രണ്ടാം അർദ്ധവർഷം |
| 14 | An Elephant Eatery | രണ്ടാം അർദ്ധവർഷം |
| 15 | പോലീസ് സ്റ്റേഷൻ. വർക്കല | രണ്ടാം അർദ്ധവർഷം |
| 16 | ജി.എം.എച്ച്. എസ്.എസ്, വർക്കല | രണ്ടാം അർദ്ധവർഷം |
| 17 | കൈരളി ആയുർവേദ മഠം | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 18 | കൈരളി ബേക്കേഴ്സ് | രണ്ടാം അർദ്ധവർഷം |
| 19 | ബെൻസ് ഓട്ടോ സ്പെയേഴ്സ് | രണ്ടാം അർദ്ധവർഷം |
| 20 | ജിത്തേട്ടൻ ഫ്യൂവൽസ് | രണ്ടാം അർദ്ധവർഷം |
| 21 | സിറ്റി ഹാർഡ്‌വെയർ കണ്ണമ്പ | രണ്ടാം അർദ്ധവർഷം |
| 22 | വിമല തീയേറ്റർ | രണ്ടാം അർദ്ധവർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/18.01.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2)** സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും 2023-24 വർഷത്തെ വിവിധ കാലയളവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയിലെ ആദ്യ നാല് വാർഡുകൾ മാത്രം പരിശോധിച്ചതിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു,

| ക്രമ നം. | വാർഡ് | ഉടമയുടെ, സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | I | ഉണ്ണികൃഷ്ണൻ, ലക്ഷ്മി ഹോട്ടൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | I | അഭിഷേക് വിശ്വരാഗ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | II | ഷമീർ, അൽഷലാഹ് ബേക്കറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | II | ഷെഫിൻ , എം.എസ് പവർ ടൂൾസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | III | ബിജു, സ്നേഹ ഫ്ലവർ മിൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | III | ഗോപകുമാർ, പുണർതം ഫ്ലവർ മിൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | III | സൈനുദ്ദീൻ, കെ.ബി.ആർ റസ്റ്റോറന്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | III | ഷബീന ബീഗം, മരക്കട ഏജൻസീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | IV | മാനേജർ, സാന്ത്വനം ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | IV | അജികുമാർ, കാറ്ററിംഗ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | IV | രാഗിണി, പ്രൊവിഷൻ സ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | IV | രേഷ്മ നോവൽ ഫാഷൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14/18.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ എല്ലാ വാർഡുകളിലും ഇപ്രകാരം തുക ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3) അഭിഭാഷകർ, ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1,250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 3(9) പ്രകാരം മോട്ടാർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭ പരിധിയിലുള്ള മേൽ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയോ, 2023-24 വർഷത്തിൽ ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നം. 09/18.01.2025ന് തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4)** റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽനികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ പട്ടിക II-ൽ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽനികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുമില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 09/18.01.2025ന് തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി മറുപടി അറിയിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5)** ബി.എസ്.എൻ.എ ൽ. ഓഫീസിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്ന് 2023-24 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി/16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്ന് ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 09/18.01.2025ന് തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി മറുപടി അറിയിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സ്ലോട്ടർ ഹൗസിന്റെ ലേലം - നിബന്ധനകൾ പാലിക്കാതെ ലേലം അംഗീകരിച്ച് നൽകി - 82,474/- രൂപയുടെ നഷ്ടം

നഗരസഭയുടെ 2023-24 വർഷത്തേയ്ക്കുള്ള വിവിധ ലേലങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ലേല വ്യവസ്ഥകൾ 27.02.2023ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിരുന്നു. പ്രസ്തുത ലേല വ്യവസ്ഥകൾ പ്രകാരം വിവിധ ഇനങ്ങളുടെ ലേലം അംഗീകരിച്ചു കഴിഞ്ഞാൽ ആകെ ലേലത്തുകയുടെ മുന്നിലൊന്ന് തുക ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാലുടനെയും ബാക്കിയുള്ള തുക ആറ് തുല്യ ഗഡുക്കളായി 2023 ഏപ്രിൽ മാസം മുതൽ അതത് മാസം 25-ാം തീയതിക്ക് മുമ്പായും, ആകെ ലേലത്തുക 2023 സെപ്റ്റംബർ 25ന് മുമ്പായും നഗരസഭയിൽ ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ ഗഡുക്കളായി തുക ഒടുക്കുന്ന വ്യക്തി, ലേലത്തുക ഒടുക്കാൻ സ്വത്തുള്ളവരാണെന്ന് വ്യക്തമാക്കുന്ന സോൾവൻസി സർട്ടിഫിക്കറ്റും ലേലം അംഗീകരിക്കുന്നതിന് മുമ്പ് നഗരസഭയിൽ ഹാജരാക്കേണ്ടതാണ്. നഗരസഭ സ്ലോട്ടർ ഹൗസിന്റെ ലേലം 22.03.2023 തീയതിയിൽ (പുനർ ലേലം) നടപ്പാക്കുകയും ഏറ്റവും ഉയർന്ന തുകയായ 3,50,500/- രൂപ (18% ജി.എസ്.ടി ഒഴികെ) കോട്ട് ചെയ്ത ശ്രീ. നാസർ എന്ന വ്യക്തിക്ക് ലേലം അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട് (23.03.2023ലെ 22-ാം നമ്പർ തീരുമാന പ്രകാരം). എന്നാൽ ലേലത്തുകയുടെ മൂന്നിലൊന്ന് മാത്രം ഒടുക്കിയ പ്രസ്തുത വ്യക്തിയുടെ സോൾവൻസി സർട്ടിഫിക്കറ്റ് നഗരസഭ വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ലേല ഇനത്തിൽ ടിയാൻ വിവിധ തവണകളായി 2,80,607/- രൂപ (ജി.എസ്.ടി, പിഴപ്പലിശ ഒഴികെ) മാത്രമാണ് നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 69,893/- രൂപ (ജി.എസ്.ടി, പിഴപ്പലിശ ഒഴികെ) നാളിതുവരെയുംഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര്/ വിലാസം | ആകെ ലേല തുക | തവണ | ഒടുക്കിയ തുക (ജി.എസ്.ടി, പിഴപ്പലിശ എന്നിവ ഒഴികെ) | ഒടുക്കിയ തീയതി |
|---|---|---|---|---|---|
| സ്ലോട്ടർ ഹൗസ് | നാസർ, കുന്നിൽ പുത്തൻവീട്, നടയറ | രൂ.3,50,500 | 1 | 1,16,834 | 22.03.2023 |
| | | | 2 | 1,16,833 | 12.06.2023 |
| | | | 3 | 24,025 | 01.12.2023 |
| | | | 4 | 22,915 | 16.01.2024 |
| | | | ആകെ | **2,80,607** | - |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.04/17.01.2025ന് ലഭിച്ച മറുപടിയിൽ ലേലതുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ലേല നിബന്ധനകൾക്ക് വിരുദ്ധമായി സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ച് നൽകിയത് നഗരസഭ സെക്രട്ടറിയുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. ലേലം കൊണ്ട വ്യക്തി തുക ഒടുക്കാത്തപക്ഷം ലേല നിബന്ധനകൾക്ക് വിരുദ്ധമായി സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ച് നൽകിയ, നഗരസഭ സെക്രട്ടറിയിൽ നിന്നും 69,893/- രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ 82,474/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി വിവിരം അറിയിക്കേണ്ടതാണ്.

## 1-15 കടമുറികളിൽ നിന്നും ബങ്കുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

**1) 2023-24** വർഷത്തെ വാടക കുടിശ്ശിക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികളിൽ/ബങ്കുകളിൽ നിന്നും 2023-24 വർഷത്തെ വാടക പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | കടമുറി/ബങ്ക് നം. | പേര്, വിലാസം | കാലയളവ് | പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പടെ)(രൂ.) | വാടക കുടിശ്ശിക |
|---|---|---|---|---|---|
| 1 | M11 | ലീകുമാർ, ശ്രീ പത്മം, വർക്കല | 04/2023 മുതൽ 03/2024 വരെ | 1146 | 13752 |
| 2 | M20 | മോഹനൻപിള്ള, പാണ്ടിവിള വീട് | 10/2023 മുതൽ 03/2024 വരെ | 1146 | 6876 |
| 3 | ബങ്ക്23 | സുശീല, തേരക്കളം, വർക്കല | 04/2023 മുതൽ 03/2024 വരെ | 311 | 3732 |
| 4 | ബങ്ക്24 | ബിന്ദു, മാവിള വീട്, വർക്കല | 08/2023 മുതൽ 03/2024 വരെ | 1087 | 8696 |
| 5 | ബങ്ക്28 | ശ്യാമള, കക്കളത്ത് കുന്നിൽവീട്, വർക്കല | 04/2023 മുതൽ 03/2024 | 321 | 3852 |

| | | | | | |
|---|---|---|---|---|---|
| | | | വരെ | | |
| 6 | ബങ്ക് 29 | ബാബുമണി, നമ്പ്യാർകോണത്ത് വീട് | 04/2023 മുതൽ 03/2024 വരെ | 304 | 3648 |
| 7 | ബങ്ക് 52 | സൈഫുന്നിസ | 04/2023 മുതൽ 03/2024 വരെ | 1025 | 12300 |

വാടക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 03/17.01.2025). തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

**2)** പൊളിച്ചു നീക്കിയ ബങ്ക്- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല .

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബങ്ക് നമ്പർ 4, 8, 9, 12, 35, 46 എന്നീ ബങ്കുകളുടെ വാടക 2023-24 വർഷം ഡിമാന്റ് ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 03/17.01.2025-യുടെ മറുപടിയിൽ റെയിൽവേയുടെ ഭൂമിയിൽ സ്ഥിതിചെയ്ത പ്രസ്തുത ബങ്കുകൾ പൊളിച്ചു നീക്കിയതായും, ബങ്ക് ലേലം കൊണ്ട വ്യക്തികൾ വാടക ഒഴിവാക്കുന്നതിന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത വ്യക്തികളിൽ നിന്നും മുൻവർഷത്തെ കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച വിവരം രജിസ്റ്ററിലോ ഫയലിലോ വ്യക്തമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 പാപനാശം ബീച്ചിലെ അഡ്വെഞ്ചർ ടൂറിസം - സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് .

നഗരസഭയുടെ അനുമതി അനിവാര്യമല്ലാത്തതും ടൂറിസം വകുപ്പ് (DTPC) നേരിട്ട് നൽകുന്നതുമായ ലൈസൻസ് ഉപയോഗിച്ച് പാപനാശം ബീച്ചിൽ അഡ്വെഞ്ചർ ടൂറിസം നടത്തിവരുന്നുണ്ട് സ.ഉ.(സാധാ) നം.116/2023/TSM തീ.17-03-2023). വർക്കല പാപനാശം ബീച്ച്, വർക്കല ക്ലിഫ് മേഖല എന്നിവിടങ്ങളിലായി പാരാഗ്ലൈഡിംഗ്, കടലിൽ സർഫിംഗ്, വാട്ടർ ഡ്രൈവിംഗ് തുടങ്ങിയ സാഹസിക സ്പോർട്സ് ഇനങ്ങൾ നടന്നു വരുന്നു. എന്നാൽ ടൂറിസം വകുപ്പ് നേരിട്ട് ലൈസൻസ് നൽകുന്ന ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ വിവരം നഗരസഭയിൽ ലഭ്യമാക്കുന്നില്ല. ആയതിനാൽ സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചാണോ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് എന്നത് സംബന്ധിച്ച വിവരം നഗരസഭയിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.60/തീ.27.01.2025) അഡ്വെഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് അപകടങ്ങൾ ഒഴിവാക്കുന്നതിന് അപായസൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കുമായി ഡി.റ്റി.പി.സി അധികാരികളുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥനെ നിയമിച്ച് ടിയാന്റെ മേൽനോട്ടത്തിൽ മാത്രം അഡ്വെഞ്ചർ ടൂറിസം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 19/03/2024-ലെ എച്ച്.-3/549969/2024 നമ്പർ പ്രകാരം ഡി.റ്റി.പി.സി.-ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മേഖലയിൽ അഡ്വെഞ്ചർ ടൂറിസം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി പാരിസ്ഥിതിക സംരക്ഷണ വകുപ്പ്, സമുദ്രതീര സംരക്ഷണ വകുപ്പ് അധികൃതരിൽ നിന്നും അഭിപ്രായം ആരാഞ്ഞ് പ്രകൃതിയ്ക്കും, തീരത്തിനും ഇണങ്ങുന്ന രീതിയിൽ വിനോദ സഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വർക്കലയുടെ ടൂറിസം വികസനത്തിനായി ഡി.റ്റി.പി.സി ഓഫീസിന് ക്ലിഫ് പ്രദേശത്ത് ആസ്ഥാനം നിർമ്മിച്ച് രക്ഷാ പ്രവർത്തനത്തിൽ പരിചയ സമ്പന്നരായ ജീവനക്കാരെ നിയോഗിക്കുന്നതിനും, ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മൈതാനം പാർക്ക് വാടക – തുക പിരിച്ചെടുക്കുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും അപാകം

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള മൈതാനം പാർക്കിൽ വിവിധ പരിപാടികൾ നടപ്പാക്കുന്നതിനായി വാടകയ്ക്ക് നൽകിയ ഇനത്തിൽ 25,550/- രൂപ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ നാളിതുവരെ നഗരസഭ തയ്യാറാക്കിയിട്ടില്ല. വാടകക്കാരന്റെ വിവരങ്ങളും തുക ഒടുക്കിയത് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങളും, ഡി.സി.ബി വിവരങ്ങളും വാടക രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടക കൃത്യമായും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനും ഓഡിറ്റിന് സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 05/തീ.17.01.2025), 16.10.2022ലെ നഗരസഭ കൗൺസിൽ തീരുമാന പ്രകാരമാണ് തുക ഈടാക്കുന്നതെന്നും രജിസ്റ്റർ പരിപാലനത്തിലെ അപാകം പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കേണ്ടതും മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 ഭക്ഷണ ശാലകളിലെ ആരോഗ്യവിഭാഗത്തിന്റെ പരിശോധന – തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 476, 477 പ്രകാരം 2023-24 വർഷത്തിൽ നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ വിവിധ ഹോട്ടൽ/റ്റീ ഷോപ്പ്/ബേക്കറി എന്നിവിടങ്ങളിൽ കണ്ടെത്തിയ നിയമ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും, നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ നാളിതുവരെ പിഴ ഒടുക്ക് വരുത്തുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യ വിഭാഗത്തിന്റെ പരിശോധന രജിസ്റ്റർ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | സ്ഥാപനം | പരിശോധന തീയതി | ചുമത്തിയ പിഴ/ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | അൻസാരി | എസ്.ആർ. റസ്റ്റോറന്റ് | 10.08.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2 | ഷാജഹാൻ | ഹോട്ടൽ ഫാത്തിമ | 10.08.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3 | നജ്മ | അറേബ്യൻ സൂഫിമന്തി | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4 | ഉണ്ണികൃഷ്ണൻ നായർ | ശ്രീ പത്മം റസ്റ്റോറന്റ് | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 5 | - | എലിഫന്റ് ഈറ്ററി | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 6 | ഷാജഹാൻ അബ്ബാസ് | റിക്കീസ് റസ്റ്റോറന്റ് | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | രവീന്ദ്രൻ | ഷെഫ് മാസ്റ്റർ/രവീന്ദ്രൻ തട്ടുകട | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 8 | പ്രേംകുമാർ | കൈരളി ബേക്കേഴ്സ് & ഫാസ്റ്റ് ഫുഡ് | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 9 | അംബിക | അഖിൽ നാടൻ തട്ടുകട | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 10 | റംഷാദ് | B-13 | 17.10.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 11 | നൗഷാദ് | ടീ ഷോപ്പ് തട്ടുകട | 04.11.2023 | 5000 |
| 12 | ജയപ്രസാദ് | ദ്വാരക ഹോട്ടൽ | 04.11.2023 | 2500 |
| 13 | സജ്ജ | കേരള കഫേ | 26.12.2023 | 5000 |
| 14 | - | ഫാബിൻ അറേബ്യ | 14.03.2024 | 2500 |
| 15 | - | സാനിയ ഹോട്ടൽ | 14.03.2024 | 2500 |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 72/28.01.2025). തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും ഭക്ഷണ ശാലകളിലെ ആരോഗ്യവിഭാഗത്തിന്റെ പരിശോധന കർശനമായി നടപ്പാക്കേണ്ടതുമാണ്.

## 1-19 നിരോധിത പ്ലാസ്റ്റിക് ഉപയോഗം - ചട്ട ലംഘനം നടത്തിയവരിൽ നിന്നും പിഴത്തുക ഈടാക്കിയിട്ടില്ല

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 എ, ബി 567-ാം വകുപ്പിന്റെ 29, 33, 34 എന്നീ ഉപവകുപ്പുകൾ പ്രകാരവും 2016-ലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ 6(4), 8(3), 15 എന്നീ ചട്ടങ്ങൾ പ്രകാരവും നഗരസഭയിൽ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ, നിരോധിത പ്ലാസ്റ്റിക് ഉപയോഗിച്ചതിന് വിവിധ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയെങ്കിലും തുക നാളിതുവരെ സ്ഥാപനങ്ങൾ ഒടുക്ക് വരുത്തിയിട്ടില്ല. ആരോഗ്യ വിഭാഗത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | സ്ഥാപനം | പരിശോധന തീയതി | പ്ലാസ്റ്റിക് (കി.ഗ്രാം) | ചുമത്തിയ പിഴ തുക (രൂ.) |
|---|---|---|---|---|---|
| 1 | ബിനോദ് തങ്കപ്പൻ | ദി വില്ലേജ് പൗൾട്രിഫാം | 15.07.2023 | 4.380 | 5,000 |
| 2 | ഫൈസൽ ഷാഫി | പട്ടുവിള സൂപ്പർ മാർക്കറ്റ് | 15.07.2023 | 4.425 | 5,000 |
| 3 | ഗുരുനാഥൻ | ശ്രീറാം ലക്ഷ്മി സ്റ്റോർ | 26.09.2023 | 10.305 | 10,000 |
| 4 | നിസാമുദ്ദീൻ | ചൈനീസ് സൂപ്പർ മാർക്കറ്റ് | 26.09.2023 | 1.00 | 10,000 |
| 5 | നൗഷാദ് | ടീ ഷോപ്പ് തട്ടുകട | 04.11.2023 | 580 Gm | 2,500 |
| 6 | അശോക് കുമാർ | കഫറ്റീരിയ | 26.02.2024 | 200+199 Nos.Cover | 10,000 |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 65/27.01.2025). തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 IFTE & OS ലൈസൻസ് - വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. 2023-24 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ, കെ-സ്മാർട്ട് എന്നിവ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**1)** സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല

നഗരസഭയിലെ ഓരോ വാർഡിലെയും കെട്ടിട നമ്പർ ഉൾപ്പെടയുള്ള സ്ഥാപനങ്ങളുടെ വിവരം സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിലും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലും ലഭ്യമല്ല. കൂടാതെ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വർഷം തിരിച്ചുള്ള റിപ്പോർട്ടും മേൽ സോഫ്റ്റ്‌വെയറുകളിൽ ലഭ്യമല്ല. ഉദാഹരണമായി സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിലെ ലൈസൻസ് പെന്റിംഗ് റിപ്പോർട്ടിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2023-24 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് K സ്മാർട്ട് മുഖേന ലൈസൻസ് നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| Sl No | Licence No | Ward No | Door No | Applicant Name | Institution Name And Address |
|---|---|---|---|---|---|
| 1 | 130172012200845 | 18 | 24 | SASANKAN | SABARI COMMUNICATION, |
| 2 | 130172012200604 | 18 | 118 | SAJEER | SEVA PHARMACY, VARKALA |
| 3 | 130172012200190 | 18 | 117 | SINCERE SOMAN | VEG BASKET, VARKALA |
| 4 | 130172012201167 | 21 | 411/3 | HARIKRISHNAN K G | DRONA PRINT HUB CLOTH PRINTING & SIGN BOARD MAKING, |
| 5 | 130172012201214 | 22 | 401/1 | SHEMEER S | ALIF ENGINEERING WORKS, |
| 6 | 130172012201371 | 7 | 7/149 | R KRISHNAKUMAR, | MILMA PRODUCTS SALES AND SERVICES, |
| 7 | 130172012200329 | 8 | 239 | G RAJU | RAJUS STORE, VARKALA |
| 8 | 130172012200340 | 9 | 306/1 | SHANU B | REDWINE CINEMAS, KANNAMBA |
| 9 | 130172012200154 | 10 | 306/2 | ABOO P | BEST BAKERS, KANNAMBA |
| 10 | 130172012201296 | 11 | 8/73 | SUJITH | A D S SPARE PARTS, VELU VILASAM |
| 11 | 130172012200553 | 13 | 9/ BUNK | ANITHA KUMARI | BUNK SHOP, VARKALA |
| 12 | 130172012200860 | 15 | 12 | SUGATHAN | SHAJAN BAKERY, VARKALA |
| 13 | 130172012200893 | 15 | 319 | VIJINKUMAR M R | K G ASSOCIATE FINANCE CONSULTANCY |
| 14 | 130172012201082 | 17 | 276 | PRADEEP PRABHADAS, | MEDI GRAPHIC, VARKALA |
| 15 | 130172012200963 | 17 | 90 | SULDI, SULDI | GULF MEDICALS,VARKALA |
| 16 | 130172012200179 | 17 | 506 | ANSARI K | DE CAKE WORLD, PUTHANCHANTHA |
| 17 | 130172012201492 | 17 | 111 | DHANYA R | ANGEL ROSE BEAUTY PARLOUR AND BOUTIQUE |
| 18 | 130172012200820 | 27 | 341 | RAVEENDRAN PILLAI K | PAN SHOP, JANADRHANAPURAM |
| 19 | 130172012201280 | 27 | 425/1 | ARAVINDAKSHAKURUP | OM VILLA HOME STAY |
| 20 | 130172012201374 | 27 | 398 | BIJU R | RAM VILLA HOME STAY |
| 21 | 130172012201509 | 27 | 433 | NOBIN THOMAS | ATHREYA AYURVEDIC SPA |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 32/23.01.2025). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2)** ലൈസൻസില്ലാതെ വിവിധ റിസോർട്ടുകൾക്ക് പ്രവർത്തിക്കുന്നു.

2023-24 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സഞ്ചയ വസ്തു നികുതി സോഫ്റ്റ്‌വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ റിസോർട്ടുകളുടെ വിവരം 2023-24 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകിയിട്ടില്ല. ഉദാഹരണമായി 22,27,28 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 2023-24 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ല

| Sl. No | Door NO | Owner Name | Owner Address |
|---|---|---|---|
| 1 | 22/261/1 | Anjelika Franziska Weber & Sathyan | Kalladichamoola Veedu |
| 2 | 22/370/ | Ravichandra | ----------- |
| 3 | 27/453 - 27/517 | S.Mangalan | Sarojamandiram, Kaippalli House |
| 4 | 28/396-28/404 | AlimSha,MohammedSha,NadirSha | |
| 5 | 28/405-28/406 | Sheeda Dharmaseelan | Kunnuvila Veedu |
| 6 | 28/433-434 | Rasheed | K.B.Manzil |
| 7 | 28/455-28/458 | C.S.Sujathan | T.C.5/1700.Akhil Jyothy |
| 8 | 28/470-471 | Manjulal | Kshethra, Kshethra Street |
| 9 | 28/486/ | Rajendran | |
| 10 | 28/491/ | Thariq Ahammed Thulla, Arshad Ahammed | Mami Water Building |
| 11 | 28/549/ | Baiju, Pushpitha | |
| 12 | 28/587/ | S.Sivasailan | Thenguvila Veedu |
| 13 | 28/590/1 | M Salim | Zenith Kottage |
| 14 | 28/614/ | G.Bhaskaran Chairman Cum Managing Director | Varkala Marine Palace Resort |
| 15 | 28/615/1-9 | G Bhaskaran Chairman And Managing Director | Marain Palace |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 30/21.01.2025). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3)** അപേക്ഷകളുടെ തുടർനടപടി വിവിരം സോഫ്റ്റ്‌വെയറുകളിൽ ലഭ്യമല്ല

സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 2023-24 വർഷത്തിന് മുമ്പുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് ലഭിച്ച അപേക്ഷകൾ പെന്റിംഗ് ആയി കാണപ്പെടുന്നു. 2023-24 ലൈസൻസ് അപേക്ഷ സ്റ്റാറ്റസ് പരിശോധിച്ചതിൽ 7 അപേക്ഷകൾ നിലവിൽ പ്രോസസിംഗിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് K-സ്മാർട്ട് മുഖേന ലൈസൻസ് നൽകിയിട്ടുണ്ടോയെന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ

| Under Processing | Approved | Rejected | License Cancelled | Total |
|---|---|---|---|---|
| 7 | 1496 | 7 | 138 | 1648 |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.32/23.01.2025). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**4)** മൂലധനത്തിന്റെ വിവരം ലഭ്യമല്ല

2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള പട്ടിക III പ്രകാരമുള്ള മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ

അപേക്ഷകളിൽ മൂലധനം സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 32/23.01.2025). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നൽകിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01-08-2022ലെ നം. എൽഎസ്ജിഡി/ആർഡി-1/47/2022 സർക്കുലർ പ്രകാരവും WP(C)no.22937/2021 നമ്പർ കേസിലെ ബഹു. ഹൈക്കോടതി വിധിന്യായം പ്രകാരവും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

നഗരസഭ പരിധിയിലെ ജിംനേഷ്യങ്ങളുടെ വിവരവും അവയിൽ 2023-24 വർഷത്തിൽ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് അനുവദിച്ച ജിംനേഷ്യങ്ങളുടെ വിവരവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.32/23.01.2025). വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഹോം സ്റ്റേ, ടെമ്പററി ഷെഡ് ലൈസൻസ് നൽകൽ - വിവിധ അപാകങ്ങൾ

2023-24 വർഷം ഹോം സ്റ്റേ, ടെമ്പററി ഷെഡ് എന്നിവയുടെ ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭയിൽ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ഇനങ്ങളിൽ ലഭിച്ച തുകയുടെ വിവരം പ്രത്യേക ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഹോം സ്റ്റേ ലൈസൻസ് ഫീസ് രജിസ്റ്ററും K-സ്മാർട്ട് ആരംഭിക്കുന്നത് വരെയുള്ള അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇപ്രകാരം ലഭിച്ച ആകെ തുകയുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹോം സ്റ്റേ, ടെമ്പററി ഷെഡ് എന്നിവയുടെ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോയും നാളിതുവരെ നഗരസഭ തയ്യാറാക്കിയിട്ടില്ല. നഗരസഭ കൗൺസിലിന്റെ 08.05.2023ലെ 13-ാം നമ്പർ തീരുമാനപ്രകാരം 2022-23ലെ ഹോം സ്റ്റേ ഫീസ് നിരക്കുകളുടെ 5% വർദ്ധനവ് നടത്തി 2023-24 വർഷം ഫീസ് ഈടാക്കാൻ തീരുമാനിച്ചിരുന്നു എന്ന് മാത്രമാണ് ലഭ്യമാക്കിയ രേഖകളിൽ സൂചിപ്പിച്ചിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 19/20.01.2025) അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഹോം സ്റ്റേ ലൈസൻസിനുള്ള ബൈലോ തയ്യാറാക്കേണ്ടതും മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. 2023-24 വർഷത്തെ സ്വകാര്യ ആശുപത്രി പാരമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)** ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഹാജരാക്കിയില്ല

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ രജിസ്റ്ററിൽ 2023-24 വർഷം രജിസ്ട്രേഷൻ നടത്തിയ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**2)** രജിസ്ട്രേഷൻ ചെയ്യാതെ ആശുപത്രികൾ പ്രവർത്തിക്കുന്നു.

സഞ്ചയസോഫ്റ്റ് വെയർ പ്രകാരം ആശുപത്രി വിഭാഗത്തിൽ വസ്തു നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2023-24 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം | കെട്ടിട ഉടമ | വിലാസം |
|---|---|---|---|
| 1 | 5/233/ | Sugathan | Kumaranasan Charitable Trust |
| 2 | 7/67-68 | Dr.Venugopal | Madhava Vilasam |
| 3 | 7/170/1 | Jayesh &GeethuBabu | Swasthik Ayurvedic Clinic |
| 4 | 13/343/6 | Govt.Ayurveda Hospital Medical Officer | - |
| 5 | 14/42-47 | Saralakumari | Pournami |
| 6 | 14/68/ | Dr. Padmarajan,Geetha | - |
| 7 | 14/139/ | Dr. V. Nadarajan | - |
| 8 | 14/215/ | Dr. K. B. Padmarajan,S. Geetha | Surgery Clinic And Specality Hospital |
| 9 | 14/253/2 | Shaji,Jaya | - |
| 10 | 14/405-410 | C.R.Subhadra | - |
| 11 | 18/137-150 | PRESIDENT AND ECRETARY | SREE NARAYANA MEDICAL MISSION HOSPITAL |
| 12 | 18/519/1 | Athul Bala Madhav | TC25/420, 14 Santhi Nagar |
| 13 | 18/520/ | Athul Bala Madhav | TC25/420, 14 Santhi Nagar |
| 14 | 23/28/ | Prasobhana | Vattavila Veedu |
| 15 | 23/223/2 | Maya S S | Vrindhavan |
| 16 | 25/475/ | Shanida Shafi | Shani Nivas |
| 17 | 25/488/ | Dr.Vijayan | - |
| 18 | 25/490/ | Dr.Vijayan | - |
| 19 | 25/491/ | Dr.Vijayakumar | - |
| 20 | 27/14/ | Chithralekha Anilkumar | - |
| 21 | 28/539/1 | Lali Sugunan | Alsa |
| 22 | 31/160/3 | M.K.Sundaran Pillai | - |
| 23 | 31/186/ | M.K.Sundaran Pillai,Deevaki Amma | - |
| 24 | 31/337/ | Dr.Subhagan Ragavan | - |
| 25 | 31/338/ | Dr.N.Sudha | Mangala Hospital |
| 26 | 32/12/ | Sulatha | Amma Veedu |
| 27 | 33/243/ | S.Subhash | Sivam |

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 33/23.01.2025). രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് റിപ്പയറിംഗിന് നൽകിയ ട്രാക്ടർ ഉപയോഗ രഹിതമായ അവസ്ഥയിൽ ലേലം ചെയ്തു.

ഫയൽ നം. - **PW3/PW1/H1/3369/08**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-01-T-1428 നമ്പർ ട്രാക്ടർ വാഹനം കൊട്ടാരക്കരയിലുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) വർക്ക് ഷോപ്പിലേയ്ക്ക് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 06.01.2009ന് കൈമാറിയിരുന്നു. പ്രസ്തുത പ്രവർത്തിക്കായി KAICO സമർപ്പിച്ച 74,300/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 90% തുകയായ 66,870/- രൂപ (ചെക്ക് നം. 088427 തീ.24.06.2010) 25.06.2010ൽ KAICO-യ്ക്ക് മുൻകൂറായി നഗരസഭയിൽ നിന്നും അനുവദിച്ചിരുന്നു. എന്നാൽ KAICO, അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച്

വാഹനം നഗരസഭയ്ക്ക് കൈമാറിയിരുന്നില്ല. ഇത് സംബന്ധിച്ച് 25.06.2010, 30.07.2010, 03.12.2010, 04.02.2011, 02.05.2011 എന്നീ തീയതികളിൽ നഗരസഭയിൽ നിന്നും KAICO-യ്ക്ക് കത്ത് നൽകിയിരുന്നു. ട്രാക്ടറിന്റെ പണികൾ പൂർത്തികരിച്ചതായി KAICO ഡിവിഷണൽ എഞ്ചിനീയറുടെ 11.06.2013ലെ No.S47/KTR/45 നമ്പർ കത്ത് പ്രകാരവും 13.11.2014ലെ 321/KAIC/KTR/LSGD/212 നമ്പർ കത്ത് പ്രകാരവും നഗരസഭയെ അറിയിച്ചിരുന്നു. എന്നാൽ വാഹനം ലഭ്യമാക്കുന്നതിനായി നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭ ഉദ്യോഗസ്ഥർ 26.11.2021ൽ നടത്തിയ പരിശോധനയിൽ വാഹനം പുനരുപയോഗിക്കാൻ കഴിയാത്തവിധത്തിൽ കേടുപാടുകൾ സംഭവിച്ച നിലയിൽ അഗ്രോ കോർപ്പറേഷൻ ഓഫീസിൽ നിന്നും ഏകദേശം 100 മീറ്റർ അകലെയുള്ള വസ്തുവിൽ കിടക്കുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് PWD മെക്കാനിക്കൽ വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം വാഹനം പുനഃരുപയോഗിക്കാൻ കഴിയാത്ത രീതിയിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായും (Uneconomic Certificate) അറിയിച്ചിട്ടുണ്ട് (No.DB-381/2023, തീ.19.04.2023). തുടർന്ന് വാഹനം ലേലം ചെയ്യാൻ തീരുമാനിക്കുകയും PWD മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും വാല്യുവേഷൻ റിപ്പോർട്ട് ലഭിക്കുകയും 10/11/2023-ന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഓഫീസിൽ വച്ച് നടന്ന ലേലത്തിൽ ശ്രീ. ബഷീർ. റ്റി.എസ് എന്നയാൾക്ക് 65,700/- രൂപയ്ക്ക് വാഹനം ലേലത്തിൽ നൽകുകയും ചെയ്തു.

പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) KAICO ഡിവിഷണൽ എഞ്ചിനീയറുടെ 11.06.2013ലെ നം.. S47/KTR/45 നമ്പർ കത്ത്, 13.11.2014ലെ 321/ KAIC/KTR/LSGD/212 നമ്പർ കത്ത് പ്രകാരവും ട്രാക്ടറിന്റെ റിപ്പയർ വർക്കുകൾ പൂർത്തീകരിച്ചതായി നഗരസഭയെ അറിയിച്ചിരുന്നു. എന്നാൽ നഗരസഭ ആയതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) KAICO മാനേജരുടെ 25.11.2023ലെ കെഎഐസി/കെറ്റിആർ/202021/സി.21-1091 കത്ത് പ്രകാരം വാഹനത്തിന്റെ റിപ്പയറിംഗിന് ചെലവായ തുകയും വാഹന വാടകയും ഉൾപ്പെടെ 98,038/- രൂപ സ്ഥാപനത്തിന് അനുവദിക്കണമെന്ന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ കാലതാമസം വരുത്തിയതിന് അഡ്വാൻസ് ഇനത്തിൽ നൽകിയിരുന്ന 66,870/- രൂപ പലിശ സഹിതം ഒടുക്ക് വരുത്തുന്നതിന് KAICO-യ്ക്ക് 03.01.2024ൽ നഗരസഭയിൽ നിന്നും മറുപടി കത്ത് നൽകിയിരുന്നു. എന്നാൽ തുക നാളിതവരെ സ്ഥാപനം നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല. 2009-ൽ റിപ്പയറിംഗിന് നൽകിയ ട്രാക്ടറിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച വിവരം നഗരസഭയെ അറിയിച്ചിട്ടും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 50/25.01.2025). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈബ്രറി പ്രവർത്തനം - തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

നഗരസഭ കൗൺസിലിന്റെ 26.09.2023ലെ 11/1 നമ്പർ തീരുമാന പ്രകാരം വർക്കല നഗരസഭാ മുനിസിപ്പൽ ലൈബ്രറിയുടെ ബൈലോ അംഗീകരിച്ചിരുന്നു. ലൈബ്രറിയുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബൈലോ പ്രകാരം ലൈബ്രറി അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ കൂടി ഹാജരാക്കി സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ ലൈബ്രറി അംഗത്വത്തിനായി ഇപ്രകാരം അപേക്ഷ ഫാറം വാങ്ങി സൂക്ഷിച്ചിട്ടില്ല.

2) 2023-24 വർഷത്തിൽ അംഗത്വ ഫീസ്, മാസവരി എന്നിവ പിരിച്ചെടുത്തപ്പോൾ ലൈബ്രറിയിൽ നിന്നും രസീത് നൽകിയിട്ടില്ല. നഗരസഭയിൽ നിന്നും ലൈബ്രറിക്കായി നൽകിയ രസീത് ബുക്കുകളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

3) ലൈബ്രറിയിൽ ലഭിക്കുന്ന വരവ് തുകകൾ യഥാസമയം നഗരസഭയിൽ ഒടുക്ക് വരുത്തുന്നില്ല. ഉദാഹരണം കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 02.11.2023 മുതൽ 29.02.2024 വരെ ലഭിച്ച വരവ് തുകയായ 5,820/- രൂപ 20.03.2024 തീയതിയിലാണ് നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.

4) ലൈബ്രറിയിൽ അംഗത്വ ഫീസും മാസവരിയും ഒടുക്കാത്ത വിവിധ വ്യക്തികൾക്ക് ബുക്ക് വിതരണം നടത്തിയിട്ടുണ്ട്. ഉദാഹരണം - അംഗത്വ ഫീസോ മാസവരിയോ ഒടുക്കാത്ത അനുപമ എസ്., ശാലിനി മന്ദിരം, ഷിബിന എ., സുബൈദ മൻസിൽ എന്നീ വ്യക്തികൾക്ക് വിവിധ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

5) ബൈലോ പ്രകാരമുള്ള വിവിധ രജിസ്റ്ററുകളായ ഉപകരണ പതിവ് പുസ്തകം, സ്റ്റോക്ക് പതിവ് പുസ്തകം, കണക്ക് പുസ്തകങ്ങൾ എന്നിവ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ലഭ്യമാക്കിയ വിതരണ പതിവ്, പ്രവേശന പതിവ് പുസ്തകം എന്നിവ നിശ്ചിത മാതൃകയിലല്ല തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 27/20.01.2025). അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നു

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുമ്പ് തന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെയാണ് പ്രവർത്തിച്ച് വരുന്നത്. 2022-23 വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ സ്ഥാപനങ്ങളും 2023-24 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്/വിലാസം |
|---|---|---|
| 1 | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് | രഹന, ജന്നത്ത്, നരിക്കല്ല് |
| 2 | ടിപ്സ് | ശരത് എസ്. ആർ., ചാത്തമ്പാറ |

മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 36/24.01.2025). തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായ്ക്കളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിയിൽ 1000 വളർത്തുനായകൾ ഉള്ളതായും 900 വളർത്തുനായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 244 നായകൾക്ക് മാത്രമാണ് 2023-24 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 32/23.01.2025). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 നികുതി പിരിവ് കാര്യക്ഷമമല്ലാത്തതിനാൽ വികസന ഫണ്ട് സർക്കാർ കുറവ് ചെയ്തു – വിവിധ കുടിശ്ശിക തുകകൾ കാലഹരണപ്പെടുന്നു

**1)** നികുതി പിരിവിൽ അപാകം

2022-23 സാമ്പത്തിക വർഷത്തിൽ തനത് നികുതി പിരിവ് 90% പൂർത്തിയാക്കാത്ത കാരണത്താൽ നഗരസഭയ്ക്ക്

2023-24 വർഷത്തിൽ ലഭിക്കേണ്ട പൊതുവിഭാഗം ഫണ്ടിൽ നിന്നും 6,45,369/- രൂപ കറവ് ചെയ്തിട്ടുണ്ട് സ.ഉ.(സാധാ)നം. 2858/2024/ധന. തീയതി, 22.03.2024, സ.ഉ.(സാധാ)നം.179/2022/ധന. തീയതി, 18.10.2022). നഗരസഭയുടെ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| Head Code | Item | Amount (Rs.) |
|---|---|---|
| 431100100 | Receivables For Property Taxes (Current) With L.C | 16127647.5 |
| 431100200 | Receivables For Property Taxes (Arrears)with L.C | 3903566.1 |
| 431190101 | Receivables For Profession Tax- Institutions/Professionals/Traders (Current) | 1594685 |
| 431190102 | Receivables For Profession Tax- Institutions/Professionals/Traders (Current) | 125317 |
| 431300199 | Receivable For Other User Charges (Arrears) | 47100 |
| 431300201 | Receivable For License Fees (Current) | 62500 |
| 431300202 | Receivable For License Fees (Arrears) | 52500 |
| 431300204 | Receivable For Advertisement Fees (Arrears) | 188136 |
| 431400101 | Rent Receivable From Civic Amenities (Current) | 239209 |
| 431400102 | Rent Receivable From Civic Amenities (Arrears) | 4932437 |
| 431400104 | Rent Receivable From Office Buildings (Arrears). | 44941 |
| 431400107 | Rent Receivable From Lease On Lands (Current) | 27020 |
| 431400108 | Rent Receivable From Lease On Lands (Arrears) | 111154 |
| 431409901 | Other Receivable (Current) | 8092404 |
| 431409902 | Other Receivable (Arrears) | 31018015 |
| 431800110 | Receivables For Service Cess (Current) | 1432968 |
| 431800120 | Receivables For Service Cess (Arrears) | 174100 |
| | Total | **68173699.6** |

**2)** കാലഹരണപ്പെടുന്ന കുടിശ്ശികകൾ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്

K-സ്മാർട്ടിൽ നിന്നുള്ള 31.03.2024ലെ വാർഡ് അടിസ്ഥാനത്തിലുള്ള വസ്തു കുടിശ്ശിക റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 31.12.2023ലെ വാർഡ് അടിസ്ഥാനത്തിലുള്ള വസ്തു നികുതി കുടിശ്ശിക (Arrear Balance) വിവരം ചുവടെ ചേർക്കുന്നു.

| Ward | Building Tax-Arrear (Rs.) | LC-Arrear (Rs.) | ServiceC Ess-Arrear (Rs.) | Total-Arrear (Rs.) (As On 31.12.2023) |
|---|---|---|---|---|
| **1** | 514685 | 26220 | 38123 | 579028 |
| **2** | 270374 | 14301 | 16938 | 301613 |
| **3** | 362959 | 18800 | 27579 | 409338 |
| **4** | 145364 | 7701 | 9968 | 163033 |
| **5** | 418367 | 21715 | 34117 | 474199 |
| **6** | 496611 | 25894 | 40833 | 563338 |
| **7** | 153997 | 8184 | 10358 | 172539 |
| **8** | 98302 | 5320 | 5973 | 109595 |
| **9** | 277792 | 14428 | 19871 | 312091 |
| **10** | 6227526 | 312024 | 582202 | 7121752 |
| **11** | 108159 | 5754 | 6879 | 120792 |
| **12** | 385319 | 4563 | 5876 | 395758 |
| **13** | 127272 | 6669 | 7843 | 141784 |
| **14** | 773110 | 39488 | 59111 | 871709 |
| **15** | 6191179 | 310382 | 606176 | 7107737 |
| **16** | 309668 | 16181 | 20064 | 345913 |

| | | | | |
|---|---|---|---|---|
| **17** | 921824 | 46803 | 81388 | 1050015 |
| **18** | 489447 | 25191 | 40532 | 555170 |
| **19** | 412884 | 21021 | 32470 | 466375 |
| **20** | 368001 | 19281 | 28291 | 415573 |
| **21** | 2443142 | 122675 | 234882 | 2800699 |
| **22** | 481559 | 25166 | 32264 | 538989 |
| **23** | 902936 | 45992 | 77691 | 1026619 |
| **24** | 723206 | 36776 | 61141 | 821123 |
| **25** | 1499170 | 76048 | 123161 | 1698379 |
| **26** | 553539 | 28595 | 39459 | 621593 |
| **27** | 2374592 | 119731 | 200586 | 2694909 |
| **28** | 15414045 | 773358 | 1378939 | 17566342 |
| **29** | 450446 | 23287 | 32317 | 506050 |
| **30** | 180657 | 9745 | 11785 | 202187 |
| **31** | 352009 | 18268 | 25907 | 396184 |
| **32** | 314598 | 16271 | 22800 | 353669 |
| **33** | 285611 | 14925 | 18214 | 318750 |
| **Total** | **45028350** | **2260757** | **3933738** | **51222845** |

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539(1) പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത നടപടി ആദ്യം ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം നഷ്ട തുക ഈടാക്കേണ്ടതാണെന്നും വകുപ്പ് 539(2)ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 59/27.01.2025). നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക തുക കാലഹരണപ്പെടുന്ന പക്ഷം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല

**1)** കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022ലെ സ.ഉ.(കൈ)നം.117/2022/LSGD. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

**2)** നികുതി നികുതിയേതര വരുമാനങ്ങളുടെ അവലോകനം നടപ്പാക്കിയിട്ടില്ല

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നടത്തേണ്ടതാണെന്നും ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ ഭരണസമിതി മിനിറ്റ്സും വാർഡ് സഭ മിനിറ്റ്സും പരിശോധിച്ചതിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

**3)** നികുതി കുടിശ്ശിക വിവരം പ്രസിദ്ധീകരിച്ചിട്ടില്ല

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പട്ടിക നഗരസഭയുടെ നോട്ടീസ് ബോർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 15.06.2022ലെ സ.ഉ(കൈ).നം.124/2022/തസ്വഭവ. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വിവിധ നികുതി-നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട നഗരസഭയുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് നഗരസഭകൾക്ക് തീരുമാനിക്കാമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി നഗരസഭ ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 08/17.01.2025). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ടെണ്ടർ ഫോറം വില – നഗരസഭാ സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) ഏത് അക്കൗണ്ടിലാണ് ഒടുക്കുവരുത്തി വരുന്നത് എന്നത് സംബന്ധിച്ചും 2023-24 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) പ്രകാരം എത്ര രൂപ ലഭ്യമായിട്ടുണ്ട്, ഈയിനത്തിൽ ലഭ്യമായ തുക നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ എന്നും മുൻ വർഷങ്ങളിൽ പ്രസതുത ഇനത്തിൽ ലഭിച്ച തുക മുനിസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനും, ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/18.01.2025) അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ല. അക്കൗണ്ട് നം. 67348453685 ആണെന്നും 24.01.2025 വരെ ടെണ്ടർ ഫോം ഇനത്തിൽ ലഭിച്ച തുകയായ 4,95,111/- രൂപ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്നും ഇ-ടെണ്ടർ ഫീ ഇനത്തിലെ തുക നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് മുതലായ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ അതാത് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തന്നെ നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 ഇൻഷ്വറൻസ് പോളിസി രേഖകൾ ഹാജരാക്കിയില്ല - 6,109/- രൂപ പിഴ ഈടാക്കേണ്ടതാണ്

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/- രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷ്വറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് പോളിസി രേഖകൾ ഹാജരാക്കുകയോ ബില്ലിൽ നിന്നും 0.2% ഫൈൻതുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ | പ്രോജക്ട് | കരാർ തുക | കരാറുകാരന്റെ പേര് | ഈടാക്കേണ്ട |
|---|---|---|---|---|

| നം. | | (₹) | | പിഴ (₹) |
|---|---|---|---|---|
| 1 | 229/24<br>പ്രൈവറ്റ് ബസ് സ്റ്റാന്റ് റോഡ് മെയിന്റനൻസ് | 14,05,782 | ശ്രീമതി ദിവ്യദർശിനി | 2812 |
| 2 | 262/24<br>മുനിസിപ്പൽ ഓഫീസ് ടോയ് ലറ്റ് മെയിന്റനൻസ് | 2,45,544 | ശ്രീ. അരുൺരാജ്. R.T | 491 |
| 3 | 267/24<br>അപ്പൂപ്പൻകാവ് അംഗൻവാടിക്ക് സ്റ്റെയർ നിർമ്മാണം | 1,83,523 | ശ്രീ. അരുൺരാജ്. R.T | 367 |
| 4 | 234/24<br>നടയറ സ്ലാട്ടർഹൌസ് റോഡ് സൈഡ് കോൺക്രീറ്റിംഗ് | 3,65,129 | ശ്രീ. ഗോവിന്ദരാജ് സെൻ | 730 |
| 5 | 99/24<br>ടീച്ചേഴ്സ് കോളനി റോഡ് സൈഡ് കോൺക്രീറ്റിംഗ് | 8,54,562 | ശ്രീ. ചിന്തുപ്രസാദ് | 1709 |
| ആകെ തുക | | | | 6109 |

പ്രസ്തുത കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 78/29.01.2025 അസി. എൻജിനീയർ മറുപടി ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കരാറുകാരിൽ നിന്നും തുക ഈടാക്കി ഒടുക്ക് വരുത്തുന്നതാണ് എന്ന് അറിയിച്ചു. പ്രസ്തുത തുക ഈടാക്കി ഒടുക്ക വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ഹരിത കർമ്മസേന പ്രവർത്തനം - അവലോകനം

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ രൂപീകരിച്ച 1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2000ൽ Municipal Solid Waste (Management And Handling) Rules പുറപ്പെടുവിച്ചിട്ടുണ്ട്. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലയാണ്. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 340 ബി വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന മുഖാന്തിരവും നേരിട്ടും മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻക്വയറി നം. 01/16.01.2025ന് മുനിസിപ്പൽ ഹെൽത്ത് ഓഫീസർ ഓഫീസർ ലഭ്യമാക്കിയ മറുപടി) അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാലിന്യ ശേഖരണം - മുനിസിപ്പാലിറ്റി യിലെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | മുനിസിപ്പാലിറ്റിയിലെ ആകെ വാർഡുകളുടെ എണ്ണം | 33 |

| | | |
|---|---|---|
| 2 | ആകെ ജനസംഖ്യ | 40048 |
| 3 | വാസഗൃഹങ്ങളുടെ എണ്ണം | 10191 |
| 4 | സ്ഥാപനങ്ങൾ | 2600 |

മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 33 വാർഡുകളിലായി ആകെ 54 ഹരിത കർമ്മസേന അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത് {(സ.ഉ(സാധാ) നം.2470/2017/തസ്വഭവ., തീ.15.07.2017 പ്രകാരം രൂപീകൃതമായി). രണ്ട് ഹരിത കർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയിലെ 100% വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 100% 2023-24 വർഷം വർക്കല മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്.

<u>മാലിന്യങ്ങൾ ഉറവിടത്തിൽ തരം തിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

ഉല്പാദകരുടെ ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ നടപടികൾ മുനിസിപ്പാലിറ്റി മുഖേന നടപ്പാക്കി വരുന്നുണ്ട്. ഉറവിടത്തിൽ മാലിന്യം തരംതിരിക്കുന്നതിനും അജൈവ മാലിന്യം കൃത്യമായി ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനായി 2023-24 വർഷത്തിൽ ചാക്കുകൾ വാങ്ങി വിതരണം ചെയ്യുകയും തുണിസഞ്ചി വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 5000 തുണി സഞ്ചിയും 2023-24 സാമ്പത്തിക വർഷം 1000 തുണി സഞ്ചിയും വിവിധപ്രോജക്ടുകളിലൂടെ വാങ്ങി ഹരിതകർമ്മസേന വഴി നൽകിയിട്ടുണ്ട്.

<u>ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, ഇ-വേസ്റ്റുകൾ</u>

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് മുനിസിപ്പാലിറ്റി മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ)നം. 1971/2023/LSGD, തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം.1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആപത്കരമായ മാലിന്യം, ബയോമെഡിക്കൽ മാലിന്യം എന്നിവ സംസ്കരിക്കുന്നതിന്റെ ഭാഗമായി നഗരസഭയിൽ കമ്മ്യൂണിറ്റി ലെവൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി (ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. നഗരസഭ പരിധിയിൽ വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ13 ഓഫീസുകളിലും നഗരസഭയിലെ 9 സ്കൂളുകളിലും 5 പൊതു ശൗചാലയങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ആപത്കരമായ ഇ-വേസ്റ്റുകൾ ശേഖരിക്കുന്നതിനും ആയത് നീക്കം ചെയ്യുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം.479/2021/തസ്വഭവ തീ.17.02.2021, സ.ഉ(സാധാ) നം.628/2023/തസ്വഭവ, തീ. 16.03.2023) എന്നാൽ മുനിസിപ്പാലിറ്റി മുഖേന ഇപ്രകാരമുള്ള ഇ-വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ മുനിസിപ്പാലിറ്റി മുഖേന നടപ്പാക്കേണ്ടതാണ്.

<u>പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ</u>

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (26.04.2023ലെ G.O. (Rt) No. 922/2023/LSGD. മുനിസിപ്പാലിറ്റിയിൽ Garbage Vulnerable Points ആയി കണ്ടെത്തിയ 13 പൊതുസ്ഥലങ്ങൾ വൃത്തിയാക്കി ശുചീകരണം നടത്തിയിട്ടുണ്ട്. എന്നാൽ ജലസ്രോതസ്സുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)no.7844/2023(s)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം

ചെയ്യുന്നതിനായി കർമ്മപദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ പ്രവർത്തനം</u>

മുനിസിപ്പൽ ഏരിയയിൽ 31 മിനി എം.സി.എഫും 2 എം.സി.എഫും, 1 ആർ.ആർ.എഫും. നിലവിലുണ്ട്. എം.സി.എഫ്-ൽ ആവശ്യമായ ബെയ്‌ലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിച്ചതിന്റെ വിശദാംശം എം.സി.എഫ് കെട്ടിടത്തിൽ ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീണറി ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവ വേർതിരിച്ചതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. നഗരസഭ മുനിസിപ്പൽ ബസ് സ്റ്റാന്റിലെ എം.സി.എഫിൽ 2024-25 സാമ്പത്തിക വർഷം ബെയ്‌ലിംഗ് മെഷീൻ സോർട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്.

കണ്വാശ്രമം ആർ.ആർ.എഫ്.-നോട് ചേർന്നുള്ള മാലിന്യ സംസ്കരണ പ്ലാന്റിൽ ബെയ്‌ലിംഗ്, ഷ്രെഡിംഗ് മെഷീനുകൾ പ്രവർത്തിക്കുന്നു.

ചിത്രം . <u>ആർ.ആർ.എഫ്. എഫ് കെട്ടിടവും സമീപത്തുള്ള മാലിന്യ നിക്ഷേപവും</u> _



എം.സി.എഫ്.-ലെ അടിസ്ഥാന സൗകര്യങ്ങൾ, ഉറപ്പാക്കുന്നതിനാവശ്യമായ സർക്കാർ നിർദ്ദേശപ്രകാരമുള്ള {സ.ഉ.(സാധാ) നം. 1971/2023/LSGD, തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

<u>മാലിന്യങ്ങളുടെ ശേഖരണവും മാലിന്യങ്ങൾ നീക്കം ചെയ്യലും</u> _

ഹരിത കർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയും ഗ്രീൻടെക്ക് എന്ന സ്ഥാപനവുമാണ് നീക്കം ചെയ്തിട്ടുള്ളത്. നിലവിൽ ഗ്രീൻടെക്ക് എന്ന സ്ഥാപനത്തിനാണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരാർ നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 302 ടൺ |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്‌വസ്തുക്കളുടെ അളവ് | 288 ടൺ |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 176.6 ടൺ |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക (രൂപ) | 82,71,625/- |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക (രൂപ) | 83,300/- |

ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

മാലിന്യ ചട്ടങ്ങളുടെ ലംഘനവും ബൾക്ക് വേസ്റ്റ് ജനറേറ്ററുകളിലെ പരിശോധനയും

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ/കോടതി ഉത്തരവുകളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി 2 വിജിലൻസ് ടീം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, 7 സ്ഥലങ്ങളിൽ കാമറ സ്ഥാപിക്കുകയും 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച 23 കേസ് കണ്ടെത്തുകയും 2,30,000/- രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഹരിത ചട്ട ലംഘനങ്ങളുടെ പിഴയായി 30,000/- രൂപയും ഈടാക്കിയിട്ടുണ്ട്.

വാർഷിക പദ്ധതി പ്രവർത്തനങ്ങളും പുരോഗതിയും

മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി വിവിധ വിഭവ സ്രോതസ്സുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു {സ.ഉ(സാധാ.) നം.989/2023/തസ്വഭവ, തീ.06.05.2023, സ.ഉ(സാധാ.) നം.1401/2023/തസ്വഭവ തീ.10.07.2023}. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ആകെ പദ്ധതികൾ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 32 | 25 | രൂ.3,14,17,311 | രൂ.1,49,99,273 | 47% |

മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ

ഹരിത കർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന മുനിസിപ്പാലിറ്റിയിലെ 100% വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം.2481/2023/LSGD, തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് യൂസർ ഫീ ഇളവ് നൽകാത്തതിനാൽ പ്രസ്തുത ഫീസിന് ആനുപാതികമായ തുക മുനിസിപ്പാലിറ്റിയിൽ നിന്നും ഹരിത കർമ്മസേനയ്ക്ക് നൽകി വരുന്നില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും യൂസർ ഫീ ഈടാക്കി സേവനം നൽകുന്നതിനും 2023-24 വർഷം മുനിസിപ്പാലിറ്റി ഹരിതചട്ടം പാലിച്ച് പരിപാടികൾ നടത്തുന്നതിനായി ഹരിത കർമ്മ സേനയ്ക്ക് ഗ്രീൻ പ്രോട്ടോക്കോൾ മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ച് ഒറ്റത്തവണ ഉപയോഗിച്ച് കളയുന്ന വസ്തുക്കളുടെ ബദൽ ഉല്പന്നങ്ങളായ ഗ്ലാസ്, പ്ലേറ്റ്, ജഗ്ഗ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ മാനേജ്മെന്റ് ഗ്രൂപ്പ് പ്രവർത്തനം ശരിയായ വിധത്തിൽ നടക്കുന്നുവെന്ന് മോണിറ്റർ ചെയ്യേണ്ടതാണ്. ഹരിത കർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 82,71,625/- രൂപ |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 30,000/- രൂപ |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 3,75,000/- രൂപ |

മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023ലെ സ.ഉ.(സാധാ)നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000/- രൂപ മാസവരുമാനം ഹരിത കർമ്മസേന അംഗങ്ങൾക്ക് ഉറപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ നിലവിൽ 15,000/- രൂപ പ്രതിമാസ വരുമാനം ഉറപ്പാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംരംഭ പ്രവർത്തനങ്ങളുടെ {സ.ഉ.(സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14} ഭാഗമായി ഹരിതകർമ്മ സേനാംഗങ്ങളെ 5 ഗ്രൂപ്പ് ആയി തിരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗ്രീൻ ഷോപ്പ് - ഗ്രീൻ പ്രോട്ടോക്കോൾ + ടേക്ക്- എ-ബ്രേക്ക്

2. ഗ്രീൻ വേസ്റ്റ് - സോപ്പ് ലോഷൻ നിർമ്മാണം

3. ഗ്രീൻ ക്ളീൻ – തുണി സഞ്ചി നിർമ്മാണം

4. ഗ്രീൻ ടെക് - ഉറവിട മാലിന്യ സംസ്കരണ ഉപാധി നൽകൽ

5. ഗ്രീൻ വേൾഡ് - ഉല്പന്നങ്ങളുടെ വിതരണം

<u>നാഷണൽ സർവ്വീസ് സ്കീം മുഖേനയുള്ള സ്നേഹാരാമങ്ങൾ</u>

മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന ഗാർബേജ് വൾണറബിൾ പോയിന്റുകളോ അല്ലെങ്കിൽ മാലിന്യം കെട്ടി കിടക്കുന്നതോ ആയ പ്രദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കണ്ടുപിടിച്ച് എൻ.എസ്.എസ് യൂണിറ്റിന് (നാഷണൽ സർവ്വീസ് സ്കീം) കൈമാറേണ്ടതാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ പച്ചത്തുരുത്ത്, ചുമർ ചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, തണലിടം (വിശ്രമ സംവിധാനം), സ്ക്രാപ്പ്/അജൈവ പാഴവസ്തുക്കൾ കൊണ്ടുള്ള ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളന്റിയർമാർമാരുടെ സർഗാത്മകത കാഴ്ചവെയ്ക്കാൻ കഴിയുന്ന തരത്തിൽ ആകർഷണീയത കൊണ്ടുവരേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് ({സ.ഉ.(സാധാ) നം. 1889/2023/LSGD, തീ.23.09.2023,സ.ഉ. (സാധാ) നം. 1496/2023/HEDN തീ.09.10.2023). വർക്കല മുനിസിപ്പാലിറ്റിയിൽ എൻ.എസ്.എസ്. യൂണിറ്റുമായി ചേർന്ന് 4 സ്ഥലങ്ങളിൽ സ്നേഹാരാമം നിർമ്മിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ഗാർബേജ് വൾണറബിൾ പോയിന്റുകളിലും മാലിന്യം കെട്ടി കിടക്കുന്ന പ്രദേശങ്ങളിലും എൻ.എസ്.എസ് മുഖനേയുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബോധവത്കരണവും പ്രചാരണവും പാരിതോഷികവും</u>

മാലിന്യ നിർമാർജനത്തിനായി ബോധവത്കരണം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് {സ.ഉ.(സാധാ) നം. 1971/2023/LSGD തീ.07.10.2023)}. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതും സമൂഹ മാധ്യങ്ങളിൽ ഉൾപ്പടെ ആയതിന് പരമാവധി പ്രചാരണം നൽകേണ്ടതുമാണ്.

<u>മാലിന്യ നിർമ്മാജ്ജന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്</u>

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി. ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെ {സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023} അടിസ്ഥാനത്തിൽ 7 സി.സി. ടി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിത മിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ മുനിസിപ്പൽ സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. {സ.ഉ.(സാധാ)നം.2231/2023/LSGD തീ.12.11.2023 പ്രകാരം.}. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങൾ പൂർണമായും നടപ്പാക്കി മുനിസിപ്പാലിറ്റി തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും മുനിസിപ്പാലിറ്റിയെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-33 പത്ര പരസ്യം - പത്ര സ്ഥാപനങ്ങൾക്ക് നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ്

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് ജി.ഒ.(പി)നം.2/2020/I&PRD, തീ.10.12.2020, ജി.ഒ(പി)നം.5/2021/I&PRD, തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള കൗമുദി, ദേശാഭിമാനി എന്നീ ദിനപ്പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക അനുവദിച്ചത്. മേൽ ഉത്തരവുകൾ പ്രകാരം കേരള കൗമുദി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158/- രൂപയും (കാറ്റഗറി-സി), ദേശാഭിമാനി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 57/- രൂപയുമാണ് (കാറ്റഗറി-സി). കൂടാതെ സർക്കാർ സ്ഥാപനങ്ങൾ പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട സാഹചര്യമുണ്ടായാൽ പി.ആർ.ഡി. പരസ്യ നിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ വർദ്ധന നല്കാൻ പാടുള്ളൂവെന്നും അതോടൊപ്പം പരസ്യ തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി മേൽ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പത്രം | ഇൻവോയ്സ് നം./ തീയതി | വിസ്തീർണം ($Cm^2$) | ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് (രൂ.) | ഇൻവോയ്സ് തുക (രൂ.) **(Area X Rate-15% Disc.+5%GST)** | പരമാവധി നല്കേണ്ടിയിരുന്ന തുക **(Area X 57+50% Hike-15% Dis. +5%GST)** | അധിക തുക (രൂ.) |
|---|---|---|---|---|---|---|
| ദേശാഭിമാനി | TVM/22-23/3657/ 15.03.23 | 56 | 225 | 56*225-1890+535 =11246 | 56*57+1596-714+204= 4274 | 6972 |
| ദേശാഭിമാനി | TVM/22-23/3500/ 02.03.23 | 64 | 225 | 64*225-2160+612 =12852 | 64*57+1824-547+= 4925 | 7927 |
| ദേശാഭിമാനി | TVM/22-23/0112 | 32 | 250 | 32*250+400 =8400 | 56*57+1596-714+204= 4274 | 6972 |
| ദേശാഭിമാനി | TVM/22-23/0205 | 24 | 250 | 24*250-900+255 =5355 | 24*57+684-205+92= 1950 | 3435 |
| ദേശാഭിമാനി | TVM/23-24/1454/ 16.08.23 | 32 | 250 | 32*250-1200+400 =7140 | 56*57+1596-714+204= 4274 | 6972 |
| ദേശാഭിമാനി | TVM/23-24/1558/ 24.08.23 | 40 | 250 | 40*250-1500+425 =8925 | 40*57+1140-342+154= 3232 | 5693 |
| ദേശാഭിമാനി | TVM/23-24/1644/ 07.09.23 | 280 | 250 | 280*250-10500+2975 =62475 | 280*57+7980-2394 +1077 = 22623 | 39852 |
| കേരളകൗമുദി | BLTVMOO399942/ 14.03.23 | 56 | 340 | 56*340 +952=19992 | 56*158+4424-1327 +597=12542 | 7450 |
| കേരളകൗമുദി | BLTVMOO399500/ 01.03.23 | 56 | 340 | 56*340 +952=19992 | 56*158+4424-1327 +597=12542 | 7450 |
| കേരളകൗമുദി | BLTVMOO401888/ 12.04.23 | 19 | 340 | 19*340 +323=6783 | 19*158+1501-675+191 =4019 | 2764 |
| കേരളകൗമുദി | BLTVMOO401888/ 12.04.23 | 19 | 340 | 19*340 +323=6783 | 19*158+1501-675+191 =4019 | 2764 |
| കേരളകൗമുദി | BLTVMOO399942/ 14.03.23 | 24 | 356 | 24*356 +427=8971 | 24*158+4424-1327 +597=4835 | 4136 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/24.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉയർന്ന നിരക്കിൽ നൽകിയതിനാൽ ഉണ്ടായ അധിക ചെലവ് തുക 1,02,387/- രൂപ ബന്ധപ്പെട്ട പത്രസ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ചെലവ് തുക നൽകിയതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വാഹനത്തിൽ 5000 ലിറ്റർ കുടിവെള്ളം വീതം 68 ടിപ്പ് നടത്തിയതിന് ടിപ്പ് ഒന്നിന് 2,200/- രൂപ വെച്ച് ആകെ 1,49,600/- രൂപ KL-03-Q-0733 എന്ന വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ. സുനിലിന് നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം വാഹനത്തിന്റെ ചെലവ് തുക നൽകുന്നതിന് മുൻപ് ജി.പി.എസ്. ലോഗ് സ്റ്റേറ്റ്മെന്റും വാഹനത്തിന്റെ ലോഗ്ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ് ചെക്ക് ചെയ്യേണ്ടതും കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ വൗച്ചർ നം. 52/5-23 പ്രകാരമുള്ള ഫയലുകൾ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ജി.പി.എസ് ലോഗ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/24.01.2025ന് വാടകയ്ക്ക് എടുത്ത വാഹനത്തിന് ജി.പി.എസ് സംവിധാനം ഉണ്ടായിരുന്നെന്നും ഡൗൺലോഡ് ചെയ്ത ജി.പി.എസ് സ്റ്റേറ്റ്മെന്റ് ഫയലിൽ ഇടുവാൻ വിട്ടുപോയതാണെന്നും കുടിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് ബിൽ നൽകുന്ന മുറയ്ക്ക് ബില്ലും രജിസ്റ്ററും പരിശോധിച്ചാണ് തുക അനുവദിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം അപാകങ്ങൾ

വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 2023-24 സാമ്പത്തികവർഷം വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധന നടത്തിയതായി കാണുന്നില്ല. കൂടാതെ മാസാന്ത്യ സംഗ്രഹം എഴുതിയിട്ടില്ല, കൺട്രോളിംഗ് ഓഫീസർ ലോഗ്ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/24.01.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ലോഗ്ബുക്ക് പാരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ആസ്തി സംരക്ഷണം- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 86/2022/ത.സ്വ.ഭ.വ., തീ. 19.04.2022] ഖ. 6.8(1) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖ. 6.8(2) പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ഖ. 6.8(10) പ്രകാരം ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 81/29.01.2025) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ നഗരസഭയുടെ ആസ്തി സചിത്ര സോഫ്റ്റ് വെയർ മുഖാന്തിരമാണ് രേഖപ്പെടുത്തി വരുന്നത് എന്നും നഗരസഭയുടെ റോഡുകൾ ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം ലിസ്റ്റ് ചെയ്തിട്ടുള്ളതും ആയത് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 (1), 6.8(2), 6.8(10) എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ആസ്തി സംരക്ഷണം - കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്

നഗരസഭയ്ക്ക് ലഭ്യമായ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും പുതിയതായി നഗരസഭയ്ക്ക് ആസ്തി ലഭ്യമാക്കുന്നതിനും ചുവടെ പറയുന്ന കൗൺസിൽ തീരുമാനങ്ങൾ എടുത്തിരുന്നു.

| ക്രമ നം. | തീയതി/ തീരുമാനം നമ്പർ | കൗൺസിൽ തീരുമാനം |
|---|---|---|
| 1 | 18.05.23 2(4) | ടൂറിസ്റ്റുകൾക്ക് മികച്ച സൗകര്യം നൽകുന്നതിന് നഗരസഭയ്ക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനുമായി ഹെലിപാഡിൽ സർക്കാർ പുറമ്പോക്കിൽ ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് അയക്കുന്നതിനു തീരുമാനിച്ചു. |
| 2 | 08.06.23 2(1) | ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. സുരേന്ദ്രൻ ശ്രീറാം വട്ടപ്ലാംമൂടിന്റെ ഉടമസ്ഥതയിലുള്ള 8.08 ആർ ഭൂമി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലക്ക് വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പ്രസ്തുത പുരയിടത്തോട് ചേർന്ന് ശ്രീ. സുരേന്ദ്രൻ എന്നവർ ഹോസ്പിറ്റൽ നിർമ്മിക്കുന്നതിനായി സൗജന്യമായി അനുവദിക്കുന്ന 5 സെന്റ് ഭൂമി നഗരസഭ പേരിൽ ആധാരം ചെയ്ത് എടുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 3 | 12.07.23 3(1) | വർക്കല നഗരസഭ കുരക്കണ്ണി മംഗളവ് ജങ്ഷൻ മുതൽ തിരുവമ്പാടി (ബ്ലാക്ക് ബീച്ച് ) വരെയുള്ള 4.5 മീറ്റർ വീതിയിൽ നിലവിൽ ടാർ ചെയ്തിട്ടുള്ള റോഡ് മുനിസിപ്പൽ ആസ്തിയിൽ ഉൾപ്പെടുത്തി മൈതാനം ക്ലിഫ് റോഡ് എന്ന ബജറ്റ് വർക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായി PWDക്ക് കൈമാറുന്നതിന് തീരുമാനിച്ചു |
| 4 | 12.07.23 17(1) | വില്ലേജ് രേഖകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള തിരുവമ്പാടി ജങ്ഷനിൽ നിന്നും ക്ലിഫ് ലേക്കുള്ള സർവ്വേ 6 ബ്ലോക്ക് 95ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് വഴി വർക്കല നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തുന്നതിനു റവന്യൂ വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു |
| 5 | 28.12.23 4(1) | വില്ലേജ് സ്കെച്ചിൽ വഴിയായി കാണിച്ചിരിക്കുന്ന 124 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള തുരപ്പിൻമുഖം പണയിൽ റോഡ് നഗരസഭ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. |
| 6 | 28.12.23 17(1) | വർക്കല വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടുള്ള സ്കെച്ച് പ്രകാരം പുറമ്പോക്ക് വഴിയായി രേഖപ്പെടുത്തിയ കടകത്ത് ജംഗ്ഷൻ മുതൽ ഭൂതനാഥൻ ക്ഷേത്രം വരെ 72 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള മൺറോഡ് നഗരസഭ ആസ്തിയിൽ ചേർക്കുന്നതിന് തീരുമാനിച്ചു. |

| | | |
|---|---|---|
| 7 | 17.02.24<br>2(1) | വിവിധ റോഡുകൾ, കുളങ്ങൾ (അയണിക്കുഴിവീള ഇടറോഡ് -7, വാച്ചർമുക്ക് മുണ്ടയിൽ റോഡിന് സമീപമുള്ള ഇടറോഡ് – 30 ജവഹർപാർക്ക ഗവ. ഐ.റ്റി.ഐ സമീപമുള്ള ഗ്രാമശ്രീ റോഡ് -30, പള്ളിവിളാകം റോഡ് -33, കരുന്നിലക്കോട ലക്ഷം വീട് കോളനിയിലെ 2 കുളങ്ങൾ, പടിഞ്ഞറ്റതിൽ കുളം റോഡ് -5, വർക്കല പാർക്ക് മുണ്ടയിൽ റോഡിലുള്ള ഇടറോഡ്, മൈതാനം തൊട്ടിപ്പാലം റോഡ് ബാക്കി ഭാഗം, -19) എന്നിവ നഗരസഭ ആസ്തിയിൽ ഉൾപ്പടുത്തുന്നതിന് തീരുമാനിച്ചു |
| 8 | 12.03.24<br>26(1) | വർക്കല നഗരസഭ - റോഡ് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു |

മേൽ കൗൺസിൽ തീരുമാനങ്ങളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/25.01.2025) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-38 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - പദ്ധതിയിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| നിർവ്വഹണോദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 94/24 |
| അടങ്കൽ | രൂ.4,87,704/- (രൂ.4,87,704/– പൊ.വി.സാധാ. വി.) |
| ചെലവ് | രൂ.1,74,180/- (രൂ.1,74,180/– പൊ.വി.സാധാ. വി.) |
| ബിൽ നമ്പർ | 228/23.11.2023 രൂ.1,74,180/- |

രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം 30 ഗുണഭോക്താക്കൾക്ക് 5,806/- രൂപ നിരക്കിൽ ആകെ 1,74,180/- രൂപയ്ക്ക് ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2023-24 വർഷത്തെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ, വിദ്യാർഥികൾക്ക് അനുവദിക്കേണ്ട ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻസ്, ടെണ്ടറുകളുടെ കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ്, വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്കായി ഫയലിൽ നൽകിയിട്ടില്ല.

2) പദ്ധതി പ്രകാരം കെ. പി. എം. സ്റ്റോഴ്സ് സമർപ്പിച്ച ടെണ്ടറാണ് 19/08/2023ലെ 13/01, രണ്ടാം നമ്പർ തീരുമാനപ്രകാരം വാർഡ്സഭ അംഗീകരിച്ചത്. ഇത് പ്രകാരം 13/11/2023, 16-11-2023 തീയതികളിലായി ആകെ 30 മേശയും കസേരയും 5,806/- രൂപ നിരക്കിൽ ആകെ 1,74,180/- രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിന്റെ റേറ്റ് തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിലേതിലും കുറവായിരുന്നു. വിശദാംശം ചുവടെ-

| സ്ഥാപനം | ഇനം | റേറ്റ് |
|---|---|---|
| നരിക്കോട്ടിൽ ഡിസ്ട്രിബ്യൂഷൻസ് | Table(L-110cm, B-60cm, H-76cm)<br>Chair(Armed Chair, Anjili/Akasia) | രൂ.5,700/-<br>(Table-3215+Chair-2485) |
| ABI ഇൻഡസ്ട്രീസ് | Table, Chair | രൂ.4,200/-<br>(Table-2600+Chair-1600) |

പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്ട്സ്, വിദ്യാർഥികൾക്ക് അനുവദിക്കേണ്ട ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻസ് ആയവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേൽനൽകിയ 2 സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിക്കാനുണ്ടായ കാരണം വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം നം. 85/29.01.2025ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ, ഗുണഭോക്തൃലിസ്റ്റ് ആയവ പരിശോധനയ്ക്ക് ലഭ്യമാക്കി കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-39 മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര വാഹനവും ഐസ് ബോക്സും നൽകൽ - പദ്ധതികളിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര വാഹനവും ഐസ്ബോക്സും നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 126/24 |
| അടങ്കൽ | രൂ.4,00,000/- (രൂ.4,00,000/– പൊ.വി.സാധാ. വി.) |
| ചെലവ് | രൂ.1,60,000/- (രൂ.1,60,000/– പൊ.വി.സാധാ. വി.) |
| ബിൽ നമ്പർ | 428/20.02.2024 രൂ.40,000/-<br>429/20.02.2024 രൂ.40,000/-<br>516/13.03.2024 രൂ.80,000/- |

ഗുണഭോക്താക്കളായ 4 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര വാഹനവും ഐസ് ബോക്സും 40,000/- രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) സ.ഉ(കൈ) നം.115/2022/LSGD., സബ്സിഡി മാർഗരേഖ, ഖണ്ഡിത 6.4 (സി)6 പ്രകാരം പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവിന് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. എന്നാൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ഒരു ഗുണഭോക്താവിന്റെ ലൈസൻസ് കാലഹരണപ്പെട്ടതായി കാണുന്നു. വിശദാംശം ചുവടെ,

| പേര് | വിലാസം | ലൈസൻസ് ഇഷ്യൂ ചെയ്ത തീയതി | ലൈസൻസ് കാലഹരണപ്പെട്ട തീയതി |
|---|---|---|---|
| മൻസാർ.എ | അസീസ് മൻസിൽ, ഓടയം | 12/11/2002 | 11/11/2022 |

ലൈസൻസ് പുതുക്കുന്നതിനായി നൽകിയ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റുന്ന സമയത്ത് ഗുണഭോക്താവിന് ഇരുചക്ര വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടിയിരുന്നോ എന്ന് രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

Ii) വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 67/28.01.2025).

## 1-40 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല – 24,23,419/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | നം.7/24 – എസ്.എസ്.കെ വിഹിതം നൽകൽ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | രൂ.24,23,419/- |

| | |
|---|---|
| ചെലവ് | രൂ.24,23,419/- |
| ബിൽ നം./തീയതി | 12/10.05.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള വിവിധ സ്കൂളുകളിൽ എസ്.എസ്.കെ.-യുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം 24,23,419/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ8.6(3) പ്രകാരം, പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഖ.8.6(4) പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ-യ്ക്ക് നൽകുന്ന തുകയുടെ വിനിയോഗം, നടത്തുന്ന പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം എസ്.എസ്.കെ-യ്ക്ക് നൽകിയ തുകയുടെ വിനിയോഗം, നടത്തിയ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 52/25.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ, എസ്.എസ്.കെ-യ്ക്ക് നൽകിയ 24,23,419/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. എസ്.എസ്.കെ-യ്ക്ക് നൽകിയ തുകയുടെ വിനിയോഗം, നടത്തിയ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങളും, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-41 വജ്ര ജൂബിലി ഫെല്ലോഷിപ്പ് - പ്രവർത്തന വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 13/24 – വജ്ര ജൂബിലി ഫെല്ലോഷിപ്പ് നേടിയ കലാകാരന്മാർക്ക് ഓണറേറിയം |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | രൂ.3,60,000/- |
| ചെലവ് | രൂ.3,00,000/- |
| ബിൽ നം./തീയതി/തുക | 771/273.07.23 – രൂ.30,000/-<br>99/10.08.23 – രൂ.30,000/-<br>102/16.08.23 – രൂ.30,000/-<br>219/17.11.23 – രൂ.30,000/-<br>299/27.12.23 – രൂ.60,000/-<br>397/09.02.24 – രൂ.30,000/-<br>423/19.02.24 – രൂ.30,000/-<br>502/11.03.24 – രൂ.60,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നം. | 205/24 – വജ്ര ജൂബിലി ഫെല്ലോഷിപ്പ് നേടിയ കലാകാരന്മാർക്ക് ഓണറേറിയം (SO) |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | രൂ.40,000/- |
| ചെലവ് | രൂ.40,000/- |
| ബിൽ നം./തീയതി/തുക | 42/22.06.23 – രൂ.40,000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

സാംസ്കാരിക ഉന്നതി നിലനിറുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കല ആഭിമുഖ്യം വളർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന പങ്കാളിത്തത്തോടെ മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സ.ഉ(കൈ)നം.30/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം, പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, ക്ലസ്റ്ററുകൾ രൂപീകരിക്കുക, വിവിധ കേന്ദ്രങ്ങളിൽ നിയോഗിക്കുക, പരിശീലനത്തിന് കുട്ടികളെയും യുവാക്കളെയും തെരഞ്ഞെടുക്കുക തുടങ്ങിയ വിഷയങ്ങൾ 15 അംഗ നഗരസഭാസമിതി നിർവ്വഹിക്കേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ വിന്യസിച്ചിട്ടുള്ള 4 കലാകാരന്മാർ നിർവ്വഹിച്ച കലാ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമല്ല. ഓഡിറ്റിനായി ലഭ്യമാക്കിയ ഫയലിൽ കലാകാരന്മാർക്ക് ഫെല്ലോഷിപ്പ് അനുവദിച്ചതിന്റെ വിശദാംശം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

(2) പ്രോജ.നം. 205/24 സ്പിൽ ഓവർ പ്രോജക്ട് 22.06.2023-ലെ ബിൽ പ്രകാരമുള്ള 40,000/- രൂപയുടെ ചെലവിനൊപ്പം കലാകാരന്മാരുടെ കലാ പ്രവർത്തനം സംബന്ധിച്ച സാംസ്കാര്യകാര്യവകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം ലഭ്യമല്ല.

(3) 22.06.2023-ലെ ബിൽ പ്രകാരം ശ്രീമതി ശ്രേയ കെ., ശ്രീ. മുഹ്സിൻ ഹാഷിം എന്നീ കലാകാരന്മാർക്ക് 12,500/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. മാർച്ച് മാസത്തെ 7,500/- രൂപ ഫെല്ലോഷിപ്പിന് പുറമെ 5,000/- രൂപ 2023 ഫെബ്രുവരി മാസത്തെ തുകയായാണ് കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 4 കലാകാരന്മാരിൽ 2 പേർക്ക് ഇത്തരത്തിൽ തുക അനുവദിച്ചത് സാധൂകരിക്കുന്ന രേഖ, നിരക്ക് സംബന്ധിച്ച വിശദാംശം, സാംസ്കാര്യകാര്യവകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

(4) പദ്ധതി മാർഗ്ഗരേഖ (Go(ms)86/22/Lsgd Dt.19.04.22) ഖ.8.12(3) പ്രകാരം ഫെല്ലോഷിപ്പ് കലാകാരന്മാർക്കുള്ള നഗരസഭാ വിഹിതം മുടക്കം കൂടാതെ അനുവദിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, 2024 ജനുവരി വരെയുള്ള ഫെല്ലോഷിപ്പ് തുകയാണ് പ്രോജക്ട് നം. 13/24 പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/23.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളിന്മേൽ മറുപടി ലഭ്യമാക്കേണ്ടതും 2023-24 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്, ഗുണഭോക്താക്കളുടെ ഹാജർ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-42 പദ്ധതി രൂപീകരണം, നിർവ്വഹണം - പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 1/24 - പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | രൂ.4,00,000/- |
| ചെലവ് | രൂ.3,98,232/- |
| ബിൽ നം./തുക | 03.07.23 – രൂ.33738/-<br>15.08.23 - രൂ.74400/-<br>27.08.23 – രൂ.19522/-<br>17.11.23 – രൂ.91440/-<br>13.12.23 – രൂ.79500/- |

| | |
|---|---|
| | 13.02.24 – രൂ.64732/-<br>26.02.23 – രൂ.8000/-<br>24.03.24 – രൂ.26900/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് സ.ഉ.(പി) നം.2/2020/I&PRD, തീ.10.12.2020, സ.ഉ(പി)നം.5/2021/I&PRD, തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള കൗമുദി, ദേശാഭിമാനി എന്നീ ദിനപ്പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക അനുവദിച്ചത്. മേൽ ഉത്തരവുകൾ പ്രകാരം കേരള കൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158 രൂപയും (കാറ്റഗറി-സി), ദേശാഭിമാനി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 57 രൂപയുമാണ്(കാറ്റഗറി-സി). കൂടാതെ സർക്കാർ സ്ഥാപനങ്ങൾ പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട സാഹചര്യമുണ്ടായാൽ പി.ആർ.ഡി. പരസ്യ നിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ വർദ്ധന നല്കാൻ പാടുള്ളൂവെന്നും അതോടൊപ്പം പരസ്യ തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് പരിശോധിച്ചതിൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി മേൽ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പത്രം | ഇൻവോയ്സ് നം./ തീയതി | വിസ്തീർണം (Cm2) | ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് (രൂ.) | ഇൻവോയ്സ് തുക (രൂ.) (Area X Rate-15% Disc. +5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക (Area X Rate+ 50% Hike-15% Dis. +5%GST) | അധിക തുക (രൂ.) |
|---|---|---|---|---|---|---|
| ദേശാഭിമാനി | TVM/22-23/3448/ 27.02.23 | 48 | 225 | 48*225-1620+459 =9639 | 48*57+1368-410+184 =3878 | 5761 |
| ദേശാഭിമാനി | TVM/22-23/3676/ 15.03.23 | 40 | 225 | 40*225-1350+383 =8033 | 40*57+1140-342+154 =3282 | 4751 |
| ദേശാഭിമാനി | TVM/22-23/3182/ 03.02.23 | 40 | 225 | 40*225-1350+383 =8033 | 40*57+1140-342+154 =3282 | 4751 |
| ദേശാഭിമാനി | TVM/22-23/3196/ 04.02.2023 | 40 | 225 | 40*225-1350+383 =8033 | 40*57+1140-342+154 =3282 | 4751 |
| Keralakaumudi | BLTVM00405904 | 32 | 356 | 32*356-0+570 =11962 | 32*158+2528-758 =6826 | 5136 |
| ദേശാഭിമാനി | TVM/23-24/2460/ 27.11.23 | 40 | 250 | 40*250-1500+425 =8925 | 40*57+1140-342+154 =3282 | 5643 |

അധികമായി അനുവദിച്ച 30,793/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. മേൽ പ്രോജക്ട് പ്രകാരം പ്രിന്റിംഗിനായി ചുവടെ ചേർക്കുന്ന തുകകൾ ലളിതാസ് പ്രിന്റേഴ്സ് & ഗ്രാഫിക്സ്, വർക്കല എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം./ തുക അനുവദിച്ച ബിൽ നം./ തീയതി/ തുക (രൂ.) | കാഷ് ബിൽ നം. /വൗച്ചർ. നം./തീയതി | ഇനം | തുക (രൂ.) | അപാകതകൾ |
|---|---|---|---|---|
| 1/17.11.23 രൂ.91440/- | 29/19.09.22 | വാർഡ് സഭ നോട്ടീസ് | 14,550 | പ്രിന്റ് ചെയ്ത നോട്ടീസിന്റെ എണ്ണം, സ്പെസിഫി ക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. 22-23 സാമ്പത്തിക വർഷത്തെ ചെലവ്, നോട്ടീസ് പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2/17.11.23 രൂ.91440/- | 37/25.01.23 | വാർഡ് സഭ നോട്ടീസ് | 14,550 | പ്രിന്റ് ചെയ്ത നോട്ടീസിന്റെ എണ്ണം, സ്പെസിഫി ക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. 22-23 സാമ്പത്തിക വർഷത്തെ ചെലവ്, നോട്ടീസ് പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 3/17.11.23 രൂ.91440/- | 108/ 10.10.2023 | ആനുകൂല്യങ്ങൾക്കുള്ള ഫോം 10000 എണ്ണം | 30,000 | സ്പെസിഫിക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയി ട്ടില്ല. പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 4/17.11.23 രൂ.91440/- | 109/10.10.2023 | ഫയൽ കവർ 250 എണ്ണം | 1,500 | സ്പെസിഫിക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയി ട്ടില്ല. പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 5/17.11.23 രൂ.91440/- | 107/ തീയതി ഇല്ല | വാർഡ് സഭ നോട്ടീസ് | 15,180 | കാഷ് ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റ് ചെയ്ത നോട്ടീസിന്റെ എണ്ണം, സ്പെസിഫി ക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയിട്ടില്ല, നോട്ടീസ് പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയി ട്ടില്ല |
| 6/17.11.23 രൂ.91440/- | 104/ തീയതി ഇല്ല | അന്തിമ പദ്ധതിരേഖ 60 ബുക്ക് | 13,740 | കാഷ് ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. നിരക്ക്, സ്റ്റോക്ക്, വിതരണ വിവരം ലഭ്യമല്ല |
| 7/17.11.23 രൂ.91440/- | 105/ തീയതി ഇല്ല | സ്റ്റാറ്റസ് റിപ്പോർട്ട് 20 ബുക്ക് | 1,520 | കാഷ് ബില്ലിൽ തീയതി രേഖപ്പെടത്തിയിട്ടില്ല. നിരക്ക്, സ്റ്റോക്ക്, വിതരണ വിവരം ലഭ്യമല്ല |
| 8/24.03.24 രൂ.26900/- | 221/ തീയതി ഇല്ല | വാർഡ് സഭ നോട്ടീസ് | 15,180 | കാഷ് ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല, പ്രിന്റ് ചെയ്ത നോട്ടീസിന്റെ എണ്ണം, സ്പെസിഫി ക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയിട്ടില്ല, നോട്ടീസ് |

| | | | | |
|---|---|---|---|---|
| | | | | പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 9/24.03.24 രൂ.26900/- | 232/ തീയതി ഇല്ല | വികസന സെമിനാർ നോട്ടീസ്, Pen വികസന രേഖ 2 ബുക്ക് | 4,820 | കാഷ് ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല, പ്രിന്റ് ചെയ്ത നോട്ടീസിന്റെ എണ്ണം, സ്പെസിഫിക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. നോട്ടീസ് പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 10/24.03.24 രൂ.26900/- | 220/ തീയതി ഇല്ല | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ (3000 എണ്ണം) | 6,900 | കാഷ് ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ, നിരക്ക് രേഖപ്പെടുത്തിയി ട്ടില്ല. പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |

3. 2023-24 സാമ്പത്തിക വർഷം മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രിന്റിംഗ് പ്രവൃത്തികൾക്കായി 1,17,940/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോഴ്സ് പർച്ചേസ് മാന്വൽ (ഖ. 6.1) പ്രകാരം ഒരു സാമ്പത്തിക വർഷത്തേക്കുള്ള ഒരേ ഗണത്തിലെ ചെലവുകൾ മുൻകൂട്ടി കണക്കാക്കേണ്ടതും (Forecast) 1,00,000/- രൂപയിൽ അധികമുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേന നിർവ്വഹിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു (ഖ. 6-1). പ്രിന്റിംഗ് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/25.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിന്മേൽ മറുപടി ലഭ്യമാക്കേണ്ടതും പ്രിന്റിംഗ് പ്രവൃത്തികൾ ടെണ്ടർ നടപടികൾ പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-43 വീടുകളിൽ പൈപ്പ് കണക്ഷൻ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു - 5,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 210/24 - വീടുകളിൽ പൈപ്പ് കണക്ഷൻ (SO) |
| ഫണ്ടിനം | CFC |
| അടങ്കൽ | രൂ.2,30,000/- |
| ചെലവ് | രൂ.1,40,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |
| ബിൽ നം./തീയതി | 3/08.5.23 – രൂ.10,000/-<br>4/08.05.23 – രൂ.15,000/-<br>5/08.05.23 – രൂ.15,000/-<br>6/08.05.23 - രൂ.15,000/-<br>27/13.06.23 – രൂ.30,000/-<br>138/25.09.23 – രൂ.45,000/-<br>348/21.01.23 – രൂ.10,000/- |

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഗുണഭോക്താവ് ഹാജരാക്കുന്ന മുറയ്ക്ക് കണക്ഷൻ എടുത്തതിന് 5,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് സ്പിൽ ഓവറായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുകയുണ്ടായി.

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ടിന്റെ ആകെ ചെലവ് 1,40,000/- രൂപയാണ്. 1,35,000/- രൂപയുടെ ചെലവ് രേഖകളാണ് പ്രോജക്ട് ഫയലിൽ ലഭ്യമായിട്ടുള്ളത്. രേഖകളുടെ അഭാവത്തിൽ, 5,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. പൂർണ്ണമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. പതിനാലാം സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കണക്ഷൻ എടുത്തതിന് സബ്സിഡി അനുവദിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. ഫയൽ രേഖകൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതായി എഴുതി തയ്യാറാക്കിയ ശേഷം Water Supply Section, KWA, Varkala, Assistant Engineer-ടെ കൈയ്യൊപ്പ് പതിച്ച സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. സർട്ടിഫിക്കറ്റിൽ ഓഫീസ് സീൽ പതിച്ച് ആധികാരികമാക്കിയിട്ടില്ല.

3. പതിനാലാം സബ്സിഡി മാർഗ്ഗരേഖ [സ.ഉ.(കൈ)115/22/ത.സ്വ.ഭ.വ തീയതി.28.05.22) (ഖ6.6)] പ്രകാരം കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് 5,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. മിക്ക ഗുണഭോക്താക്കളും സമർപ്പിച്ച, എഴുതി തയ്യാറാക്കിയ ശേഷം Water Supply Section, KWA, Varkala, Assistant Engineer-ടെ കൈയൊപ്പ് പതിച്ച സർട്ടിഫിക്കറ്റടിസ്ഥാനമാക്കി സബ്സിഡി അനുവദിച്ചിട്ടുള്ള വിഷയത്തിൽ സബ്സിഡി തുക നിശ്ചയിച്ചത് സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/23.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-44 പി.എം.എ.വൈ-ലൈഫ് - ചെലവ് വിവരം വ്യക്തമല്ല - 10,64,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

നഗരസഭ പരിധിയിലെ PMAY-Life ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീടിന് സബ്സിഡി അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

| പ്രോജക്ട് നം. | 14/24-PMAY-Life - ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണം – ജനറൽ | | | | |
|---|---|---|---|---|---|
| ഫണ്ടിനം | വികസന ഫണ്ട് (രൂ.) | സി.എഫ്.സി. (രൂ.) | കേന്ദ്രാവിഷ്കൃതം (രൂ.) | സംസ്ഥാനം (രൂ.) | ആകെ (രൂ.) |
| അടങ്കൽ | 59,60,050 | 20,39,950 | 60,00,000 | 20,00,000 | 1,60,00,000 |
| ചെലവ്(സുലേഖ പ്രകാരം) | 57,20,000 | 3,20,000 | 0 | 0 | 60,40,000 |

| പ്രോജക്ട് നം. | 20/24-PMAY-Life - ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണം – എസ്.സി.പി. | | | |
|---|---|---|---|---|
| ഫണ്ടിനം | എസ്.സി.പി. (രൂ.) | കേന്ദ്രാവിഷ്കൃതം (രൂ.) | സംസ്ഥാനം (രൂ.) | ആകെ (രൂ.) |
| അടങ്കൽ | 94,55,000 | 70,50,000 | 23,50,000 | 1,88,55,000 |
| ചെലവ് (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) | 31,60,000 | 0 | 0 | 31,60,000 |

**1.** പ്രോജക്ട് നം. 14/24 പ്രകാരം വികസന, സി.എഫ്.സി. ഫണ്ടുകളിൽ നിന്നായി 60,40,000/- രൂപ പ്രോജക്ടിനായി ചെലവ് ചെയ്തിട്ടുണ്ട്. 59,60,000/- രൂപയുടെ ബില്ലുകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ അഭാവത്തിൽ 80,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

**2.** പ്രോജക്ട് നം. 20/24 പ്രകാരം എസ്.സി.പി. ഫണ്ടുകളിൽ നിന്നായി 31,60,000/- രൂപ പ്രോജക്ടിനായി ചെലവ് ചെയ്തിട്ടുണ്ട്. 21,76,000/- രൂപയുടെ ബില്ലുകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ അഭാവത്തിൽ 9,84,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

**3.** ഡി.പി.ആർ. അടിസ്ഥാനമാക്കിയാണ് ഫയൽ പരിപാലിച്ചിട്ടുള്ളത് എന്നതിനാൽ 2023-24 സാമ്പത്തിക വർഷം തുക അനുവദിച്ച ഗുണഭോക്താക്കളുടെ ഫയലുകൾ പൂർണ്ണമായും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**4.** അക്വിറ്റൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല. ആയതിനാൽ, ഓരോ ഗുണഭോക്താവിനും അനുവദിച്ച തുക, അധികമായി തുക അനുവദിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**5.** <u>അക്വിറ്റൻസ് രജിസ്റ്റർ, നോട്ട് ഫയൽ, ബിൽ എന്നിവ പൊരുത്തപ്പെടുന്നില്ല</u> .

ഏതാനും ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ നോട്ട് ഫയലിലെ രേഖപ്പെടുത്തൽ, രജിസ്റ്റർ എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് 2023-24 സാമ്പത്തിക വർഷം തുക അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബില്ലുകൾ ലഭ്യമായിട്ടില്ല.

<u>ഡി.പി.ആർ – 5</u>

1. ശ്രീ. ജാഫർ ഖാന് 28.02.24ന് 1,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.

2. ശ്രീ. മനു, പണ്ടാരവിളാകം 13.09.23ന് 40,000/- രൂപ അനുവദിച്ചു.

3. ശ്രീമതി. ശോഭന, ശ്രീനിവാസപുരം 28.02.24ന് 80,000/- രൂപ അനുവദിച്ചു.

4. ശ്രീമതി. വിജി എസ്., കാറ്റാടിവിള, 25.08.23നും 09.11.23നും 80,000/- രൂപ വീതം അനുവദിച്ചു.

<u>ഡി.പി.ആർ - 6</u>

5. ശ്രീമതി. ബിന്ദു 13.03.24ന് 80,000/- രൂപ അനുവദിച്ചു രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല

6. ശ്രീമതി. റഷീദ 08.11.23ന് 80,000/- രൂപ അനുവദിച്ചു രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല

7. ശ്രീമതി. പേച്ചി അമ്മാൾ 16.11.23ന് 80,000/- രൂപ അനുവദിച്ചു. കൂടാതെ, പി.എഫ്.എം.എസ് മുഖേന 40,000/- രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല

8. ശ്രീമതി. മെഹറുന്നിസ, മടത്തുവിള വീട് ഫയൽ പ്രകാരം 16.11.2023ന് 80,000/- രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്റ്ററിൽ പേര് ഉൾപ്പെട്ട് കാണുന്നില്ല. ഫയൽ രേഖ പ്രകാരം വീട് പൂർത്തീകരിച്ചിട്ടുണ്ട്. വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

9. ശ്രീമതി. പ്രഭ, കനാൽ പുറമ്പോക്ക് രജിസ്റ്റർ പ്രകാരം 16.11.23ന് 80,000/- രൂപ അനുവദിച്ചിട്ടുണ്ട്.

**6.** പി.എഫ്.എം.എസ്. ബിൽ ഫയലിൽ ഉൾപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ കേന്ദ്ര സംസ്ഥാന വിഹിതമിനത്തിൽ 2023-24 സാമ്പത്തിക വർഷം 1,30,80,000/- രൂപ പി.എഫ്.എം.എസ്. മുഖേന ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ, ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

**7.** പി.എഫ്.എം.എസ്. ബിൽ പകർപ്പ് ഉൾപ്പെട്ട ഫയൽ പരിശോധിച്ചതിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.1023ലെ നടപടി ക്രമം 415/എൻ/2021/കെ.എസ്.എച്ച്.ഒ നമ്പർ പ്രകാരം **5.6** ലക്ഷം, **21.6** ലക്ഷം, **27.2** ലക്ഷം എന്നിങ്ങനെ കേന്ദ്ര-സംസ്ഥാന വിഹിതമിനത്തിൽ ആകെ **54.4** ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ രേഖ പ്രകാരം 2023-24 സാമ്പത്തിക വർഷം 1,30,80,000/- രൂപ പി.എഫ്.എം.എസ്. മുഖേന ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം കേന്ദ്ര-സംസ്ഥാന വിഹിതമിനത്തിൽ ആകെ അനുവദിച്ച അലോട്ട്മെന്റിന്റെ വിശദാംശം (പകർപ്പ് സഹിതം), ആകെ

ചെലവ് ചെയ്ത തുക എന്നിവ ലഭ്യമാക്കി വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്. അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 88/29.01.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിന്മേൽ മറുപടി ലഭ്യമാക്കേണ്ടതും അക്വിറ്റൻസ് രജിസ്റ്റർ കാലികമാക്കി ഓരോ ഗുണഭോക്താവിനും നാളിതുവരെ വിവിധ ഫണ്ടുകളിലായി അനുവദിച്ച തുകയുടെ വിശദാംശം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ചെലവ് ഫയലുകൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രോജക്ട് പ്രകാരമുള്ള ചെലവ് തുകകൾ പൂർണ്ണമായും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-45 ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ വാങ്ങലും സ്ഥാപിക്കലും - തുടർ നടപടി അനിവാര്യം

| | |
|---|---|
| പ്രോജക്ട് നം. | 149/24 – ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ വാങ്ങലും സ്ഥാപിക്കലും |
| ഫണ്ടിനം | സി.എഫ്.സി. (ടൈഡ്) |
| അടങ്കൽ | രൂ.10,00,000/- |
| ചെലവ് | രൂ.10,00,000/- |
| ബിൽ നം./ തീയതി | 606/24.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |

ഹരിത കർമ്മസേന, ശുചീകരണ തൊഴിലാളികൾ എന്നിവർ മുഖേന ശേഖരിക്കുന്ന ജൈവ മാലിന്യം കമ്പോസ്റ്റ് ആക്കുന്നതിന് ഓർഗാനിക് വേസ്റ്റ് കൺവർട്ടർ സ്ഥാപിക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

(1) ജെം മുഖേന ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കിയിട്ടുള്ള മേൽ പ്രോജക്ടിനായി ലഭിച്ച ക്വട്ടേഷനുകളുടെ (ക്വാട്ട് ചെയ്ത) നിരക്ക്, Buyer Specification Of Machine, Floret Tchnologies-ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് എന്നീ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/18.01.2025-ന് മറുപടിയായി രേഖകൾ പിന്നീട് ഹാജരാക്കുകയാണുണ്ടായത്. പ്രോജക്ട് ഫയലിൽ ക്വട്ടേഷൻ, ചെലവ്, അനുബന്ധ രേഖകൾ ഉൾപ്പെടെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(2) ക്വട്ടേഷനിലെ വ്യവസ്ഥ നം.2 പ്രകാരം കരാറുകാരൻ മെഷീൻ സപ്ലൈ ചെയ്യുന്ന തീയതി മുതൽ ഒരു വർഷം ഹരിത കർമ്മസേനയ്ക്ക് ഫ്രീ ഓൺസൈറ്റ് ട്രെയിനിംഗ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, കരാറുകാരനുമായി (Floret Tchnologies) ചമച്ച 13.02.2024-ലെ കരാറിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/18.01.2025-ന് ഓർഗാനിക് വേസ്റ്റ് കൺവർട്ടറുടെ പ്രവർത്തനം ഇപ്പോൾ മേൽനോട്ടം വഹിക്കുന്നത് നഗരസഭ ശുചീകരണ പ്രവർത്തകരാണ് എന്നും ഹരിത കർമ്മസേന അജൈവ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ മാത്രം നടത്തുന്നതിനാലാണ് മേൽ വ്യവസ്ഥ ഉൾക്കൊള്ളിക്കാതിരുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ, ക്വട്ടേഷൻ വേളയിൽ ഇത്തരത്തിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, നഗരസഭ ശുചീകരണ പ്രവർത്തകർക്കോ ചുമതലപ്പെട്ട മറ്റുള്ളവർക്കോ ഓൺസൈറ്റ് ട്രെയിനിംഗ് നൽകുന്നതിനോ, മെഷീന്റെ പ്രവർത്തനത്തിൽ കരാറുകാരൻ ചുമതലപ്പെടുത്തിയ വ്യക്തിയുടെ മോണിറ്ററിംഗ് സംബന്ധിച്ച വ്യവസ്ഥയോ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം മെഷീനുകളുടെ പ്രവർത്തനത്തിന് ഓൺസൈറ്റ് ട്രെയിനിംഗ്, മോണിറ്ററിംഗ് എന്നിവ അനുപേക്ഷണീയമായതിനാൽ വ്യവസ്ഥ ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ, മെഷീനിന്റെ പ്രവർത്തനത്തിൽ, ട്രെയിനിംഗ് ലഭിച്ച ശുചീകരണ തൊഴിലാളികളുടെ മേൽനോട്ടം ഉറപ്പാക്കേണ്ടതുമാണ്.

(3) പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന ഓർഗാനിക് വേസ്റ്റിന്റെ വിതരണ വിവരം, ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ

വിശദാംശം എന്നിവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.18/18.01.2025) മറുപടിയായി പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വളം നിലവിൽ കൃഷിക്കാർക്കും മറ്റും സൗജന്യമായി നൽകുന്നതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, 27.01.2025-ന് നടത്തിയ സ്ഥലപരിശോധനയിൽ, പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വേസ്റ്റ് തുമ്പൂർ മൂഴി മുഖേന വളമാക്കി മാറ്റുന്നതിനുള്ള നടപടി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ, ഉല്പാദിപ്പിച്ച വളം കുന്നുകൂടി കിടക്കുന്നതായും കാണപ്പെട്ടു. ഓഡിറ്റ് എൻക്വയറിക്ക് (നം.18/18.01.25) മറുപടിയായി പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന അവശിഷ്ടം ജൈവവളമാക്കി തൊഴിലുറപ്പ് ഗ്രൂപ്പ് മുഖേന വില്പന നടത്തുന്നതിന് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്ന വേളയിൽ തന്നെ ഇത്തരം തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടത് അനിവാര്യമായിരുന്നു. തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(4) ഓർഗാനിക് വേസ്റ്റ് കൺവർട്ടർ മെഷീന്റെ വാങ്ങൽ വിവരം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. അസറ്റ് രജിസ്റ്ററിൽ വിശദാംശം ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-46 നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,608/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാകുമ്പോൾ തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തനത് ഫണ്ടിൽ നിന്ന് വാടക തുക അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് നം. 15/2017/ത.സ്വ.ഭ.വ. 16.01.2017 പ്രകാരം മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിയുടെ 21/04/22 തീയതിയിലെ 5 ാം നമ്പർ തീരുമാനപ്രകാരം നഗരസഭ സെക്രട്ടറിയുടെ HRA + Basic Pay യുടെ 2% കഴിച്ചുള്ള തുക നഗരസഭ തനത്ഫണ്ടിൽ നിന്നും പ്രതിമാസം ഫ്ലാറ്റ് വാടകയിനത്തിൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം ഫ്ലാറ്റിന്റെ വാടകതുക കണക്കാക്കിയതിൽ സെക്രട്ടറിയുടെ HRA തുക മാത്രം കുറവു ചെയ്താണ് വാടക തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/18.01.2025 ന് സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് കൗൺസിൽ തെറ്റായ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് കൗൺസിലിന്റെ പുനപരിശോധനയ്ക്കായി സമർപ്പിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടി തൃപ്തികരമല്ല. ഫ്ലാറ്റ് വാടക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | അർഹമായ വീട്ടുവാടക ബത്ത + 2% അടിസ്ഥാന ശമ്പളം | ഫ്ലാറ്റ് വാടക (രൂ.) | ഫ്ലാറ്റ് വാടകയിനത്തിൽ നൽകേണ്ടിയിരുന്ന തുക (രൂ.) | നൽകിയ തുക (രൂ.) | അധികമായി നൽകിയ തുക (രൂ.) |
|---|---|---|---|---|---|
| 2023 ഏപ്രിൽ മുതൽ 2023 സെപ്റ്റംബർ വരെ =68400 | 4104+1368=5472 | 9500 | 9500-5472=4028 | 9500-4104=5396 | 1368*6=8208 |
| 2023 നവംബർ മുതൽ 2024മാർച്ച് വരെ =70000 | 4200+1400=5600 | 9500 | 9500-5600=3900 | 9500-4200=5300 | 1400*6=8400 |
| | | | | ആകെ | **16,608** രൂപ |

വാടകയിനത്തിൽ അധികമായി നൽകിയ 16,608/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-47 കറവപ്പശു വളർത്തൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പദ്ധതി നം. | S0030/24 |
| പദ്ധതിയുടെ പേര് | കറവപ്പശു വളർത്തൽ |
| അടങ്കൽ | ₹9,90,000/- (പൊതുവിഭാഗം സാധാരണ വിഹിതം)<br>₹9,90,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹19,80,000/- |
| ചെലവ് | ₹9,90,000/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണം | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ |

പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(A) പട്ടികയിൽ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1. | ജയശ്രീ, ടി. ജെ. നിവാസ്, കുരയ്ക്കണ്ണി |
| 2. | സതി ആർ, ഏറവലവീട്, ഇടവ |
| 3. | സിംന, തെക്കേവിള, ചിലക്കൂർ |
| 4. | പ്രഭ, ഒലിപ്പുവിളവീട്, രഘുനാഥപുരം |
| 5. | ജാസ്മി, ഗ്രാലിയിൽകുന്ന്, ചിലക്കൂർ |
| 6. | സിന്ധു ബി., പ്രണവം, ചാലുവിള, കണ്ണംബ |
| 7. | വിജയകുമാർ, സൗപർണ്ണിക, കണ്ണംബ |
| 8. | ബിന്ദു വിജയകുമാർ, രാജേന്ദ്ര ഭവൻ, കുരയ്ക്കണ്ണി |
| 9. | സീന എസ്., ഗ്രാലിയിൽകുന്ന് വീട്, അയിരൂർ |
| 10. | ഷീല, നന്ദനം, പുല്ലാനിക്കോട്, ഇടവ |
| 11. | ശശികുമാരി, വിനുവിലാസം, ജനാർദ്ദനപുരം |
| 12. | ഷീബ, വിളയിൽവീട്, പുത്തൻചന്ത |
| 13. | ഇന്ദിര, പാലവിളപുത്തൻവീട്, ഇടവ |
| 14. | ദിവ്യ എസ്., ഈറത്തുവീട്, പുല്ലാനിക്കോട് |
| 15. | ലൈല, ജാസ്മി നിവാസ്, രഘുനാഥപുരം |
| 16. | ലതിക, ലക്ഷ്മി ഭവൻ, കുരയ്ക്കണ്ണി |
| 17. | സരസാംഗിനി, നാരായണവിലാസം, ഇടവ, വർക്കല |
| 18. | സൈത്തുണത്ത്, പുതുവൽപുത്തൻ വീട്, തച്ചംകോണം |

(B) ഗുണഭോക്താക്കളുമായുള്ള കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലത്തതിനാൽ കുറഞ്ഞത് 3 വർഷമെങ്കിലും ഉരുക്കളെ വളർത്തണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. കൂടാതെ രസീത്, വിലച്ചീട്ട് എന്നിവയിൽ കൃത്യമായി തുകയോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം ലഭ്യമാക്കുന്ന രേഖകളുടെ ആധികാരികതയും അർഹമായ തുകയാണോ അനുവദിച്ചിട്ടുള്ളത് എന്നും ഉറപ്പാക്കാൻ

സാധിക്കുന്നതല്ല.

(C) വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ 5 പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(D) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗുണഭോക്താവിന് (ജനറൽ വിഭാഗം) യഥാർത്ഥ ചെലവ് തുകയുടെ 50% (പരമാവധി 30,000/- രൂപ) ആണ് അനുവദിക്കാവുന്നത്. ശ്രീമതി. സതി ആർ., ഏറലവീട്, ഇടവ എന്ന ഗുണഭോക്താവ് 50,000/- രൂപയ്ക്കാണ് ശ്രീമതി. ശാലിനി, അരൽ വീട്, പുല്ലാനിക്കോട്, ഇടവ എന്ന വ്യക്തിയിൽ നിന്നും പശുവിനെ വാങ്ങിയിട്ടുള്ളത് (രസീത്, വിലച്ചീട്ട് എന്നിവ പ്രകാരം). ഇത് പ്രകാരം ടി ഗുണഭോക്താവിന് അനുവദിക്കേണ്ട തുക 25,000/- രൂപയാണ്. എന്നാൽ ടിയാന് 30,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത് (ബിൽ നം./തീയതി. 583/22.03.2024, Salini, A/C No. 110130742010, CNRB0001988). മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് 5,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളത്.

മേൽചേർത്ത അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 91/29.01.2025) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 5,000/- രൂപ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പരാമർശങ്ങൾക്ക് മറുപടിയും അനുബന്ധ രേഖകളും ലഭ്യമാക്കുന്നതോടൊപ്പം തുടർ വർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രസ്തുത അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-48 കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചു.

| | |
|---|---|
| പദ്ധതി നം. | S0029/24 |
| പദ്ധതിയുടെ പേര് | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും |
| അടങ്കൽ | ₹2,50,000/- (പൊതുവിഭാഗം സാധാരണ വിഹിതം)<br>₹2,50,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹5,00,000/- |
| ചെലവ് | ₹2,50,000/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണം | വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ |

മുനിസിപ്പാലിറ്റിയിലെ കന്നുകാലി കർഷകരുടെ കാലിത്തൊഴുത്ത് നവീകരിച്ച് വളക്കുഴിയും മൂത്രത്തൊട്ടിയും നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ. 6.3.20ലെ നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കിയപ്പോൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

(I) പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗുണഭോക്താവിന് (ജനറൽ വിഭാഗം) യഥാർത്ഥ ചെലവ് തുകയുടെ 50% (പരമാവധി 25,000/- രൂപ) ആണ് അനുവദിക്കാവുന്നത്. ശ്രീ. ഗണേഷ്, വിളയിൽവീട്, ചെറുകുന്നം (A/C No. 3099607696, SBIN0070048) എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ തുക 29,094.31 രൂപയാണ്. ഇതുപ്രകാരം ടി ഗുണഭോക്താവിന് നൽകേണ്ട തുക 14,547/- രൂപയാണ്. എന്നാൽ ടിയാന് 17,668/- രൂപയാണ് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 91/29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികമായി നൽകിയ 3,121/- രൂപ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(Ii) സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം രണ്ടു വർഷമായി കന്നുകാലികളെ വളർത്തുന്നവർ ആയിരിക്കണം എന്നുള്ളത് ഉറപ്പ വരുത്തുവാനും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തുവാനും

സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 91/29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-49 കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതി നം. | S0217/24 |
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹4,12,500/- (പൊതുവിഭാഗം സാധാരണ വിഹിതം)<br>₹4,12,500/- (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹8,25,000/- |
| ചെലവ് | ₹4,12,500/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ബിൽ നം./തീയതി | (1) 64/14.07.2023 - ₹4,12,500/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ |

വർക്കല മുനിസിപ്പാലിറ്റിയിലെ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തിരഞ്ഞെടുത്ത് അവയെ ഇൻഷൂർ ചെയ്യുകയും 32 മാസം പ്രായം വരെയോ ആദ്യ പ്രസവം വരെയോ പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 33 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി ₹4,12,500/- (33x12,500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ ട്രഷറി അക്കൌണ്ടിലേക്ക് (701011400000196) 14.07.2023-ന് നൽകിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 91/29.01.2025) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-50 ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ പദ്ധതി - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി നം. | S0101/24 |
| പദ്ധതിയുടെ പേര് | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ പട്ടികജാതി |
| അടങ്കൽ | ₹58,60,000/- (വികസന ഫണ്ട് എസ്.സി.പി)<br>₹1,40,000/- (തനത് ഫണ്ട്)<br>ആകെ - ₹60,00,000/- |
| ചെലവ് | ₹21,75,000/- (വികസന ഫണ്ട് എസ്.സി.പി) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ പട്ടികജാതി (S0101/24) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി സൂര്യ എം, കുളത്തരികത്ത് വീട്, കുരയ്ക്കണ്ണി എന്ന ഗുണഭോക്താവിന്റെ പേരിൽ വാങ്ങിയ വസ്തുവിന്റെ കരം തീർത്ത രസീത് ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 82/29.01.2025) ടി ഗുണഭോക്താവ് കരം അടച്ച് രസീത് ഹാജരാക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ടെന്നും രസീത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്നും മറുപടി

നൽകി. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-51 വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം പദ്ധതി 2020-21 - നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി നം. | S0218/24 |
| പദ്ധതിയുടെ പേര് | ശ്രീനിവാസപുരം എം. ജി. കോളനിയിൽ തണൽ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി നഗരസഭ ധനസഹായം നൽകി പണിത വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം 2020-21 |
| അടങ്കൽ | ₹5,40,000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | ₹3,60,000/- (വികസന ഫണ്ട് എസ്.സി.പി) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

ശ്രീനിവാസപുരം എം. ജി. കോളനിയിൽ തണൽ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി നഗരസഭ ധനസഹായം നൽകി പണിത വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം 2020-21 എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താവ് തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പദ്ധതി | ഗുണഭോക്താവ് | അനുവദിച്ച ഗഡു/തീയതി |
|---|---|---|
| S0218/24 | ബേബി, കനാൽപുറമ്പോക്ക്, തൊട്ടുവെ | ₹60,000/-<br>₹1,20,000/29.03.2021<br>₹1,60,000/09.09.2021 |

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ/തുക പലിശ സഹിതം തിരിച്ചുപിടിക്കുവാൻ വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 82/29.01.2025) ശ്രീമതി ബേബി, കനാൽപുറമ്പോക്ക്, തൊട്ടുവേ എന്നയാൾ മൂന്ന് ഗഡു തുക കൈപ്പറ്റുകയും വീട് വാർക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശ്രീമതി ബേബിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. പണി പൂർത്തീകരിച്ച റിപ്പോർട്ട്/രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-52 ഭവന പുനരുദ്ധാരണം - ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി നം. | S0102/24 |
| പദ്ധതിയുടെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | ₹49,50,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | ₹28,40,744/- (വികസന ഫണ്ട് - എസ്.സി.പി) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ/ ഭവനപുനരുദ്ധാരണം (S0102/24) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

| സാമ്പത്തിക വർഷം/ പദ്ധതി | ഗുണഭോക്താവ് | അനുവദിച്ച ഗഡു/ തീയതി |
|---|---|---|

| | | |
|---|---|---|
| 2023-24 | അമ്പിളി എസ്., വയലിൽവീട്, ചാലുവിള | ₹75,000/- 15.12.2023 |
| | പൊടിച്ചി, ചാന്നാക്കുടി, വടക്കതിൽവീട്, കുരയ്ക്കണ്ണി, വർക്കല | ₹75,000/- 28.12.2023 |
| | രേഖ ഡി. എസ്., പ്ലാവിളവീട്, ജനാർദ്ദനപുരം, വർക്കല | ₹75,000/- 28.12.2023 |
| | ലീല, മിനിവിലാസം, പുല്ലാനിക്കോട് | ₹75,000/- 06.01.2024 |
| | ഷൈല, ചരുവിളപുത്തൻവീട്, ശ്രീനിവാസപുരം, വർക്കല | ₹75,000/- 07.03.2024 |
| | ലക്ഷ്മി, കുറ്റിയാർവിള, കുരുന്നിലക്കോട്, വർക്കല | ₹75,000/- 22.03.2024 |
| 2022-23 | ജിഷ എസ്. യു., ശരണ്യ ഭവൻ, മുള്ളുവിള, പുല്ലാനിക്കോട് | ₹75,000/- 22.02.2023 |
| | ബാലചന്ദ്രൻ, കുട്ടിയാർവിള, കുരുന്നിലക്കോട് | ₹75,000/- 28.03.2023 |
| 2021-22 | സുഗന്ധി, പുതുവൽകുന്നുംപുറത്ത് വീട്, ശിവഗിരി | ₹75,000/- 21.12.2021 |
| 2021-22 | മോഹനൻ, തൊടിയിൽവീട്, കുരയ്ക്കണ്ണി, വർക്കല | ₹75,000/- 02.01.2022 |
| 2021-22 | വിജയൻ, വിജയഭവൻ, കല്ലുംകോണം, വർക്കല | ₹75,000/- |
| 2019-20 | സുമ, ഈഞ്ചയിൽപുത്തൻവീട്, തൊടുവെ, വർക്കല | ₹75,000/- |
| 2019-20 | സുഗന്ധി, സന്ധ്യാഭവൻ, കുരുന്നിലക്കോട് | ₹75,000/- |
| 2018-19 | സുഷ്മ സി. കെ., ചരുവിള വീട്, മുണ്ടയിൽ, വർക്കല | ₹57,906/- |
| 2018-19 | ബിന്ദു കെ., ചരുവിള വീട്, അമ്പാടി, ചിലക്കൂർ | ₹75,000/- |
| 2018-19 | സുഗതൻ, കനാൽപുറമ്പോക്ക്, ചാലുവിള, വർക്കല | ₹59,464/- |
| 2018-19 | ബാലൻ, കുന്നുംപുറം, പുല്ലാനിക്കോട് | ₹71,247/- |
| 2018-19 | ഉഷ, എം. ജി. കോളനി, ശ്രീനിവാസപുരം, വർക്കല | ₹58,866/- |
| 2017-18 | ജലജ, ചരുവിള വീട്, തേരകുളം, കുരയ്ക്കണ്ണി, വർക്കല | ₹75,000/- |
| 2017-18 | തങ്കമ്മ, എം. ജി.കോളനി, ശ്രീനിവാസപുരം | ₹52,036/- |

ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 82/29.01.2025) ശ്രീമതി അമ്പിളി എസ്. (വയലിൽവീട്, ചാലുവിള), ശ്രീമതി ലീല (മിനിവിലാസം, പുല്ലാനിക്കോട്) എന്നിവർ പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടി നൽകി. ശ്രീമതി രേഖ ഡി. എസ്. (പ്ലാവിളവീട്, ജനാർദ്ദനപുരം) എന്നയാൾക്ക് ഒന്നാം ഗഡു 75,000/- രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കിയതായി റിപ്പോർട്ട് ചെയ്തിരുന്നു എന്നും ഓവർസിയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 75,137/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുള്ളതായിട്ടാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് എന്നും മറുപടി നൽകി. ടി വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അടിയന്തിരമായി നിർമ്മാണം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച റിപ്പോർട്ട്/രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ മുനിസിപ്പാലിറ്റി കൗൺസിലിന്റെ പ്രത്യേകം ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 1-53 പഠനമുറി നിർമ്മാണം - ധനസഹായം കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നം. | S0221/24 |
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |

| | |
|---|---|
| അടങ്കൽ | ₹2,25,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | ₹75,000/- (വികസന ഫണ്ട് - എസ്.സി.പി) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (S0221/24) എന്ന പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താവ് നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| സാമ്പത്തിക വർഷം | ഗുണഭോക്താവ് | അനുവദിച്ച ഗഡു/തീയതി |
|---|---|---|
| 2021-22 | രഞ്ജിനി, എ. എ. നിവാസ്, പുല്ലാനിക്കോട്, വർക്കല | ₹50,000/- 19.02.2022<br>₹75,000/- 13.07.2022 |

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 82/29.01.2025) ശ്രീമതി രഞ്ജിനി (എ. എ. നിവാസ്, പുല്ലാനിക്കോട്) എന്നയാൾക്ക് അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. നിർമ്മാണം പൂർത്തീകരിച്ച റിപ്പോർട്ട്/രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-54 സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - അനുബന്ധ രേഖകളുടെ അഭാവത്തിൽ 4,79,892/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പദ്ധതി നം. | S0076/24 |
| പദ്ധതിയുടെ പേര് | വിവിധ സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| അടങ്കൽ | ₹7,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹4,79,892/- |
| ബിൽ നം./തീയതി | (1) 499/10.03.2024 - ₹4,79,892/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |

പ്രസ്തുത പദ്ധതി പ്രകാരം IT PROFESSIONALS CO OPERATIVE SOCIETY-T-1959 (ITPCOS) എന്ന സ്ഥാപനത്തിൽ നിന്നും 11 വാട്ടർ പ്യൂരിഫയറുകൾ (ടാക്സ് ഇൻവോയിസ് നം. IT/23-24L850 തീ. 05.03.2024) വാങ്ങിയിട്ടുണ്ട്. 48,945.76 രൂപ വിലയുള്ള WATER PURIFIER AG REVIVA INST RO-SYS-50LPH STORAGE ഏഴ് എണ്ണവും, 16,016.95 രൂപ വിലയുള്ള WATER PURIFIER AG 200 നാല് എണ്ണവുമാണ് വാങ്ങിയിട്ടുള്ളത്. ടി ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 4,71,758/- രൂപ ITPCOS-ന്റെ ബാങ്ക് അക്കൗണ്ടിലേക്കും (A/C No. 39348170026 IFSC: SBIN0017756) 8,134/- രൂപ TDS ഇനത്തിലും കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ അടിയന്തിരമായി ഹാജരാക്കുവാനും ഒരു വർഷം വാറന്റിയുള്ള ടി പ്യൂരിഫയറുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരവും അവയുടെ നിലവിലെ പ്രവർത്തനാവസ്ഥയും കൂടി വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 75/2025 തീയതി: 28.01.2025) ബന്ധപ്പെട്ട രേഖകൾ ഉടൻ തന്നെ ഹാജരാക്കുന്നതാണെന്നും പ്യൂരിഫയറുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്നും മറുപടി നൽകി. അനുബന്ധ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, പ്യൂരിഫയറുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതുവരെ 4,79,892/- രൂപയുടെ [(48,945.76 X 7) + (16,016.95 X 4)] ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-55 കോൺക്രീറ്റ് പ്രവൃത്തി - പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | (228/24) പുത്തൻചന്ത റോഡുവിള റോഡ് റീടാറിംഗ്സൈഡ് കോൺക്രീറ്റ് |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് തുക |

| | |
|---|---|
| അടങ്കൽ തുക | രൂ.9,86,569/- |
| ചെലവു തുക | രൂ.8,28,023/- |
| ബിൽ നമ്പർ, തുക | 72/21.07.23 രൂ.5,32,660/- |
| കരാറുകാരൻ | ശ്രീമതി ദിവ്യദർശിനി |
| കരാർ | 44/AE/LSGD/VKLA/22-23 Dated 09.03.23 |

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം റീടാറിംഗ്, സൈഡ് കോൺക്രീറ്റിംഗ്, ഓട കോൺക്രീറ്റിംഗ് എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. റീടാറിംഗ്, സൈഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ച് കരാറുകാരിക്ക് ഒന്നും രണ്ടും പാർട്ട് ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുള്ളതാണ്. ഫൈനൽ ബിൽ മാറി നൽകിയതിന്റെ രേഖകൾ ലഭ്യമല്ലായിരുന്നു. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി ചെയ്യുന്നതിന്റെ ഭാഗമായി റോഡരികിൽ മെറ്റൽ കൂട്ടിയിട്ടിരിക്കുന്നതായും ആയത് വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടും അപകടവും ഉണ്ടാക്കുന്നതായി നഗരസഭയിൽ പരാതി ലഭിച്ചിട്ടുള്ളതിനാൽ അറിയിപ്പ് ലഭിച്ച് 24 മണിക്കൂറിനകം ആയത് നീക്കം ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരി ഉത്തരവാദി ആയിരിക്കും എന്ന് കാണിച്ച് അസി. എൻജിനീയർ 05.12.2024ലെ PW1-12266/22പ്രകാരം കരാറുകാരിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി കാണുന്നു.

പ്രോജക്ട് പൂർത്തീകരിച്ചതിന്റെ രേഖകൾ, ഫൈനൽ ബിൽ മാറി നൽകിയെങ്കിൽ ആയതിന്റെ രേഖകൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, പദ്ധതി ഉപേക്ഷിച്ചെങ്കിൽ ആയത് സംബന്ധിച്ച് കൌൺസിൽ തീരുമാനം എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 54/27.01.2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പ്രകാരമുള്ള റീടാറിംഗ്, സൈഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് ഒന്നും രണ്ടും പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെന്നും ഓട കോൺക്രീറ്റിംഗ് പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പണികൾ ചെയ്തിരുന്നില്ലെന്നും ആയതിനാലാണ് ഫൈനൽ ബിൽ നൽകാത്തത് എന്നും റിടെൻഷൻ തുകയും സെക്യൂരിറ്റി തുകയും തിരികെ നൽകിയിട്ടില്ലെന്നും അസി. എൻജിനീയർ അറിയിച്ചു.

ഓട കോൺക്രീറ്റ് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാനും പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിയിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരിക്കെതിരെ കരാർ വ്യവസ്ഥകൾ ലംഘിച്ചതിന് നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-56 റ്റി.എസ്. കനാൽ റോഡ് ഡ്രെയിൻ നിർമ്മാണം - പദ്ധതി ഭാഗികമായി നിർവ്വഹിച്ച ശേഷം ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്ട് | റ്റി.എസ്. കനാൽ റോഡ് ഡ്രെയിൻ നിർമ്മാണം (288/24) |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് തുക |
| അടങ്കൽ തുക | രൂ.49,29,583/- |
| ചെലവ് തുക | രൂ.12,29,156/- |
| ബിൽ നമ്പർ | 107/19.08.23 – രൂ. 4,87,329/-<br>544/16.03.24 - രൂ. 7,41,827/- |

| | |
|---|---|
| കരാർ | 28/ME/LSGD/VKLA/2022-23, തീ. 09.02.23 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

റ്റി.എസ്. കനാൽ റോഡ് ഡ്രെയിൻ നിർമ്മാണം നടത്തി മഴവെള്ളം/മലിനജലം കൊണ്ടു പോകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. അതിനായി 550 മീറ്റർ നീളത്തിൽ രാമന്തളി - തൊട്ടിപ്പാലം റ്റി.എസ്. കനാൽ റോഡിൽ പഴയ തകർന്ന ഓട പുനർനിർമ്മിക്കുന്നതിനാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം കരാറുകാരന് ആകെ രൂ.12,29,156/- നൽകിയിട്ടുണ്ട്.

09.02.24ലെ മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(1) പ്രകാരം, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമന്റിൽ നിന്നും അസി. എക്സി. എഞ്ചിനിയറുടെ സ്ഥല പരിശോധനയിൽ തുരപ്പിൻ മുഖം മുതൽ വള്ളക്കടവിലേയ്ക്കുള്ള ഭാഗം കനാൽ ഡീപ്പനിംഗ് നടന്നു വരികയാണെന്നും ഈ സമയം കര ഇടിയാൻ സാദ്ധ്യത ഉള്ളതിനാൽ ബഡ്ജറ്റ് വർക്കിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയുടെ റോഡ് മെയിന്റനൻസ് പ്രവൃത്തിയും ഇതോടൊപ്പം ചെയ്തു വരുന്ന മേൽ പ്രവൃത്തിയും നിർത്തി വയ്ക്കാൻ ആവശ്യപ്പെടുകയുണ്ടായി എന്നും ടി കാര്യാലയത്തിൽ നിന്നും ലഭ്യമായിട്ടുള്ള കത്തിൽ ഈ പ്രദേശത്തുള്ള മണ്ണിന്റെ ഘടനയുടെ പ്രത്യേകത കാരണം ടി ഭാഗത്ത് മണ്ണിടിച്ചിൽ ഉണ്ടാകുമെന്നതിനാൽ ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സൈഡ് വാൾ ഇപ്പോൾ നടത്തുന്നത് ഉചിതമല്ല എന്ന് അറിയിച്ചിട്ടുണ്ട് എന്നും, കൂടാതെ 08.12.2023ന് ബഹു. എം.എൽ.എ അഡ്വ. വി. ജോയ് അവർകൾ സ്ഥല പരിശോധന നടത്തുകയും നിലവിൽ തുടർന്നു വരുന്ന പ്രവൃത്തികൾ മാത്രം പൂർത്തീകരിക്കുന്നതിനും ബാക്കി പ്രവൃത്തികൾ നിർത്തി വയ്ക്കുന്നതിന് അറിയിച്ചിട്ടുള്ളതുമാണ് എന്ന തീരുമാനം നഗരസഭാ കൗൺസിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. 02.07.2024ലെ 7(4) തീരുമാന പ്രകാരം പ്രസ്തുത പ്രോജക്റ്റ് അവസാനിപ്പിക്കുന്നതിന് കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 29/21.01.2025ന് ലഭ്യമാക്കിയ മറുപടിയിൽ 40 വർഷത്തിലധികം കാലപ്പഴക്കമുള്ളതും പൂർണ്ണമായും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായ ടി ഓട വർക്കല ടൗൺ മൈതാനം ഭാഗത്ത് നിന്നുള്ള മഴ വെള്ളം വാർന്നു പോകുന്നതിനുള്ള പ്രധാന ഓടയാണ് എന്നും നിലവിലെ മഴവെള്ളത്തിന്റെ ഒഴുക്കിനനുസരിച്ച് ശേഷിയില്ലാത്തതും കാലപ്പഴക്കത്താൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതുമായ ഓട പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമായതിനാലും ഓടയുടെ അഭാവത്തിൽ ജനങ്ങളുടെ സഞ്ചാര മാർഗ്ഗമായ റോഡ് തകർച്ചയുടെ വക്കിലാണെന്നും ബോദ്ധ്യപ്പെട്ടതിനാലും ടി പ്രവൃത്തി അടിയന്തിര പ്രാധാന്യത്തോടുകൂടി ഏറ്റെടുക്കാൻ തീരുമാനിക്കുകയും നിലവിൽ പൂർത്തീകരിച്ചിരിക്കുന്ന വീതിയും ആഴവും കൂടിയ ഓടയുടെ തുടർച്ചയായി ഈ ഓട പുനർനിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി സാങ്കേതിക അനുമതി തന്ന് നിർവ്വഹണം ഏറ്റെടുത്തിട്ടുള്ളതാണെന്നും നിർമ്മാണം പൂർത്തിയാവുന്നതോടുകൂടി ശക്തമായ കാലവർഷത്തിൽ പോലും റോഡിന് കേടുപാടുകൾ സംഭവിക്കാതെ മഴവെള്ളം സുഗമമായി കടലിൽ എത്തിച്ചേരുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്ന് എന്നും, ടി പ്രവൃത്തി നിർമ്മാണം നടന്നുവരവെ ടി.എസ്. കനാലിന്റെ ഡിപ്പനിംഗ് പ്രവൃത്തികൾ ആരംഭിക്കുകയും റോഡിനും കനാലിനും ഇടയിലുള്ള വീടുകൾ ഒഴിപ്പിച്ച് റോഡിന് സമീപം വരെ കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതായി ഇൻലാന്റ് നാവിഗേഷൻ അസി. എക്സി. എഞ്ചിനീയറിൽ നിന്നും രേഖാമൂലം അറിയാൻ കഴിഞ്ഞതിൻപ്രകാരം ടി വിഷയം തൊട്ടടുത്ത മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയെ അറിയിക്കുകയും നിലവിലത്തെ സാഹചര്യത്തിൽ ഓടയുടെ നിർമ്മാണം തുടരേണ്ടതില്ല എന്നും പ്രവൃത്തി പൂർത്തീകരിച്ചാൽ കനാലിന്റെ നവീകരണ പ്രവർത്തനം നടക്കുമ്പോൾ ടി ഓട കൂടി തകരാൻ സാദ്ധ്യതയുണ്ടെന്ന് മരാമത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിനാൽ പ്രവൃത്തി നിലവിലെ അവസ്ഥയിൽ ക്ലോസ് ചെയ്യുന്നതിന് ബഹു. മുനിസിപ്പൽ കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുകയും 02.04.2024ലെ കൗൺസിൽ വിഷയം ചർച്ച ചെയ്യുകയും 7(4)-ാം നമ്പർ തീരുമാനമായി പ്രോജക്റ്റ് നം. 288/24 ടി.എസ്. കനാൽ ഡ്രെയിൻ നിർമ്മാണം എന്ന പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും കരാറുകാരന്റെ എല്ലാ ബാധ്യതകളു ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ് എന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു.

എന്നാൽ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് മതിയായ സാധ്യത പഠനം നടത്തിയതായി കാണുന്നില്ല. ടി.എസ്. കനാലിന് സമീപമാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടതിനാൽ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിൽ

നിന്നുമുള്ള മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം അനുമതി ലഭ്യമാക്കാതെയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമന്റിൽ നിന്നുമുള്ള എതിർപ്പ് കാരണം പ്രവൃത്തി ഭാഗികമായി നിർവ്വഹണം നടത്തി, 12,29,156/- രൂപ ചെലവഴിച്ച ശേഷം പദ്ധതി ഉപേക്ഷിക്കാനിടയായി.

ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **1-57** നഗരസഭ ടൗൺ ഹാൾ നവീകരണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല



വർക്കല നഗരസഭാ ടൗൺ ഹാൾ

വർക്കല നഗരസഭാ ടൗൺ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് 2023-24ൽ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം ചുവടെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ചെലവ് തുക (രൂ.) |
|---|---|---|---|---|
| 1 | മുനിസിപ്പൽ എഞ്ചിനീയർ | നഗരസഭാ ടൗൺഹാൾ ഇലക്ട്രിക്കൽ ജോലികൾ | 224/24 | 12,29,812 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | നഗരസഭാ ടൗൺഹാൾ നവീകരണ പ്രവൃത്തികൾ | 287/24 | 27,96,249 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭാ ടൗൺഹാൾ പൂർത്തീകരണം | 166/24 | 3,95,255 |
| ആകെ തുക (2023-24) | | | | 44,21,316 |

നഗരസഭാ ടൗൺ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതിക്കായി വിവിധ നിർവ്വഹണോദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശം (2021-22 മുതൽ നാളിതുവരെ) ലഭ്യമാക്കുവാനും നഗരസഭാ ടൗൺ ഹാൾ നവീകരണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണവും ഓഡിറ്റിനെ അറിയിക്കാൻ മുനിസിപ്പൽ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 84/29.01.2025) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച നാളിതു വരെയുള്ള ചെലവ്

വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭ ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് എൻക്വയറിക്ക് മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം, വർഷങ്ങളുടെ പഴക്കം കൊണ്ടും കാലാകാലങ്ങളിൽ ചെയ്യേണ്ട മെയിന്റനൻസ് പ്രവത്തികൾ സമയബന്ധിതമായി നടത്താതതിനാലും നഗരസഭ ടൗൺ ഹാൾ കെട്ടിടം ഉപയോഗശൂന്യമായി അടച്ചിട്ടിരിക്കുന്ന അവസ്ഥയിലായിരുന്നുവെന്നും കടൽ തീരത്തോടടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ കെട്ടിടത്തിന്റെ തൂണുകൾ കോൺക്രീറ്റും കമ്പിയുമുൾപ്പെടെ തുരുമ്പെടുത്ത അവസ്ഥയിലായിരുന്നുവെന്നും നഗരസഭയിലെ മറ്റ് വികസന പ്രവർത്തനങ്ങളോടൊപ്പം ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ടൗൺ ഹാൾ നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി ഒന്നടങ്കം തീരുമാനമെടുത്തതിൻപ്രകാരം ഘട്ടം ഘട്ടമായി നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ടി വകയിരുത്തി ആദ്യ ഘട്ടത്തിൽ കെട്ടിടത്തിന്റെ സ്ട്രങ്ത്തനിംഗ് ഉൾപ്പെടെയുള്ള ബലപ്പെടുത്തൽ പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും, ആയതിൻപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതായും, തുടർന്ന് വന്ന പദ്ധതികളിൽ ടോയ്‌ലറ്റുകളുടെയും ഡൈനിംഗ് ഹാളിന് അധിക വിസ്തീർണ്ണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായും അവസാന ഘട്ടമായി 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെയിം ബോർഡ് ഉൾപ്പെടെയുള്ള പൂർത്തീകരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുകയും പ്രവൃത്തി അന്തിമ നിർവ്വഹണ ഘട്ടത്തിലാണെന്നും ഇതുകൂടി പൂർത്തീകരിച്ച് പൊതു ജനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും തുറന്നു കൊടുക്കാവുന്നതാണെന്നും അറിയിച്ചു. കൂടാതെ ഇതോടൊപ്പം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കി വരുന്ന ഇലക്ട്രിക്ക് പ്രവൃത്തിയും നിർവ്വഹണത്തിന്റെ അന്ത്യ ഘട്ടത്തിലാണ് എന്നും ഒരു പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ അടുത്ത പ്രവൃത്തി ആരംഭിക്കാൻ കഴിയൂ എന്ന വിധത്തിലും നഗരസഭയുടെ പരിമിതമായ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിഭാവനം ചെയ്യേണ്ടി വന്നതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും അറിയിച്ചു.

നഗരസഭാ ടൗൺ ഹാൾ നവീകരണ പ്രവൃത്തികൾ എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി 31.01.2022ൽ കരാറിലേർപ്പെട്ട് പ്രവൃത്തി ആകെ 75,97,779/- രൂപ ചെലവഴിച്ച് കരാറുകാരന് ഫൈനൽ ബിൽ മാറി നൽകിയിട്ടുണ്ട് (2023-24ൽ ചെലവ് രൂ.2796249/-).

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടൗൺ ഹാൾ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നഗരസഭാ ടൗൺ ഹാൾ ഇലക്ട്രിക്കൽ ജോലികൾ തൻ വർഷവും നടപ്പാക്കിയെങ്കിലും പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23ലെ റിപ്പോർട്ടിലും പ്രസ്തുത വിവരം റിപ്പോർട്ടു ചെയ്തിരുന്നെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. 2023-24ൽ 48,16,103/- രൂപ അടങ്കൽ തുകയായി വകയിരുത്തിയിരുന്നെങ്കിലും 12,29,812/- രൂപ മാത്രമാണ് ചെലവഴിക്കാനായത്.

ഇലക്ട്രിക്കൽ പ്രവൃത്തി ഇതുവരെയും പൂർത്തീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 71/28.01.2025) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ സിവിൽ പ്രവൃത്തികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചപ്പോൾ തന്നെ ഇലക്ട്രക്കൽ പ്രവൃത്തികൾക്കും കരാറിലേർപ്പെട്ട് 20.01.2022ൽ സൈറ്റ് കരാറുകാരന് കൈമാറി നൽകിയിരുന്നതായും സിവിൽ പ്രവൃത്തികൾ നടപ്പാക്കിയതിനോടൊപ്പം തന്നെ ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം ഇലക്ട്രിക്ക് പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിക്കുകയും സിവിൽ പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ച് നിർവ്വഹണം പൂർത്തിയാക്കിയ ഇലക്ട്രിക്ക് പ്രവൃത്തികൾക്ക് പാർട്ട് ബിൽ തയ്യാറാക്കി തുക അനുവദിക്കുകയും ചെയ്തതായും കെട്ടിടത്തിന്റെ ബലക്ഷയം വന്ന ഭാഗങ്ങളെല്ലാം ബലപ്പെടുത്തി കെട്ടിടം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇലക്ട്രിക് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയൂ എന്നതിനാലാണ് നിർവ്വഹണത്തിന് കാലതാമസമുണ്ടായത് എന്നും നിർവ്വഹണം അവസാന ഘട്ടത്തിലാണെന്നും KSEB-യിൽ നിന്നും കണക്ഷൻ ലഭിക്കേണ്ട പ്രവൃത്തി മാത്രമേ പൂർത്തിയാക്കേണ്ടതുള്ളുവെന്നും മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഫയൽ പരിശോധിച്ചതിൽ 20.01.2022ൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. 10.10.2024 വരെയും പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന് ഓർമ്മക്കുറിപ്പ് (5) നൽകിയതായി കാണുന്നു. ഇതിൽ നിന്നും പ്രവൃത്തി നിർവ്വഹണത്തിൽ കരാറുകാരന് വീഴ്ചയുള്ളതായി കാണുന്നു. നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

നഗരസഭ ടൗൺ ഹാൾ പൂർത്തീകരണം എന്ന പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24ൽ 27,00,000/- രൂപ വകയിരുത്തി നടപ്പിലാക്കിയെങ്കിലും 3,95,255/- രൂപയുടെ ചെലവ് മാത്രമാണുണ്ടായത്. പ്രസ്തുത പ്രവൃത്തി 2024-25 ലും തുടർന്നു വരുന്നു.

വിവിധ കാരണങ്ങളാൽ ടൗൺ ഹാൾ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാതെ ഇഴഞ്ഞ് നീങ്ങുന്നു. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ബൈലാ രൂപീകരിച്ച് പൊതു ജനങ്ങൾക്ക് പ്രയോജനപ്രദമാംവിധം തുറന്ന് കൊടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ വൈകുന്നതിൽ കരാറുകാരുടെ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ക്ഷമതയുള്ള ഉദ്യോഗസ്ഥരെ കൊണ്ട് പരിശോധിപ്പിച്ച് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. വർക്കല നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-58 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - പ്രോജക്ട് പ്രകാരം തനത് ഫണ്ട് വിനിയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് | (137/24) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്, ലേബർ ചാർജ് മെറ്റീരിയൽസ് വണ്ടി വാടക |
| അടങ്കൽ തുക | രൂ.11,00,000/- (രൂ.8,00,000/- ധന. കമ്മീഷൻ അവാർഡ് തുക രൂ.3,00,000/- തനത് ഫണ്ട്) |
| ചെലവു തുക | രൂ.9,06,988/- (ധന. കമ്മീഷൻ അവാർഡ് തുക) |
| ബിൽ നം. | 158/10.10.23 – രൂ.5,21,668/-<br>638/25.03.24 - രൂ.3,85,320/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ആവശ്യമായ സാധന സാമഗ്രികൾ അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും ധന. കമ്മീഷൻ ഗ്രാന്റ് തുകയായ 8,00,000/- രൂപയ്ക്ക് വാങ്ങുന്നതിനും, ലേബർ ചാർജ്, വണ്ടി വാടക എന്നിവയ്ക്കായി 3,00,000/- രൂപ തനത് ഫണ്ട് ഉപയോഗിക്കുന്നതിനും തുക വകയിരുത്തിയിരുന്നു. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തനത് ഫണ്ട് വിനിയോഗിച്ചിട്ടില്ല എന്ന് കണ്ടു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 38/24.01.2025 ) ലഭ്യമാക്കിയ മറുപടിൽ രണ്ട് ജീവനക്കാർക്കുള്ള വേതനം, വാഹന വാടക എന്നിവ തനത് ഫണ്ടിൽ നിന്നും എല്ലാ മാസവും അനുവദിച്ചിട്ടുണ്ടെന്നും പ്രോജക്ട് പ്രകാരം ബില്ലെടുക്കാതെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. എന്നാൽ പ്രോജക്ടിൽ തുക വകയിരുത്തിയ ശേഷം തനത് ഫണ്ട് വൗച്ചർ പ്രകാരം തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടാതെ തനത് ഫണ്ട് വൗച്ചർ പ്രകാരം തുക നൽകുമ്പോൾ പദ്ധതി അടങ്കൽ തുകയിൽനിന്നും വ്യതിചലിക്കാനും കാരണമായേക്കാം. ആയതിനാൽ അംഗീകരിച്ച പ്രോജക്ട് പ്രകാരം പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-59 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം, നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് നഗരസഭാ ചെയർമാന്റെ/മേയറുടെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

വർക്കല നഗരസഭയിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/17.01.2025) ലഭ്യമാക്കി

മറുപടിയിൽ വർക്കല നഗരസഭയിലെ കോവിഡ് വ്യാപനം തടയുന്നതിന്റെ സഹായധനമായി വിവിധ സംഘടനകൾ/വ്യക്തികൾ സംഭാവന ഇനത്തിൽ തന്ന തുകകൾ ഇന്ത്യൻ ബാങ്കിന്റെ വർക്കല ശാഖയിലെ അക്കൗണ്ട് (നം. 7020278654) തുറന്ന് അതിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് അറിയിച്ചു.

എന്നാൽ 2003ലെ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുകയോ ആയതു സംബന്ധിച്ച വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കുകയോ മിനിട്സ് ബുക്ക് പരിപാലിക്കുകയോ ചെയ്തിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസാഹയത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 5 പ്രകാരം നിധിയെ സംബന്ധിച്ച വരവ്-ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിച്ച് പോരേണ്ടതുമാണ്. എന്നാൽ ദുരിതാശ്വാസ നിധിയ്ക്കായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ, മിനിട്സ് ബുക്ക്, വരവ്-ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് ക്യാഷ് ബുക്ക് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും, കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും നഗരസഭയിൽ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കാവുന്നതുമാണ്. ദുരിതാശ്വാസ നിധിയ്ക്കായി സബ് കമ്മിറ്റി രൂപീകരിക്കേണ്ടതും മിനിട്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-60 അങ്കവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതമായ തുക പൂർണ്ണമായും ചിലവഴിച്ചില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ., തീയതി 19.04.2022 ഖ. 8.8.2 (1), (2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ്, ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 03-09-2010 തീയതിയിലെ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. വർക്കല നഗരസഭയുടെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണവും അവയുടെ ക്രമ നമ്പരും |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 19 എണ്ണം (ആകെ 41) |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 21 എണ്ണം<br>1 എണ്ണം (സ്കൂളിൽ പ്രവർത്തിക്കുന്നു) |

| | | |
|---|---|---|
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | സ്ഥിരകെട്ടിടങ്ങൾക്കെല്ലാം ഉണ്ട്, 2 എണ്ണം പണി നടക്കുന്നു |
| 4 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 17 (മൊത്തം 41) |

2023-24 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അവശേഷിക്കുന്ന കേന്ദ്രവിഹിതം ചിലവഴിച്ച് 3 അംഗനവാടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി വസ്തു വാങ്ങിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടില്ല. അങ്കണവാടികൾക്ക് സ്ഥിരം ഭൂമി വാങ്ങാൻ വർക്കല ഒരു ടൂറിസം മേഖല ആയതിനാൽ വസ്തു ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രോജക്റ്റിനും രൂപ കൽപ്പന ചെയ്യുതിരുന്നില്ല. വർക്കല നഗരസഭയിൽ 41 അങ്കണവാടികളിൽ 17 എണ്ണം പതിന്നാലാം പഞ്ചവത്സര പദ്ധതി പ്രകാരം വിഭാവന ചെയ്ത ബാലസൗഹൃദ അങ്കണവാടികൾ എന്ന ലക്ഷ്യം നാളിതുവരെ യാഥാർത്ഥമായില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്‌ലറ്റുകളും ബാലസൗഹൃദമല്ല. നഗരസഭാ പരിധിയിലെ അംഗനവാടികളുടെ അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ പര്യാപ്തമല്ലാത്തിനാൽ സർക്കാർ നിർദ്ദേശാനുസരണം അതത് വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് അംഗൻവാടിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് നഗരസഭ ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-61 സ്നേഹസ്പർശം സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ

| പ്രോജക്ട് നം. | SOO12/24 | SOO15/24 |
|---|---|---|
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് |
| അടങ്കൽ | രൂ.15,10,500/-<br>വികസനഫണ്ട് - ജനറൽ രൂ.15,10,500,/- | രൂ.1,50,000/-<br>വികസനഫണ്ട് - ജനറൽ രൂ.1,50,000/- |
| ചെലവ് | രൂ.14,86,500/- | രൂ.1,46,700/- |
| ബിൽ നമ്പർ | 1) 188/06.11.2023, രൂ.5,13,500/-<br>2) 215/14.11.2023, രൂ.4,38,000/-<br>3) 388/05.02.2024, രൂ.4,30,500/-<br>4) 495/05.03.2024, രൂ.1,04,500/- | 1) 113/23.08.2023, രൂ.45,500/-<br>2) 214/14.11.2023, രൂ.55,300/-<br>3) 387/05.02.2024, രൂ.35,100/-<br>4) 494/05.03.2024, രൂ.10,800/ |
| നിർവ്വഹണം | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | |

1) സ.ഉ(കൈ)നം.84/2022/തസ്വഭവ., തീയതി 19.04.2022 ഖ. 8.8.2 (1), (2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് യാത്രബത്ത ഇനത്തിൽ പ്രതിമാസം 2,000/- രൂപയും മറ്റ് പഠനാവശ്യങ്ങൾക്കായി വർഷത്തിൽ 4,500/- രൂപയും ഉൾപ്പെടെ ഒരു കുട്ടിയ്ക്ക് വർഷത്തിൽ 28,500/- രൂപ സ്കോളർഷിപ്പായി ലഭിക്കേണ്ടതാണ്. എന്നാൽ തൻവർഷം 91 പേരടങ്ങിയ ഗുണഭോക്ത പട്ടികയിൽ നിന്ന് ആകെ 54 പേർക്ക് മാത്രമാണ് സ്കോളർഷിപ്പ് തുക നൽകിയത്. ഇതിൽ നാല് പേർക്ക് മുഴുവൻ തുകയും നൽകിയതായി കണ്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | ബാങ്ക് അക്കൗണ്ട് നം. | നൽകേണ്ട തുക (രൂ.) | നൽകിയ തുക (രൂ.) | കുറവ് (രൂ.) |
|---|---|---|---|---|---|
| 1. | ശ്രീനി എസ്. മനോജ് | 67242408154 | 28,500 | 16,500 | 12,000 |
| 2. | സ്മിത എസ്. | 578602010008267 | 28,500 | 16,500 | 12,000 |

| | | | | | |
|---|---|---|---|---|---|
| 3. | കാളിദാസ് | 3835484571 | 28,500 | 16,500 | 12,000 |
| 4. | അഷ്കർ എച്ച്. | 859410110005783 | 28,500 | 12,000 | 16,500 |
| | | | | ആകെ കുറവ് | 52,500 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ക്രമ നം. (1) മുതൽ (3) വരെയുള്ളവർ സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരായതുകൊണ്ട് യാത്രബത്ത ഒഴിവാക്കിയെന്നും, ക്രമ നം. (4) സ്കൂളിൽ പഠിക്കുന്ന കുട്ടി അല്ലാത്തതിനാൽ, യാത്രാബത്ത, പഠനസഹായം എന്നിവ ഒഴിവാക്കി സ്കോളർഷിപ്പ് മാത്രം നൽകുകയാണുണ്ടായത് എന്നും മറുപടി നൽകിയിട്ടുണ്ട്.

2) ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് സ്കോളർഷിപ്പും ചലന വൈകല്യമുള്ളവർക്ക് യാത്രബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) നൽകാവുന്നതാണ്. വർക്കല നഗരസഭയിലെ 31 പേര് അടങ്ങുന്ന ശാരീരിക പ്രയാസങ്ങളുള്ളവരുടെ ഗുണഭോക്തൃ പട്ടികയിൽ നിന്നും 17 പേർക്ക് മാത്രമാണ് സ്കോളർഷിപ്പ് തുക നൽകിയത്. അതിൽ ചലന വൈകല്യമുള്ളവരായ 10 പേർക്ക് യാത്രബത്ത നൽകിയതായും കണ്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

*ശാരീരിക വെല്ലുവിളികൾ നേരിടുന്ന ചലന വൈകല്യമുള്ള വിദ്യാർത്ഥികൾ -*

| ക്രമ നം. | പേര് | അർഹതപ്പെട്ട തുക (രൂ.) (യാത്രബത്ത ഉൾപ്പടെ) | വിതരണം ചെയ്ത തുക (രൂ.) | കുറവ് (രൂ.) |
|---|---|---|---|---|
| 1. | അദിൽ നിസാർ | 12,000 | 8,000 | 4,000 |
| 2. | പ്രതീഷ് ആർ | 9,300 | 8,000 | 1,300 |
| 3. | ഫഹദ് | 9,300 | 5,300 | 4,000 |
| 4. | അനഘ എസ് കുമാർ | 17,250 | 13,000 | 4,250 |
| 5. | അകിയ ഷരീഫ് | 10,600 | 6,600 | 4,000 |
| 6. | നെഫല എൻ | 10,600 | 6,600 | 4,000 |
| 7. | മുഹമ്മദ് ഫയാസ് | 12,000 | 8,000 | 4,000 |
| 8. | ഖദീജ | 9,300 | 5,300 | 4,000 |
| 9. | അഫ്സൽ നാസർ | 9,300 | 8,000 | 1,300 |
| 10. | ദിൽജിത്ത് | 13,500 | 8,000 | 5,500 |
| | | | ആകെ കുറവ് | 36,350 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഖണ്ഡിക രണ്ടിലെ കുട്ടികൾക്ക് യാത്രബത്ത നൽകാത്തത് അറിവില്ലായ്മ കാരണമാണ്ണെന്നും വരും വർഷങ്ങളിൽ ഇവ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

3) ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വിദ്യാർത്ഥിക്ക് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പും നൽകിയതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ബാങ്ക് അക്കൗണ്ട് നം. | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിൽ നിന്നും നൽകിയ തുക (രൂ.) | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിൽ നിന്നും നൽകിയ തുക (രൂ.) |
|---|---|---|---|---|
| 1. | ഹാഫിയ.എ | 110134120857 | 28,500 | 3,600 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് കുട്ടിക്ക് ആദ്യം അപേക്ഷ പരിഗണിച്ച് ശാരീരിക വെല്ലുവിളി

നേരിടുന്ന കുട്ടിക്ക് നൽകുന്ന സ്കോളർഷിപ്പ് 9 മാസം നൽകിയെന്നും തുടർന്ന് കുട്ടിയുടെ അമ്മ സമർപ്പിച്ച സർട്ടഫിക്കറ്റുകളുടെ പരിശോധനയിലും ഭവന സന്ദർശനത്തിലും വർക്കല താലൂക്ക് ആശുപത്രി ഡോക്ടറുടെ അഭിപ്രായത്തിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ് നൽകുകയാണുണ്ടായതെന്നും അധികം വാങ്ങിയ തുക ആർ.ഒ.പി ഹെഡിൽ തിരിച്ചടച്ചതായും അറിയിച്ചു. തുടർ വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക പൂർണ്ണമായും ബജറ്റിന് മുന്നോടിയായി കണക്കാക്കി ആയത് വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ നിരക്കിൽ തുക വകയിരുത്തി പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-62 കൃഷി ഓഫീസർ നിർവ്വഹണ നടത്തിയ പദ്ധതിയിലെ അപാകം

2023-24 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)

| പദ്ധതിയുടെ പേരും നമ്പരും | **100/2024 -** ഹരിതം വർക്കല |
|---|---|
| അടങ്കൽ തുക | രൂ.14,21,250/- (വികസന ഫണ്ട്), |
| | രൂ.2,81,250/- ഗുണഭോക്തൃ വിഹിതം (നേരിട്ട് ചിലവഴിക്കുന്നത്) |
| | ആകെ 17,02,500/- |
| ചെലവ് തുക | 12,48,500 |
| ബിൽ/ ചെക്ക് നം, തീയതി | 457, 24.02.2024 – 3,79,000/-<br>476, 01.03.2024 – 2,84,250/-<br>518, 12.03.2024 – 3,79,000/- |

കെയ്കോ-യിൽ നിന്നും 550 യൂണിറ്റ് പച്ചക്കറിവിത്ത്, പച്ചക്കറി തൈ, വാഴക്കന്ന്, കിഴങ്ങ് കിറ്റ്, വേപ്പിൻപിണ്ണാക്ക്, കുറ്റി കുരുമുളക് ചെടി വാങ്ങി വിതരണം ചെയ്തു.

ബി)

| പദ്ധതിയുടെ പേരും നമ്പരും | **106/2024 -** ഞങ്ങളും കൃഷിയിലേക്ക് കൃഷി കൂട്ടങ്ങൾക്ക് മാതൃകാ കൃഷി തോട്ടം |
|---|---|
| അടങ്കൽ തുക | രൂ.1,15,000/- (വികസന ഫണ്ട്), |
| | രൂ.15,000/- ഗുണഭോക്തൃ വിഹിതം |
| | ആകെ രൂ.1,30,000/- |
| ചെലവ് തുക | രൂ.1,15,000 |
| ബിൽ/ ചെക്ക് നം, തീയതി | 347/19.01.2024 – രൂ.57,500/-<br>366/22.01.2024 – രൂ.57,500/-<br>476/01.03.2024 – രൂ.2,84,250/-<br>518/12.03.2024 – രൂ.3,79,000/- |

കെയ്കോ-യിൽ നിന്നും 20 യൂണിറ്റ് പച്ചക്കറിവിത്ത്, പച്ചക്കറി തൈ, വാഴക്കന്ന്, കിഴങ്ങ് കിറ്റ്, വേപ്പിൻപിണ്ണാക്ക്, വാങ്ങി വിതരണം ചെയ്തു.

സി)

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | **105/2024 -** പച്ചക്കറി കൃഷി ടെറസ്സിലും വീട്ടുമുറ്റത്തും |
| അടങ്കൽ തുക | രൂ.6,00,000/- (വികസന ഫണ്ട്), |
| | രൂ.2,00,000/- ഗുണഭോക്തൃ വിഹിതം (നേരിട്ട് ചിലവഴിക്കുന്നത്) |
| | ആകെ രൂ.8,00,000/- |
| ചെലവ് തുക | രൂ.8,00,000/- |
| ബിൽ/ ചെക്ക് നം, തീയതി | 316/317,02.01.2024 - രൂ.1,50,000/-<br>365/22.01.2024 – രൂ.1,50,000/-<br>487/04.03.2024 – രൂ.1,50,000/-<br>505/07.03.2024 - രൂ.75,000/-<br>520/12.03.2024 – രൂ.75,000/- |

കെയ്കോ-യിൽ നിന്നും 400 യൂണിറ്റ്, ഒരു യൂണിറ്റിന് 10 പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി, പച്ചക്കറി തൈ, വാങ്ങി വിതരണം ചെയ്തു.

ഡി)

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | **362/2024 -** വനിത കൂട്ടായ്മക്ക് കൃഷിക്ക് ആവശ്യമായ വിത്ത് പച്ചക്കറി തൈ നൽകൽ |
| അടങ്കൽ തുക | രൂ.14,21,250/- (വികസന ഫണ്ട്), |
| | രൂ.3,11,250/- ഗുണഭോക്തൃ വിഹിതം (നേരിട്ട് ചിലവഴിക്കുന്നത്) |
| | ആകെ രൂ.17,32,500/- |
| ചെലവ് തുക | രൂ.13,86,000 |
| ബിൽ/ ചെക്ക് നം, തീയതി | 519/12.03.2024 – രൂ.4,83,225/-<br>546/15.03.2024 - രൂ.4,83,225/-<br>616/24.03.2024 - രൂ.1,70,550/- |

കെയ്കോ-യിൽ നിന്നും 200 യൂണിറ്റ് പച്ചക്കറി വിത്ത് പായ്ക്കറ്റ്, പച്ചക്കറി തൈ, നിമ്പിടിൻ 100 മി. സമ്പുഷ്ടീകരിച്ച ചാണകം, വാങ്ങി വിതരണം ചെയ്തു.

1) മേൽ പദ്ധതികളിലൊന്നും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2) പ്രസ്തുത പദ്ധതികളിലൊന്നും പദ്ധതി പൂർത്തീകരണ പത്രം ഫയലിൽ ലഭ്യമല്ല.

3) പച്ചക്കറികൃഷി, വാഴകൃഷി, കുരുമുളക് കൃഷി എന്നിവയിൽ ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ടായെന്നും പരിശോധിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 79/29.01.2025 മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ പദ്ധതിയുടെ നിർവ്വഹണം മേൽ അപാകം പരിഹരിച്ച് ലക്ഷ്യം കൈവരിക്കാൻ വേണ്ടി മാർഗ്ഗനിർദ്ദേശം അനുസരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-63 ഹരിത ഭവനം പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകങ്ങൾ

2023-24 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതഭവനം

പദ്ധതിയുടെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | **108/2024,** ഹരിത ഭവനം |
| അടങ്കൽ തുക | രൂ.1,39,990/- (വികസന ഫണ്ട്) |
| | രൂ.89,410/- ഗുണഭോക്തൃ വിഹിതം (നേരിട്ട് ചിലവഴിക്കുന്നത്) |
| | ആകെ രൂ.2,29,400/- |
| ചെലവ് തുക | രൂ.26,720/- |
| ബിൽ/ചെക്ക് നം, തീയതി | 660/25.03.2024 - രൂ.24,788/- |

1) പതിനാലാം പഞ്ചവത്സര പദ്ധതി സബിസിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/തസ്വഭവ., തീയതി 28/05/2022 അനുബന്ധം 2 പ്രകാരമുള്ള ഹരിത ഭവനം എൻറോൾമെന്റ് ഫോറം ഗുണഭോക്താക്കൾ നൽകിയിട്ടില്ല.

2) 2023-24ലെ ഡി. പി. സി. തീരുമാന പ്രകാരം ഒരു ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ 10 എണ്ണം ഹരിത ഭവനം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. എന്നാൽ ഈ സാമ്പത്തിക വർഷം ആകെ 2 എണ്ണം മാത്രമാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്

3) നടപ്പിലാക്കിയ 2 എണ്ണത്തിൽ ഒരെണ്ണത്തിൽ വസ്തുവിന്റെ രേഖകളും വിവരവും ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പ് നം. 80/29.01.2025 മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ പദ്ധതിയുടെ നിർവ്വഹണം മേൽ അപാകം പരിഹരിച്ച് ലക്ഷ്യം കൈവരിക്കാൻ വേണ്ടി മാർഗ്ഗ നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-64 വീട് വാസയോഗ്യമാക്കൽ പദ്ധതി അപാകം സംബന്ധിച്ച് -

| | |
|---|---|
| പ്രോജക്ട് | (118/24) – വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് തുക (രൂ.36,12,644/-)<br><br>വികസന പൊതുവിഭാഗം (രൂ.9,87,356/-) |
| അടങ്കൽ തുക | രൂ.46,00,000/- |
| ചെലവു തുക | രൂ.29,22,234/- |

വീട് വാസയോഗ്യമാക്കൽ പദ്ധതി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്ക്തികൾ ആദ്യ ഗഡുവായ 50,000/- രൂപ കൈപ്പറ്റിയതിന് ശേഷം നാളിതുവരെ പണി ആരംഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര്/ വാർഡ് നം. | ബാങ്ക് അക്കൗണ്ട് | ആദ്യ ഗഡു നൽകിയ തീയതി/ബിൽ നം. തുക (രൂ.) |
|---|---|---|---|
| 1 | അംബിക<br>പ്ലാവിള വീട് മുണ്ടയിൽ<br>വാർഡ് 26 | 1988108012785 | 251/1.12.2023,<br>50,000/- |
| 2 | ചെല്ലമ്മ അമ്മ<br>തുണ്ടുവിളാകത്ത് വീട്<br>വാർഡ് 27 | 18020110083079 | 304/23.12.2023<br>50,000/- |
| 3 | ഫറൂഖ്<br>സുൽത്താന മൻസിൽ | 5456361676 | 304/23.12.2023<br>14,356/- |

| | | | |
|---|---|---|---|
| | വാർഡ് 7 | | |
| 4 | ഗോപിനാഥൻ ജി<br>തിരുവാതിര തെക്കേവിള<br>വാർഡ് 18 | 07001000014032 | 497/07.01.2024<br>50,000/- |
| 5 | കന്നിയമ്മ എസ്.<br>ചാത്താമ്പാറ വീട് ചിലക്കൂര്<br>വാർഡ് 23 | 18020110049709 | 219/15.11.2023<br>50,000/- |
| 6 | മണിലാൽ വി<br>തകിടി വിള വീട് ചെറുകുന്നം<br>വാർഡ് 13 | 11290100198419 | 219/15.11.2023<br>50,000/- |
| 7 | നജ്മ<br>നജ്മനിവാസ് ചിലക്കൂർ<br>വാർഡ് 21 | 18020110002759 | 219/15.11.2023<br>50,000/- |
| 8 | നിഷ<br>ഐക്കര ചിലക്കൂർ<br>വാർഡ് 20 | 032101000026532 | 251/01.12.2023<br>35,000/- |
| 9 | ഓമന പി.<br>പൊന്നമവിലാസം<br>വാർഡ് 28 | 42125136165 | 304/23.12.2023<br>50,000/- |
| 103. | പ്രേംകുമാർ എസ്.<br>പടിഞ്ഞാറ്റതിൽ വീട്<br>വാർഡ് 2 | 67801907953 | 219/15.11.2023<br>50,000/- |
| 11 | പ്രിയ പി വി<br>രേവതി കുറ്റവിള<br>വാർഡ് 3 | 578602010007088 | 304/23.12.2023<br>50,000/- |
| 12 | റസിയ ബീവി<br>എ ആർ മൻസിൽ<br>വാർഡ് 2 | 032101000026903 | 304/23.12.2023<br>50,000/- |
| 13 | ശോഭ ബി<br>പി എസ് നിവാസ്<br>വാർഡ് 15 | 7500001700009797 | 497/07.01.2024<br>50,000/- |
| 14 | ശോഭ ആർ<br>കുഴിവിള വീട് മൈതാനം<br>വാർഡ് 25 | 08500100010133 | 258/04.12.2023<br>43,000/- |
| 15 | വസന്തകുമാരി ആർ<br>പുതുവൽവീട് പുന്നമൂട് | 3403717779 | 230/22.11.2023<br>50,000/- |

| | | | |
|---|---|---|---|
| | വാർഡ് 32 | | |
| 16 | വിനോദ് എം. എസ്<br>കോട്ടവിള വീട്<br>വാർഡ് 27 | 859410110006076 | 251/01.12.2023<br>50,000/- |
| 17 | അരുൾകുമാർ<br>തകിടി വിള വീട് ചെറുകുന്നം<br>വാർഡ് 13 | 7500001700026367 | 293/18.12.2023,<br>50,000/- |

ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് നം. 61/27.01.2025ന് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്റ്റ് ഓഫീസർ മറുപടി നൽകിയില്ല. ആയതിനാൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയ്ക്ക് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടോ എന്നുള്ള വിവരവും, ആയതിന്റെ തൽസ്ഥിതിയും, പ്രവൃത്തി ചെയ്തിട്ടില്ലെങ്കിൽ അനുവദിച്ച തുക കരാർ പ്രകാരം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതമായി സ്വീകരിക്കേണ്ടതാണ്.

## 1-65 മുനിസിപ്പൽ പെൻഷൻ ഫണ്ട് - വിവിധ അപാകങ്ങൾ

